

# യേശുക്രിസ്തു മോസ്കോവിലോ?

## (ഒരു ചരിത്രപഠനം)

ജോൺ കച്ചിറമറ്റം

www.malankaralibrary.com

# യേശുക്രിസ്തു മോസ്കോവിലോ?

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

MALAYALAM

**YESUCHRISTHU MOSKOVILO**

**By JOHN KACHIRAMATTAM**

| | | |
|---|---|---|
| FIRST PUBLISHED | : | 31-07-2008 |
| PUBLISHED BY | : | DR. KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR. KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD GRAPHICS, ERATTUPETTA Ph: 272852 |
| COVER DESIGN | : | JOSEPH FRANCIES PALA Ph:9447137342 |
| PRINTED AT | : | PENTA OFFSET, KOTTAYAM |
| PRICE | : | Rs. 50 /- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. യേശുക്രിസ്തു മോസ്കോവിലോ? - ജോൺ കച്ചിറമറ്റം
2. വിമോചനസമരം ഒരു ആമുഖം - ജോൺ കച്ചിറമറ്റം
3. വലിയകപ്പിത്താനും ദേവസഹായംപിള്ളയും - ജോൺ കച്ചിറമറ്റം
4. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺ കച്ചിറമറ്റം
5. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും - ജോൺ കച്ചിറമറ്റം
6. കാത്തലിക് ഗ്രീവൻസസ് - ജോൺ കച്ചിറമറ്റം
7. കേരള സഭാപ്രതിഭകൾ - ജോൺ കച്ചിറമറ്റം
8. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
9. തിരഞ്ഞെടുക്കപ്പെട്ട മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
10. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺ കച്ചിറമറ്റം
11. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺ കച്ചിറമറ്റം
12. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
13. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
14. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
15. ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺ കച്ചിറമറ്റം
16. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺ കച്ചിറമറ്റം
17. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
18. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
19. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
20. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
21. Why American youth Turn to Budha "
22. Evolution in the human concept of God "
23. Re-discovery of India "
24. Catholic Eastern Churches "
25. Prepare the way of the Lord "
26. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

www.malankaralibrary.com

# യേശുക്രിസ്തു മോസ്കോവിലോ?

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമറ്റം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേള നങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.*

*1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ൽ വീണ്ടും അമേരിക്കൻ ഐക്യനാടു കളിലും പര്യടനം നടത്തി.*


*1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർ ഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർ ഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങ നാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാ രവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാ രവും കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി*

*നാലുദശാബ്ദക്കാലമായി എ.കെ.സി.സി. യുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചിറമറ്റം ഇപ്പോൾ കേരളാ കാത്തലിക് ഫെഡറേഷൻ പ്രസി ഡണ്ടു കൂടിയാണ്. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.*

*തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.*

www.malankaralibrary.com

# സമർപ്പണം



തിരുവല്ലാ രൂപതയുടെ
അഡ്മിനിസ്റ്റേറ്ററായിരുന്ന
എന്റെ പ്രിയ പിതൃസഹോദരൻ
വെരി. റവ. മോൺ. ജോൺ കച്ചിറമറ്റം
ദിവംഗതനായിട്ട്
2008 നവംബർ 5 ന്
50 വർഷം പൂർത്തിയാവുകയാണ്.
ആ മഹച്ചരമത്തിന്റെ
അർദ്ധശതവാർഷിക സ്മരണയ്ക്കായി
ഈ ഗ്രന്ഥം
സമർപ്പിച്ചുകൊള്ളുന്നു.


www.malankaralibrary.com

# ഉള്ളടക്കം

| | | പുറം |
|---|---|---|
| | ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ | 7 |
| | ആമുഖം | 9 |
| 1. | ഫാ. വടക്കൻ ഒരു ഇതിഹാസ പുരുഷൻ | 11 |
| 2. | യേശുക്രിസ്തു മോസ്കോവിലോ? | 16 |
| 3. | വടക്കനച്ചന്റെ നുണകൾ | 44 |
| 4. | ചൈനീസ് സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ | 48 |
| 5. | ഉപസംഹാരം | 60 |

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ. എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ്

www.malankaralibrary.com

ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം ഇരുപത്തിഅഞ്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. “യേശുക്രിസ്തു മോസ്കോവിലോ?” എന്ന ഈ ഗ്രന്ഥം ഇരുപത്തിആറാമത്തെ പുസ്തകമാണ്.

www.malankaralibrary.com

# ആമുഖം

പ്രമുഖ കമ്മ്യൂണിസ്റ്റ് താത്വികനും സാഹിത്യകാരനുമായ സ. കെ. ദാമോദരൻ യേശുക്രിസ്തു മോസ്കോവിൽ എന്നൊരു ഗ്രന്ഥം രചിച്ചു. റഷ്യയ്ക്കും സ്റ്റാലിനുമെതിരെ ബ്രദർ വടക്കൻ നടത്തിയ പ്രസംഗങ്ങളേയും ലേഖനങ്ങളേയും നേരിടാനാണ് ആ പുസ്തകം രചിച്ചത്. അധികം താമസിയാതെ ബ്രദർ വടക്കൻ ഒരു മറുപടി എഴുതി. ആ ചെറുഗ്രന്ഥത്തിന്റെ പേര് 'യേശുക്രിസ്തു മോസ്കോവിലോ?' എന്നായിരുന്നു. കെ. ദാമോദരൻ ഉടൻ മറ്റൊരു ലഘുലേഖ പ്രസിദ്ധീകരിച്ചു, 'യേശുക്രിസ്തു മോസ്കോയിൽത്തന്നെ.'

യേശുക്രിസ്തു മോസ്കോവിലോ എന്ന ഗ്രന്ഥത്തിന് മൂന്ന് പതിപ്പുകൾ ഇറങ്ങി. ആദ്യപതിപ്പ് 1952 ആഗസ്റ്റ് 8-ാം തീയതിയും രണ്ടാം പതിപ്പ് 1952 സെപ്റ്റംബർ 8-ാം തീയതിയും മൂന്നാം പതിപ്പ് 1953 ഫെബ്രുവരി 2-ാം തീയതിയും. മൂന്നു പതിപ്പുകളിലുമായി 28000 കോപ്പികൾ വിറ്റഴിഞ്ഞു. മൂന്നാംപതിപ്പിൽ യേശുക്രിസ്തു മോസ്കോവിൽത്തന്നെ എന്ന ലഘുലേഖയ്ക്കുള്ള മറുപടിയും ചേർത്തിട്ടുണ്ട്. ബ്രദർ വടക്കന്റെ ഈ ഗ്രന്ഥത്തിന്റെ പ്രസാധകർ ആലുവാ സെമിനാരിയിലെ എസ്.എച്ച്. ലീഗ് ആയിരുന്നു. ഈ പുസ്തകത്തിന്റെ വില മൂന്ന് അണ. മൂന്നണയുടെ മൂല്യം എന്തെന്ന് ഇന്നത്തെ തലമുറയ്ക്ക് നിശ്ചയമുണ്ടാവില്ല. മൂന്നണ എന്നത് പതിനെട്ട് നയാപ്പൈസയാണ്. അന്ന് പതിനെട്ട് നയാപ്പൈസയ്ക്ക് നാടൻ രീതിയിൽ പറഞ്ഞാൽ 6 പരിപ്പുവട കിട്ടുമായിരുന്നു. ഇന്ന് 6 പരിപ്പുവടയ്ക്ക് ($6 \times 3.5$) ഇരുപത്തിയൊന്ന് രൂപാ വിലയാകും. ചുരുക്കത്തിൽ അന്നത്തെ മൂന്നണയ്ക്ക് ഇന്നത്തെ 21 രൂപാ വിലവരും. എന്നിട്ടും 28000 കോപ്പികൾ വിറ്റഴിഞ്ഞു എന്നു പറയുമ്പോൾ ആ പുസ്തകത്തെ ജനങ്ങൾ എത്ര താല്പര്യത്തോടെയാണ് സ്വീകരിച്ചതെന്ന് വ്യക്തമാകും.

പിൽക്കാലത്ത് ബ്രദർ വടക്കൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ശരിയായിരുന്നുവെന്ന് കെ. ദാമോദരൻ പ്രസ്താവിച്ചു. പരിധിവിട്ട് വസ്തുതകൾ മനസ്സിലാക്കാതെ അദ്ദേഹം റഷ്യയേയും സ്റ്റാലിനേയും പുകഴ്ത്തിയതിൽ പരസ്യമായി ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകൾ വടക്കന്റെ ലേഖനങ്ങളിൽ അസംതൃപ്തരായിരുന്നു. വസ്തുതകളെ വസ്തുതകൾക്കൊണ്ട് നേരിടുവാനല്ല, ബല

www.malankaralibrary.com

പ്രയോഗംകൊണ്ട് നേരിടുവാനാണ് ശ്രമിച്ചത്. അന്നും ഇന്നും ഭീഷണിയും അക്രമവുമാണല്ലോ കമ്മ്യൂണിസ്റ്റുകളുടെ കൈമുതൽ. വിദ്യാർത്ഥി കോർണറിൽ പ്രസംഗിച്ച വടക്കനെ കല്ലെറിഞ്ഞ് തല പൊട്ടിച്ചത് കമ്മ്യൂണിസ്റ്റുകളുടെ തനിനിറം വ്യക്തമാക്കുന്നതായിരുന്നു.

"ചൈനീസ് സംഭവവികാസങ്ങൾ എന്തുകൊണ്ട്" എന്നൊരു ലേഖനം കലാകൗമുദിയിൽ 1989 സെപ്റ്റംബർ 10-ന് മുൻമുഖ്യമന്ത്രി ശ്രീ. അച്ച്യുതമേനോൻ പിന്നീട് എഴുതുകയുണ്ടായി. റഷ്യയിലും ചൈനയിലും നടന്ന കമ്മ്യൂണിസ്റ്റ് ഭരണം ഇരുമ്പുമറയ്ക്കുള്ളിൽനിന്ന് ഉള്ളതായിരുന്നുവെന്നും അവിടുത്തെ യഥാർത്ഥ സ്ഥിതിഗതികൾ നാം അറിഞ്ഞിരുന്നില്ലെന്നും അച്യുതമേനോൻ ആ ലേഖനത്തിൽ തുറന്നുപറഞ്ഞിട്ടുണ്ട്. സോവിയറ്റ് യൂണിയനെപ്പറ്റി ഒരുപാട് നുണകളാണ് നമ്മെ പറഞ്ഞു പഠിപ്പിച്ചിരുന്നതെന്നും അദ്ദേഹം സമ്മതിച്ചു.

വടക്കനച്ചന്റെ നുണകൾ എന്ന് നാം വിശ്വസിച്ചിരുന്നതെല്ലാം നുണകളല്ലാ സത്യങ്ങളാണെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ശ്രീധരൻ ഒരു ലേഖനവും എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതെല്ലാംകൂട്ടി വായിക്കുമ്പോൾ വടക്കനച്ചന്റെ വിജ്ഞാനവും ഗവേഷണപാടവവും എത്ര വലുതാണെന്ന് നമുക്ക് ഊഹിക്കുവാൻ സാധിക്കും.

വടക്കനച്ചന്റെ യേശുക്രിസ്തു മോസ്കോവിൽ എന്ന ഗ്രന്ഥത്തെപ്പറ്റി ഇന്നത്തെ കാലഘട്ടത്തിൽ ഒരു പഠനം നടത്തണമെന്ന ഉൾപ്രേരണയുടെ ഫലമാണ് ഈ ഗ്രന്ഥം. ചൈനയ്ക്കുവേണ്ടി ഇന്ത്യയുടെ ആണവകരാറിനെ അട്ടിമറിക്കാൻ ശ്രമിച്ച ഇവിടുത്തെ വലത്-ഇടത് കമ്മ്യൂണിസ്റ്റുകൾ ഫാ. വടക്കന്റെയും, മുൻമുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റുകാരനുമായിരുന്ന സി. അച്യുതമേനോന്റെയും, പി. ശ്രീധരന്റെയും വാക്കുകൾ ശ്രദ്ധയോടെ വായിക്കണം. റഷ്യ ലോകത്തിലെ സ്വർഗ്ഗമാണെന്ന് നമ്മെ തെറ്റിദ്ധരിപ്പിച്ചു. ചൈനയിലെ ഭരണസംവിധാനത്തെയും അന്ധമായി നാം പുകഴ്ത്തുന്നു. അവരുടെ പുനർചിന്തനത്തിനുവേണ്ടിയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

ഈ ഗ്രന്ഥരചനയ്ക്കുവേണ്ട പ്രോത്സാഹനം നൽകിയ മഹാകവി പ്രൊഫ. മാത്യു ഉലകംതറ, ചരിത്രകാരനായ എ.ജെ. ബെൻസ് ആളൂക്കാരൻ എന്നിവരോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

**ജോൺ കച്ചിറമറ്റം**

പിഴക് - രാമപുരം
01-09-2008

www.malankaralibrary.com

# 1

# ഫാ. വടക്കൻ ഒരു ഇതിഹാസപുരുഷൻ

കടുത്ത സാമ്പത്തികതകർച്ചയുടെ ഒരു കാലഘട്ടത്തിൽ ഒരു കുടുംബത്തിന്റെ ഉത്തരവാദിത്വം മുഴുവൻ ഏറ്റെടുത്ത്, അശ്രാന്തപരിശ്രമം കൊണ്ട് വളർന്നുവന്ന ജോസഫ് വടക്കൻ, പട്ടിണിയും പരിവട്ടവുമായി നാട്ടുകാർ വലഞ്ഞപ്പോൾ സാമൂഹ്യരംഗത്തിറങ്ങി പ്രവർത്തിച്ച് നാടിനേയും നാട്ടാരേയും രക്ഷിച്ച ജോസഫ് വടക്കൻ,

തൊഴിലാളി സമരങ്ങൾക്കു നേതൃത്വം നൽകി മുതലാളിത്തത്തിന്റെ ദുഷിച്ചുനാറിയ നിയമങ്ങൾ തച്ചുടച്ച് തൊഴിലാളികളുടെ അവകാശങ്ങൾ പിടിച്ചുപറ്റുന്നതിനുവേണ്ടി യത്നിച്ച പാവങ്ങളുടെ പടത്തലവനായ ജോസഫ് വടക്കൻ,

രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുത്ത് ഇടതുപക്ഷ ചിന്താഗതിക്കാരായ നേതാക്കളുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി, സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനായി പ്രവർത്തിച്ച ജോസഫ് വടക്കൻ,

ആരുമാരുമറിയാതെ ആത്മീയസംതൃപ്തിക്കുവേണ്ടി വൈദികമേലദ്ധ്യക്ഷന്റെ അനുമതിയോടുകൂടി വൈദീകപരിശീലനത്തിനായി സെമിനാരിയുടെ പടിവാതിൽ ചവുട്ടിക്കയറിയ ജോസഫ് വടക്കൻ,

കേരളത്തിൽ വർദ്ധിച്ചുവരുന്ന കമ്മ്യൂണിസ്റ്റ് സ്വാധീനത്തെ കുറയ്ക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി എന്ന സാമൂഹ്യസംഘടന കെട്ടിപ്പടുത്ത് ഒരു കൊടുങ്കാറ്റുപോലെ കേരളത്തിലങ്ങോളമിങ്ങോളം ഓടിനടന്ന് വിജയശ്രീലാളിതനായ ബ്രദർ വടക്കൻ,

ഇരുപത്തിയെട്ട് മാസക്കാലം കേരളത്തിൽ നടന്ന കമ്മ്യൂണിസ്റ്റ് ദുർഭരണത്തിനെതിരായി നടന്ന മഹത്തായ വിമോചനസമരത്തിന്റെ സൂത്രധാരകനായ ഫാ. വടക്കൻ,

കഠാരമുനകളുടെയും കുറുവടികളുടെയും മദ്ധ്യേകൂടി ജീവനെ തൃണവൽഗണിച്ചുകൊണ്ട് ജനാധിപത്യ സംരക്ഷണത്തിനായി രണഭൂമിയിലിറങ്ങി പട വെട്ടിയ ഫാ. വടക്കൻ,

www.malankaralibrary.com

പണച്ചാക്കുകളുടെയും വനരാജാക്കന്മാരുടെയും കൊള്ളലാഭം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മലയോരങ്ങളിൽനിന്ന് ആയിരക്കണക്കിന് കൃഷിക്കാരെ കോൺഗ്രസ് സർക്കാർ കുടിയിറക്കിയപ്പോൾ അതിനെതിരായി ഗർജ്ജിച്ച ഫാ. വടക്കൻ,

ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയെ പൂവിട്ട് പൂജിക്കുന്ന കോൺഗ്രസ് സർക്കാരിന്റെ ജന്മിത്വത്തെ താലോലിക്കുന്ന മേൽച്ചാർത്തു സമ്പ്രദായത്തിനെതിരെ ബഹുജനരോഷം കത്തിജ്വലിപ്പിച്ച ഫാ. വടക്കൻ,

മഹാത്മജിയുടെ ദണ്ഡിയാത്രയെ അനുസ്മരിപ്പിക്കുമാറ് കർഷകലക്ഷങ്ങളുടെ അവകാശസംരക്ഷണത്തിനായി പ്രസിദ്ധമായ കൊട്ടിയൂർ ജാഥ സംഘടിപ്പിച്ച ഫാ. വടക്കൻ,

അസംഘടിതരായ കർഷകലക്ഷങ്ങളെ സംഘടിപ്പിച്ച് അവരുടെ അവശതകൾ പരിഹരിക്കുന്നതിനായി കക്ഷിരഹിത പ്രസ്ഥാനമായ മലനാട് കർഷകയൂണിയനും രാഷ്ട്രീയ പാർട്ടിയായ കർഷകതൊഴിലാളി പാർട്ടിയും രൂപീകരിച്ച ഫാ. വടക്കൻ,

സാമൂഹ്യപ്രശ്നങ്ങളെപ്പറ്റി വിദേശരാജ്യങ്ങളിൽപ്പോയി ഉന്നത പരിശീലനം നേടിയ ഫാ. വടക്കൻ,

സ്ഥാപിതതാല്പര്യക്കാരുടെയും അവസരവാദികളുടെയും പ്രമാണി രാഷ്ട്രീയക്കാരുടെയും മതമേധാവികളുടെ മേലുള്ള സമ്മർദ്ദഫലമായി സംഘടനാസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും നിഷേധിച്ച് ഒരു ഇടവകപള്ളി വികാരിയായി പ്രവർത്തിച്ച ഫാ. വടക്കൻ,

ഉന്നതസ്ഥാനങ്ങൾ ഒന്നും ആഗ്രഹിക്കാതെ, അർപ്പണമനോഭാവത്തോടെ ഇടവക വികാരിത്വം സ്വീകരിക്കുകയും ഇടവകവികാരിയുടെ സ്ഥാനം പവിത്രമാണെന്നും ഒരു വൈദികന് ദൈവജനത്തിന്റെ ഇടയിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ വലുതാണെന്നും സ്വന്തം പ്രവർത്തനത്തിലൂടെ കാട്ടിക്കൊടുത്ത ധീരനായ ഫാ. വടക്കൻ,

ഗവൺമെന്റ് ഏർപ്പെടുത്തിയ നിയമങ്ങൾ നടപ്പിലാക്കാതെയിരുന്നപ്പോൾ മിച്ചഭൂമി സമരം നയിച്ച്, മിച്ചഭൂമി പിടിച്ചെടുത്ത് പാവങ്ങൾക്ക് വിതരണം ചെയ്യുവാൻ ധീരതയോടെ ഇറങ്ങിത്തിരിച്ച് കാരാഗൃഹവാസം അനുഷ്ഠിച്ച ഫാ. വടക്കൻ,

മദ്യത്തിനും വർഗ്ഗീയതയ്ക്കുമെതിരെ സന്ധിയില്ലാസമരം നയിച്ചുകൊണ്ട് കേരളത്തിലുടനീളം ബൈബിൾജാഥ നയിച്ച് അനേകരെ ആകർഷിച്ച ഫാ. വടക്കൻ,

കുടിയിറക്കുകൾക്കെതിരെയും കാർഷികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി, ഗാന്ധിയൻ രീതിയിൽ സത്യാഗ്രഹം നടത്തിയ

www.malankaralibrary.com

വിപ്ലവകാരിയായ ഫാ. വടക്കൻ, എന്നെന്നും ഒരു വിവാദപുരുഷനായിരുന്നു. ആ വിവാദപുരുഷനായ ഫാ. വടക്കനെപ്പറ്റി ജനയുഗം വാരികയിൽ പവനൻ ഇപ്രകാരം എഴുതിയിരിക്കുന്നു, "ഞാൻ എന്റെ ആടുകളെയും അവ എന്നെയും അറിയുന്നു. എന്റെ ആടുകൾക്കുവേണ്ടി ഞാൻ ജീവാർപ്പണം ചെയ്യുന്നു. ഈ തൊഴുത്തിൽപ്പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു (യോഹ. X 14-16) ക്രിസ്തുതന്നെ പറഞ്ഞിരിക്കുന്ന വാക്കുകളാണിവയെന്ന് വിശ്വസിക്കുന്നു. ഈ വാചകങ്ങൾ ക്രിസ്തുവിനുമാത്രമല്ല എല്ലാ ക്രൈസ്തവപുരോഹിതന്മാർക്കും ബാധകമാകുന്നു. ക്രൈസ്തവപുരോഹിതന്മാർക്കു മാത്രമല്ല ജനങ്ങളുടെ നേതൃസ്ഥാനത്തിരിക്കുന്നവർക്കെല്ലാം ബാധകമാക്കാവുന്നതാകുന്നു. പക്ഷെ ക്രൈസ്തവപുരോഹിതന്മാരിൽ എത്രപേർ ഇതോർത്ത് പെരുമാറുന്നുണ്ട്. യഥാർത്ഥത്തിലുള്ള ആട്ടിടയന്മാർ കുറഞ്ഞുവരികയും തരംകിട്ടുമ്പോഴെല്ലാം ആടുകളുടെ പാൽ കവർന്നുകുടിക്കുകയും ചെയ്യുന്ന പുരോഹിതവേഷധാരികൾ വർദ്ധിക്കുകയും ചെയ്തിട്ടുള്ള ഇക്കാലത്ത് മുൻചൊന്ന ക്രിസ്തുവചനം ആവർത്തിച്ചുറപ്പിക്കുകയും ശരിയായി വ്യാഖ്യാനിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുവാൻ കഴിവും കരുത്തുമുള്ള ചില ക്രൈസ്തവപുരോഹിതന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. അക്കൂട്ടരിൽ ഒരാളാണ് ഫാ. ജോസഫ് വടക്കൻ."

സോഷ്യലിസ്റ്റായി, കമ്മ്യൂണിസ്റ്റ് അനുഭാവിയായി, കമ്മ്യൂണിസ്റ്റ് വിരുദ്ധനായി, കമ്മ്യൂണിസ്റ്റ് സഹയാത്രികനായി (?) മാറിയ ഫാ. വടക്കൻ തൃശ്ശൂർ ജില്ലയിലെ തൊയ്ക്കാവിലാണ് ജനിച്ചത്. 1919 ഒക്ടോബർ 1-ന്. പത്രവില്പനക്കാരനായും അദ്ധ്യാപകനായും ഔദ്യോഗിക ജീവിതം ആരംഭിച്ച ഔസേപ്പുണ്ണി എന്നും എക്കാലത്തും ഒരു വിവാദപുരുഷനായിരുന്നു. ആദ്യം അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിരുന്നു. കെ. രാജേശ്വരി രചിച്ച "കമ്മ്യൂണിസ്റ്റ് ഭരണവും വിമോചനസമരവും" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു, "സോഷ്യലിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനായി കമ്മ്യൂണിസ്റ്റ് സഹയാത്രികൻ പോലുമായി. അരിവാൾ-ചുറ്റിക ആലേഖനം ചെയ്ത ചെങ്കൊടിയുമായി വൈലത്തൂർക്ക് കർഷകജാഥ നടത്തുകയും ചെയ്തു. എന്നാൽ രണ്ടാം ലോകമഹായുദ്ധം ജനകീയയുദ്ധമാണെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി കണ്ടുപിടിച്ചതോടെ മാഷിന്റെ വിപ്ലവാഭിമുഖ്യം വല്ലാതെ മടങ്ങി. കടുത്ത ദൈവവിശ്വാസിയായിരുന്ന അദ്ദേഹത്തിന് നിരീശ്വരവാദത്തിലടിയുറച്ച കമ്മ്യൂണിസവുമായി യോജിച്ചു പ്രവർത്തിക്കാൻ ബുദ്ധിമുട്ടായി."

www.malankaralibrary.com

പിന്നീട് വൈദികപഠനത്തിനായി ഫാ. വടക്കൻ സെമിനാരിയിൽ ചേർന്നു. ദൈവശാസ്ത്രത്തോടും ലത്തീനോടുമൊപ്പം കമ്മ്യൂണിസ്റ്റ് വിരുദ്ധസാഹിത്യവും വായിച്ചുപഠിച്ചു. ശെമ്മാശ്ശനായിരിക്കുമ്പോൾ കമ്മ്യൂണിസ്റ്റുകാരുടെ കരാളഹസ്തങ്ങളിൽനിന്നും തൊഴിലാളികളെ മോചിപ്പിക്കുന്നതിനായി തൊഴിലാളി സംഘടനകൾ രൂപീകരിച്ചു പ്രവർത്തിച്ചു. ബീഡി-തീപ്പെട്ടി-പടക്ക തൊഴിലാളികൾക്കും പീടിക തൊഴിലാളികൾക്കും റിക്ഷാ തൊഴിലാളികൾക്കുമെല്ലാം ബ്രദർ വടക്കൻ യൂണിയനുകളുണ്ടാക്കി. 1951-ൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി രൂപീകൃതമായി. വിരുദ്ധമുന്നണിയുടെ സന്ദേശം പ്രചരിപ്പിക്കാൻ 1954-ൽ തൊഴിലാളി പ്രസിദ്ധീകരണം ആരംഭിച്ചു. 1955-ൽ കൊട്ടിയത്തുവച്ച് ശ്രീ. ബി. വെല്ലിംഗ്ടണെ ബ്രദർ വടക്കൻ കണ്ടുമുട്ടി. പിറ്റേ വർഷം കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ പ്രസിഡന്റായി വെല്ലിംഗ്ടൺ തെരഞ്ഞെടുക്കപ്പെട്ടു. പിന്നീടുള്ള 45 വർഷക്കാലം വടക്കനും വെല്ലിംഗ്ടണും ഒന്നിച്ചുപ്രവർത്തിച്ചു.

തൊഴിലാളി പത്രം ആരംഭിക്കുന്നതിനുമുമ്പേ ബ്രദർ വടക്കൻ നിരവധി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു. കെ. രാജേശ്വരിയുടെ ഗ്രന്ഥത്തിൽ (പേജ് 47) ഇപ്രകാരം എഴുതിയിരിക്കുന്നു, "വടക്കന്റെ പരാക്രമം കൈ കെട്ടിയിരുന്ന് കാണാൻ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞില്ല. അവർ ശെമ്മാശ്ശന്റെ യോഗം കലക്കാൻ തുടങ്ങി. ഒരു ദിവസം വിദ്യാർത്ഥി കോർണറിൽ നിൽക്കവേ കല്ലേറുകൊണ്ട് വടക്കന്റെ തലപൊട്ടി. ബ്രദർ വടക്കൻ മഞ്ഞത്തൊപ്പിക്കാരായ വാളണ്ടിയർ സംഘടനയുണ്ടാക്കി. തൃശ്ശൂർ അങ്ങാടിയിലൂടെ റൂട്ട് മാർച്ച് നടത്തി. കമ്മ്യൂണിസ്റ്റുകാരുടെ ചെങ്കൊടിയെ വെല്ലുവിളിച്ചുകൊണ്ട് നാടെങ്ങും വിരുദ്ധന്മാരുടെ മഞ്ഞക്കൊടിയും പാറിക്കളിച്ചു."

1994 ഏപ്രിൽ ലക്കം വിശാലകോളത്തിൽ പവനൻ ഇപ്രകാരം എഴുതിയിരിക്കുന്നു "വടക്കനെച്ചൻ ബ്രദർ വടക്കനായിരുന്ന കാലം മുതൽ അകലെ നിന്നെങ്കിലും എനിക്ക് അദ്ദേഹത്തെ അറിയാം. അന്നദ്ദേഹം കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ആരംഭിച്ച് തുടങ്ങിയിട്ടേയുള്ളൂ. ഞാൻ അന്ന് കോഴിക്കോട്ടായിരുന്നു. ബ്രദർ വടക്കൻ കോഴിക്കോട് മുതലക്കുളം മൈതാനത്ത് നടത്താറുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രസംഗങ്ങൾക്ക് ഞാൻ സ്ഥിരമായി പോയിക്കൊണ്ടിരുന്നു. കാരണം, കമ്മ്യൂണിസ്റ്റുകൾക്ക് അദ്ദേഹത്തെ അവഗണിക്കാൻ പറ്റുമായിരുന്നില്ല. അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് മറുപടി പറയേണ്ടത് കമ്മ്യൂണിസ്റ്റ് ബുദ്ധിജീവികളായിരുന്നുവല്ലോ. ബ്രദർ, സ്റ്റാലിനെതിരായും സോവിയറ്റ് യൂണിയനെതിരായും ചെയ്തുകൊണ്ടിരുന്ന പ്രസംഗങ്ങൾക്ക് മറുപടി എന്നോണമാണ് കെ. ദാമോദരൻ അക്കാലത്ത്

www.malankaralibrary.com

പ്രശസ്തമായ യേശുക്രിസ്തു മോസ്കോവിൽ എന്ന ലഘുലേഖ പ്രചരിപ്പിച്ചത്. ബ്രദർ വടക്കന്റെ യോഗങ്ങളിൽ ഞാൻ ഈ ലഘു ലേഖ വിറ്റുനടന്നിട്ടുണ്ട്. വടക്കനച്ചൻ താമസിയാതെ അതിന് മറുപടി എഴുതി. യേശുക്രിസ്തു മോസ്കോവിലോ? എന്നായിരുന്നു അതിന്റെ തലക്കെട്ട്. ദാമോദരനുണ്ടോ വിടുന്നു. അദ്ദേഹം അതിന് മറുപടി ഉടൻ തയ്യാറാക്കി. 'യേശുക്രിസ്തു മോസ്കോവിൽത്തന്നെ' എന്നായിരുന്നു അതിന്റെ ശീർഷകം. പക്ഷെ ദാമോദരൻ എഴുപതുകളിലെത്തിയ പ്പോൾ നിലപാട് മാറ്റി. സോവിയറ്റ് യൂണിയനെയും സ്റ്റാലിന്റെ സ്വേച്ഛാ ധിപത്യത്തെയും ഫാ. വടക്കന്റേതിൽനിന്നും കൂടുതൽ കടുത്ത ഭാഷ യിൽ വിമർശിച്ചു."

ഫാ. വടക്കൻ രചിച്ച യേശുക്രിസ്തു മോസ്കോവിലോ എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പാണ് ഈ പുസ്തകത്തിൽ പൂർണ്ണമായി ചേർത്തിരിക്കുന്നത്. യേശുക്രിസ്തു മോസ്കോവിൽ എന്ന ഗ്രന്ഥ ത്തിനുള്ള മറുപടിയും യേശുക്രിസ്തു മോസ്കോവിൽത്തന്നെയെന്ന ഗ്രന്ഥത്തിനുള്ള മറുപടിയും ഉൾപ്പെടെയാണ് മൂന്നാം പതിപ്പ്.

ശ്രീ. പവനന്റെ രണ്ടു വാചകംകൂടി ഉദ്ധരിക്കട്ടെ "ഫാ. വടക്കൻ കമ്മ്യൂണിസ്റ്റുകാരോട് കൂടിച്ചേർന്നപ്പോഴും കമ്മ്യൂണിസ്റ്റുകൾ അധി കാരത്തിൽ വന്ന രാജ്യങ്ങളിലെ ഏകാധിപത്യപ്രവണതകളെയും ജനാധിപത്യ നിരാശത്തെയും എതിർത്തിരുന്നു. എന്നാൽ മാർക്സി യൻ ചിന്തയുൾക്കൊള്ളുന്ന മാനവികതയെ അദ്ദേഹം അംഗീകരിച്ചു. ജനാധിപത്യപരമായ സോഷ്യലിസത്തിനുവേണ്ടിയാണ് താൻ നില കൊള്ളുന്നതെന്ന് അറുപതുകളിലും അദ്ദേഹം പറഞ്ഞിരുന്നു."

www.malankaralibrary.com

# 2

# യേശുക്രിസ്തു മോസ്കോവിലോ?

നമ്മുടെ നാട്ടിൽ ഒരു 'നാലണപ്പുസ്തകം' പുറത്തുവന്നിട്ടുണ്ട്. 'യേശുക്രിസ്തു മോസ്ക്കോവിൽ' എന്നാണു പുസ്തകത്തിന്റെ നാമം. പ്രകാശക്കതിരുകൾ നാലുപാടും തൂകുന്ന ഒരു നെടുംകുരിശാണു പുറംചട്ടയിൽ! ഉള്ളടക്കത്തിൽ ബൈബിളിലെ സ്വർഗ്ഗീയസൂക്തികളും! പോരേ, ഇതിലപ്പുറം എന്തുവേണം ക്രൈസ്തവരുടെ കൺകുളിർപ്പിക്കാൻ?

കാര്യംപറഞ്ഞാൽ കടുത്തൊരു കമ്യൂണിസ്റ്റ് പ്രസിദ്ധീകരണമാണീ പുസ്തകം. 'നവയുഗം' പത്രാധിപർ സ. ദാമോദരൻ ഗ്രന്ഥകർത്താവും. മോസ്കോവിൽ വാഴുന്ന സ്റ്റാലിൻ സാക്ഷാലൊരു ക്രിസ്തുവാണെന്നു സ്ഥാപിക്കാനാണ് അപ്പുസ്തകം വഴി സഖാവ് സാഹസപ്പെടുന്നത്.

ഇന്നാട്ടിലെ ക്രിസ്ത്യാനികളുടെ തലയിലുള്ളതു വെറും ചകിരിച്ചോറല്ലെന്നു സഖാവു മനസ്സിലാക്കിയില്ല. ഏതായാലും പച്ചപ്പെരുംകള്ളം പറഞ്ഞുപരത്തുന്ന കമ്യൂ. കൊടുംവഞ്ചനയുടെ നഗ്നരൂപം വെളിക്കു കാട്ടാൻ ഈ പുസ്തകം നല്ലൊരു സാമ്പിളാണ്; സംശയമില്ല.

## അവരുടെ ക്രിസ്തുപ്രേമം

ആദ്യപേജുകളിൽ ക്രിസ്തുവിനെ വാനോളം പാടിപ്പുകഴ്ത്തിയിരിക്കുന്നു. അടിമകളുടെയും അനാലംബരുടെയും ആശാകേന്ദ്രമെന്നുതന്നെ ക്രിസ്തുവിനെ സഖാവു സംബോധന ചെയ്തിരിക്കുന്നു. 'പാവങ്ങൾ ശക്തനായ ഒരു ദൈവപുത്രനെ പ്രതീക്ഷിച്ചിരുന്നു'വെന്നും സഖാവു സമ്മതിക്കുന്നു. ക്രിസ്തുനാഥന്റെ കരുണാസമ്പൂർണ്ണങ്ങളായ ചിലചില അമൃതോക്തികൾ ഉദ്ധരിച്ചിട്ടുമുണ്ട്. അങ്ങനെ, കഴിഞ്ഞ മെയ് 31-ാം തീയതി കോട്ടയം തിരുനക്കരമൈതാനത്തിൽവച്ച് "സ്റ്റാലിൻ ഒരു നിരീശ്വരനാണ്; ഞാനും ഒരു നിരീശ്വരനാണ്" എന്നു പട്ടാപ്പകൽ തട്ടിമുളിച്ച സഖാവു ദാമോദരൻ ഇന്നിതാ ക്രിസ്തുവിന്റെ അപദാനങ്ങൾ കീർത്തിച്ചുകൊണ്ടു പ്രത്യക്ഷപ്പെടുന്നു!

www.malankaralibrary.com

ക്രിസ്തുവിന്റെ സാധുജനസ്നേഹത്തെക്കുറിച്ചു ധാരാളം സുവിശേഷവാക്യങ്ങൾ നിരത്തിവച്ച നമ്മുടെ സഖാവ് അവിടുത്തെ ആദ്ധ്യാത്മികദാഹത്തെക്കുറിച്ച് ഒരൊറ്റയക്ഷരം ഉരിയാടിക്കാണുന്നില്ല. കമ്യൂണിസ്റ്റ് കസർത്തുവിദ്യയുടെ ഒരു പ്രത്യേകതയാണിത്. സഖാവിനേക്കാൾ ആയിരംമടങ്ങ് ആർജ്ജവത്തോടെ ഞങ്ങൾ പ്രഖ്യാപിക്കുന്നു: "ക്രിസ്തുനാഥൻ ദുഷിച്ച മുതലാളിത്തത്തെ ശപിച്ചു. ദുഷ്പ്രഭുത്വത്തെ പഴിച്ചു. അവശരെയും അടിമകളെയും ആ ദീനവത്സലൻ ആഞ്ഞുപുൽകി. മർദ്ദിതവർഗ്ഗത്തിന്റെ സമുദ്ധാരണാർത്ഥം ആ 'മനുഷ്യപുത്രൻ' പടവെട്ടി. എന്നാൽ ഭൗതികാതീതമായ മറ്റൊരു തീവ്രദാഹംകൂടി ക്രിസ്തുവിന്റെ നിർമ്മലഹൃത്തിനെ തുടിപ്പിച്ചിരുന്നു; ഒരഗാധചിന്ത അവിടുത്തെ ചോര വിയർപ്പിച്ചിരുന്നു. അതേ, മർദ്ദകരുടെയും മർദ്ദിതരുടെയും ആദ്ധ്യാത്മികനിർവൃതിയ്ക്കുവേണ്ടി ആ സ്നേഹമൂർത്തി ഉഴറി. ഈ സത്യം മനസ്സിലിരുത്താതെ സ: ദാമോദരനെപ്പോലെയുള്ള മുരച്ച നിരീശ്വരവാദികൾ ആ സ്വർഗ്ഗീയ തേജഃപുഞ്ജത്തെയെടുത്ത് അമ്മാനമാടുന്നതു കാണുമ്പോൾ വ്യസനിക്കുകയല്ലാതെ എന്തുചെയ്യും. ദാമോദരൻ ഉദ്ധരിച്ചിരിക്കുന്നു: "ഒടുവിൽ യൂദാസിന്റെ സഹായത്തോടെ അവർ യേശുവെ കുരിശിലേറ്റി. മർദ്ദിതവർഗ്ഗക്കാരുടെ നേതാവായ ആ മഹാത്മാവിന്റെ ശരീരത്തിൽനിന്നു രക്തമൊഴുകുന്നതുകണ്ട് അവർ (മർദ്ദകർ) ആഹ്ലാദിച്ചു പൊട്ടിച്ചിരിച്ചു." ആ ഘട്ടത്തിൽ, മരക്കുരിശിൽ മലർന്നു തൂങ്ങിക്കിടന്ന് ഊർദ്ധ്വ ശ്വാസംവിടുന്ന ക്രിസ്തുവിൽനിന്ന് ഒരന്ത്യവചനം നിർഗ്ഗളിക്കുന്നതു സഖാവു ദാമോദരൻ ഉദ്ധരിക്കുന്നില്ല. "സ്വർഗ്ഗീയപിതാവേ എന്റെ ആത്മാവിനെ അങ്ങയുടെ പക്കൽ ഞാൻ സമർപ്പിക്കുന്നു." ഈ അന്ത്യമൊഴിയുടെ അർത്ഥം കമ്മ്യൂണിസ്റ്റുകാർക്കറിയാമെങ്കിൽ പറഞ്ഞുതരണം. "സ്വർഗ്ഗീയപിതാവ്", "എന്റെ ആത്മാവ്" - ഈ പദദ്വയത്തിന്റെ പരമപ്രാധാന്യമാണു 'കമ്മ്യൂ. വി. മുന്നണി'യുണ്ടാക്കുവാനുള്ള പ്രമുഖകാരണമെന്നു സഖാക്കൾ മനസ്സിലാക്കണം. കാൽവരിബലിയുടെ അർത്ഥവ്യാപ്തിയെപ്പറ്റി ഒരു മാർക്സിസ്റ്റ്കാരനായ സഖാവു ദാമോദരൻ എന്തൊന്നാണു ധരിച്ചുവെച്ചിട്ടുള്ളത്?

## ക്രിസ്തു നിരീശ്വരനോ?

മാർക്സിസത്തിൽ അടിയുറപ്പിച്ചിട്ടുള്ള കമ്മ്യൂ. പാർട്ടി ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ ക്രിസ്തുദൗത്യം നിർവ്വഹിക്കുകയാണെന്നാണ് സഖാവ് ജല്പിക്കുന്നത്. മോസ്കോവിലാണത്രെ ക്രിസ്തുവിന്റെ ഇരിപ്പിടം! മാർക്സും ലെനിനും സ്റ്റാലിനുമെല്ലാം എമ്മാത്രം ക്രിസ്തുവിനെ മാനിച്ചിരുന്നുവെന്നു ഞാൻ വ്യക്തമാക്കി

www.malankaralibrary.com

ത്തരാം.ഞാനിവിടെ ഉദ്ധരിക്കുന്ന വാചകങ്ങൾ അസത്യമാണെങ്കിൽ സഖാവതു തെളിയിക്കുകയും ചെയ്യണം. കമമ്യൂ. പാർട്ടിയുടേയും അതിന്റെ നേതാക്കന്മാരുടേയും ഔദ്യോഗികരേഖകളാണ് ഞാൻ നിരത്തിവെയ്ക്കാൻ പോകുന്നത്. കമ്മ്യൂ. കെണിയിൽ കുടുങ്ങിക്കിടക്കുന്ന ഈശ്വരബോധമുള്ള കേരളീയർ ഈ ഭാഗം ഒന്നു മനസ്സിരുത്തി വായിക്കണം.

## കമ്മ്യൂണിസം നിരീശ്വരത്വം

"ക്രിസ്തു മോസ്കോവിൽ" എന്നു പറഞ്ഞു നിരക്ഷരകുക്ഷികളായ സാധുക്കളെ കുറച്ചൊരുകാലം കബളിപ്പിക്കാൻ കമ്മ്യൂണിസ്റ്റുകാർക്കു കഴിഞ്ഞേയ്ക്കാം. ആദ്ധ്യാത്മികബോധവും സന്മാർഗ്ഗചിന്തയും തൊട്ടുകുളിക്കാത്ത ഒരു പാർട്ടിയിലേയ്ക്ക് ഈ പാവങ്ങളെ കടത്തിവിടുന്നതു വലിയൊരു വഞ്ചനയാണെന്നു സഖാക്കൾ മനസ്സിലാക്കിക്കൊള്ളണം. ദൈവവിശ്വാസമുള്ള ഒരു വ്യക്തിക്കു കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ഒരു ബന്ധവും വച്ചു പുലർത്താൻ സാധിക്കുകയില്ലെന്നത് ഇതാ സ്പഷ്ടമാക്കുന്നു:-

സഖാക്കളുടെ ആചാര്യശ്രേഷ്ഠനും കമ്മ്യൂ. പാർട്ടിയുടെ സ്ഥാപകനുമായ കാറൽമാർക്സിനെത്തന്നെ ആദ്യം പരിശോധിക്കാം.

## കാറൽ മാർക്സ്

"...നിങ്ങൾ സർവ്വശക്തിയും ഉപയോഗിച്ച് ഈശ്വരനെന്ന ആശയത്തെക്കൂടിയും ഉന്മൂലനം ചെയ്യണം."

(Ref. Answers to Communism p. 15)

ശിഷ്യഗണങ്ങൾക്കു ഗുരൂത്തമൻ കൊടുത്ത ആഹ്വാനമാണിത്. സഖാക്കളേ, നിങ്ങളുടെ ആചാര്യശ്രേഷ്ഠനായ കാറൽ മാർക്സ് ഇങ്ങനെ നിങ്ങളെ ഉൽബോധിപ്പിച്ചിട്ടില്ലെങ്കിൽ ഉടനെ അക്കാര്യം തുറന്നു പറയണം.

തന്റെ നിരീശ്വരസിദ്ധാന്തവും സാമ്പത്തികസിദ്ധാന്തവും തമ്മിലുള്ള അഭേദ്യബന്ധത്തെ വിശദീകരിച്ചുകൊണ്ട് മാർക്സ് പറഞ്ഞിരിക്കുന്നു: "രണ്ടു കാരണങ്ങളാൽ മനുഷ്യപ്രകൃതി മാറിപ്പോയി. ഒരു കാരണം സ്വകാര്യസ്വത്ത്; രണ്ടാമത്തേതു മതബോധവും. സ്വകാര്യസ്വത്തുടമ മനുഷ്യനെ വ്യവസായോടമസ്ഥന്റേയും മതബോധം മനുഷ്യനെ ദൈവത്തിന്റേയും അടിമയാക്കി. ആയതിനാൽ സ്വകാര്യസ്വത്തുടമയേയും ഈശ്വരബോധത്തേയും തച്ചുടയ്ക്കുക. അപ്പോൾ മനുഷ്യൻ സ്വതന്ത്രനാകും; അവനൊരു ദൈവമാകും."

(Ref. Communism p. 12)

www.malankaralibrary.com

"ക്രിസ്തുനാഥനെ അനുപദം അനുകരിക്കുന്ന ആ കമ്മ്യൂണിസ്റ്റ്പാർട്ടി"യുടെ നേതാവാണ് ഈവിധം ഉൽബോധിപ്പിച്ചിട്ടുള്ളതെന്നു വായനക്കാർ മനസ്സിലാക്കണം. "മതബോധത്തെയും നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള മായാമോഹത്തെയും ജനഹൃദയങ്ങളിൽനിന്ന് ഉന്മൂലനം ചെയ്യാതെ അവർക്കു യഥാർത്ഥസൗഭാഗ്യം കൈവരുന്നതല്ല" എന്നുൽഘോഷിച്ച കാറൽമാർക്സും നിത്യസൗഭാഗ്യത്തെക്കുറിച്ച് നിരന്തരം പ്രബോധിപ്പിച്ചിരുന്ന ക്രിസ്തുവും തമ്മിൽ ഹാ! എന്തൊരു പൊരുത്തമാണ്!

## ഏംഗൽസ്

കമ്മ്യൂ. പാർട്ടിയുടെ രൂപവൽകരണത്തിനു കാറൽമാർക്സിനെ സഹായിച്ച പ്രമുഖനേതാവാണ് ഏംഗൽസ്. അദ്ദേഹം കുപ്രസിദ്ധനായ ഒരു നിരീശ്വരവാദിയത്രേ. ഏംഗൽസിന്റെ അഭിപ്രായം,"ഈ വിശ്വത്തിന്റെ അസ്തിത്വത്തിൽ ഒരു സ്രഷ്ടാവിനോ നിയന്താവിനോ സ്ഥാനമില്ല" എന്നാണ്. മാർക്സും ഏംഗൽസും ലെനിനും മതബോധത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു കമ്മ്യൂ. പാർട്ടി ഒരു പുസ്തകം രചിച്ചിട്ടുണ്ട്. അതിൽ ഏംഗൽസിന്റെ അഭിപ്രായമിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "യൂറോപ്പിലെ തൊഴിലാളിപ്പാർട്ടികളിൽ നിരീശ്വരത്വത്തിനു സർവ്വസമ്മതമായ ഒരു നില വന്നു കഴിഞ്ഞിരിക്കുന്നു." (പേജ് 1)

## ലെനിൻ

സ: ലെനിൻ കമ്മ്യൂ. വിപ്ലവത്തിന്റെ പിതാവാണ് - റഷ്യയിലെ ആദ്യത്തെ സർവ്വാധിപതി. സ. ദാമോദരൻ പറയുന്നത്, ക്രിസ്തു തുടങ്ങിവച്ച ദൗത്യം സ: ലെനിൻ ഏറ്റെടുത്തുവെന്നാണ്! പ്രശാന്തശീലനായ ആ ദിവ്യപുരുഷനും രക്തപ്രിയനായ ലെനിനും തമ്മിലുള്ള ചേർച്ച ഒന്നു തട്ടിച്ചു നോക്കുക തന്നെ. മോസ്കോവിലെ- ദാമോദരന്റെ ഭാഷയിൽ പറഞ്ഞാൽ ക്രിസ്തുസദനത്തിലെ - കമ്മ്യൂ. പ്രസ്സിൽനിന്ന് അച്ചടിച്ചിറക്കിയ "വി.ഐ. ലെനിൻ, മാർക്സ്, ഏംഗൽസ്, മാർക്സിസം" എന്ന പുസ്തകത്തിൽ ലെനിൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നതായി കാണുന്നു: "മാർക്സിസത്തിന്റെ തത്വപരമായ അടിസ്ഥാനം മാർക്സും ഏംഗൽസും ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഡൈലക്ടിക്കൽ മെറ്റീരിയലിസം - വർഗ്ഗവൈരുദ്ധ്യാധിഷ്ഠിതപദാർത്ഥവാദം - ആകുന്നു... ഈ പദാർത്ഥവാദമാകട്ടെ പരിച്ഛേദം നിരീശ്വരപരവും വിട്ടുവീഴ്ചയില്ലാത്തവിധം സർവ്വമതവിരുദ്ധവുമാണ്." (പേജ് 273)

അപ്പുസ്തകത്തിന്റെ 276-ാം പേജിൽ സ: ദാമോദരന്റെ ആ

www.malankaralibrary.com

'ക്രിസ്തുശിഷ്യൻ' - ലെനിൻ - വീണ്ടും പ്രഖ്യാപിക്കുന്നു: "മാർക്സിസം മെറ്റീരിയലിസം - പദാർത്ഥവാദം അഥവാ ഭൗതിക വാദം ആകുന്നു. ആ നിലയിൽ അതു മതത്തിന്നെതിരായി സന്ധിയില്ലാത്തവിധം സമരം നടത്തും..."

റഷ്യയിലെ വിദേശഭാഷാവകുപ്പുകാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകം ഇന്നാട്ടിലെ കമ്മ്യൂ. പുസ്തകശാലകളിൽ 1 ക 14ണയ്ക്കു വിറ്റുവരുന്നുണ്ട്.

"അദ്ധ്വാനിക്കുന്നവരുടെ പാർട്ടിക്കു മതത്തോടുള്ള നിലപാട്" എന്ന അദ്ധ്യായത്തിലാണ് സ: ലെനിൻ പ്രസ്തുത നിരീശ്വരത്വപ്രസംഗം തട്ടിവിട്ടിട്ടുള്ളത്. കമ്മ്യൂണിസം പരിച്ഛേദം നിരീശ്വരപരമാണെന്ന് ഈവിധം കൊമ്പുവിളിക്കുന്ന ലെനിൻ ക്രിസ്തുവിന്റെ സാക്ഷാൽ അനുഗാമിയാണെന്നാണോ സഖാവു പറയുന്നത്? ഒന്നുമറിയാത്ത സാധുക്കളെ - പ്രത്യേകിച്ചും തൊഴിലാളികളേയും വിദ്യാർത്ഥികളേയും - വഴിപിഴപ്പിക്കുവാൻ കരുതിക്കൂട്ടി കള്ളപ്രചരണങ്ങൾ നടത്തുന്ന കമ്മ്യൂ. പാർട്ടി ഇതിലും ഇതിലപ്പുറവും ഈ കേരളക്കരയിൽ അടിച്ചുപരത്തുന്നുണ്ട്. എന്നുവരികിലും സഖാക്കളുടെ കൊഴുത്ത നുണകൾ അതേപടി വിഴുങ്ങാനുള്ള വിഡ്ഢികളൊന്നുമല്ല പ്രബുദ്ധരായ കേരളീയർ. ലോകമഖിലം നിരീശ്വരത്വം പ്രചരിപ്പിക്കുവാൻ വെമ്പുന്ന സ: ലെനിന്റെ മറ്റുചില പ്രസ്താവനകളും നമുക്കുദ്ധരിക്കാം:-

"തത്വത്തിലും പ്രയോഗത്തിലും മാർക്സിസത്തിന്റേയും സ്ഥിതിസമത്വവാദത്തിന്റേയും സ്വാഭാവികവും അഭേദ്യവുമായ ഒരു ഘടകമാണ് നിരീശ്വരത്വം" (Religion by Lenin).

'മതം' എന്നപേരിൽ എഴുതിയിട്ടുള്ള ഇപ്പുസ്തകത്തിൽ നിരീശ്വരത്വപ്രഖ്യാപനം നടത്തുന്ന പല ഭാഗങ്ങളുമുണ്ട്.

"നിരീശ്വരത്വം മാർക്സിസത്തിന്റെ അവശ്യാവശ്യകമായ ഒരു ഭാഗമാണ്. ആയതിനാൽ മാർക്സിസ്റ്റു കക്ഷി നിരീശ്വരത്വപ്രചാരണം ഏറ്റെടുത്തേ മതിയാകൂ" (Religion, p.7).

ഇനി, ഇതെല്ലാം കാണുമ്പോൾ മാർക്സിസമൊന്നുമല്ല കമ്മ്യൂണിസമെന്നു സഖാക്കൾ പറയുമോ ആവോ? ലെനിൻ തുടരുന്നു:

"തൊഴിലാളികളെ മതബോധത്തിൽനിന്നു നിശ്ശേഷം അടർത്തിയെടുക്കാൻ വിപ്ലവാനന്തരമുണ്ടാകുന്ന കമ്മ്യൂ. സാമൂഹികവ്യവസ്ഥിതിക്കേ സാധിക്കൂ" (Religion, p. 9).

"സാംസ്കാരികവിപ്ലവത്തിനുള്ള പരിപാടിയിൽ മതബോധത്തോടുള്ള എതിർപ്പ് ഏറ്റവും പ്രധാനപ്പെട്ടതാണ്. മതത്തോടുള്ള ഈ സമരം

www.malankaralibrary.com

ക്രമീകൃതവും അനുസ്യൂതവുമായിരിക്കട്ടെ" (Ref. Answer to Communism p. 31).

ഹാ! ക്രിസ്തുവിന്റെ ആശയവും ലെനിന്റെ ആശയവും തമ്മിലുള്ള യോജിപ്പു കണ്ടോ!! പടുവഞ്ചകരായ കമ്മ്യൂണിസ്റ്റുകൾ അസത്യകഥനം നടത്തി ആദ്ധ്യാത്മികപ്രബുദ്ധരായ ഇന്നാട്ടിലെ സാധുക്കളെ മിരട്ടുന്ന വിദ്യ കണ്ടോ? ശവക്കുഴിക്കപ്പുറം മനുഷ്യന് ഒരു ജീവിതമില്ലെന്നു നിർലജ്ജം പുലമ്പുന്ന ഈ ഭൗതികവാദികൾ - മരവും മണ്ണാങ്കട്ടയും പട്ടിയും പന്നിയും പരിവർത്തനം പ്രാപിച്ചതാണു മനുഷ്യകുലമെന്നു ശഠിക്കുന്ന ഈ പരിണാമവാദികൾ - ദൈവസുതനായ ക്രിസ്തുവിന്റെ - ലോകപരിത്രാണാർത്ഥം ആത്മബലിയർപ്പിച്ച ആ ചെമ്മരിയാട്ടിൻകുട്ടിയുടെ - മൃദുലചർമ്മം മാന്തിപ്പറിച്ചെടുത്ത് റഷ്യൻനരവേട്ടയിൽ 20 ലക്ഷം മനുഷ്യസഹോദരങ്ങളെ - (9 ലക്ഷം കർഷകരേയും 8 ലക്ഷം തൊഴിലാളികളേയും പന്തീരായിരം സിവിൽ ഉദ്യോഗസ്ഥന്മാരേയും രണ്ടു ലക്ഷത്തോളം പട്ടാളക്കാരെയും 6000 അദ്ധ്യാപകരെയും 880 ഡോക്ടർമാരെയും 1200 വൈദികരെയും 28 മെത്രാന്മാരെയും) കഴുത്തറുത്ത സ: ലെനിനെ - ആ രക്തദാഹിയായ ചെന്നായെ - ധരിപ്പിച്ചുംകൊണ്ടു കൂകിപ്പറയുകയാണ് :- "സാക്ഷാൽ ക്രിസ്തുവാണു ലെനിൻ" എന്ന്. എന്തിന് ഈ സഖാക്കളെ പഴിക്കുന്നു. ഈദൃശങ്ങളായ അസത്യജല്പനങ്ങൾക്കു സ: ലെനിൻതന്നെ ഉത്തേജനം കൊടുത്തിട്ടുണ്ട്. നോക്കുക, ലെനിന്റെ മറ്റൊരു പ്രസ്താവന: "ചതി, അനീതിപരമായ മാർഗ്ഗം, സൂത്രം, കള്ളം, സത്യംമറയ്ക്കൽ, കുതന്ത്രം ഇവയെല്ലാം നിങ്ങൾ അവസരോചിതം ഉപയോഗിക്കണം." ദാമോദരനെ ധൈര്യപ്പെടുത്തിയ പ്രമാണരേഖ ലെനിന്റെ ഈ ആഹ്വാനം തന്നെയായിരിക്കും. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നരുളിയ ക്രിസ്തുനാഥനെ അക്ഷരശഃ അനുഗമിച്ച സ: ലെനിന് ലാൽസലാം!!

ആരാണീ ലെനിൻ? എങ്ങനെയാണദ്ദേഹം റഷ്യൻവിപ്ലവം നടത്തിയത്? ഇതൊന്നും ഇന്നാട്ടിലെ ജനസാമാന്യത്തിന്നറിഞ്ഞുകൂടാ. കമ്മ്യൂ. ഓഫീസുകളുടെയും സഖാക്കളുടെ ഭവനങ്ങളുടെയും ധവളഭിത്തികളിൽ സ്ഥാപിച്ചിരിക്കുന്ന ലെനിൻ പ്രതിമകൾ കാണുമ്പോൾ ആരാണീ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞിട്ടുള്ളത്?

ഒന്നാം ലോകമഹായുദ്ധത്തിൽ സങ്കലിതവിഭാഗത്തിൽ ചേർന്ന റഷ്യയെ മുടിച്ചു ജർമ്മനിയെ ജയിപ്പിക്കുവാനായി ജർമ്മൻ സൈന്യാധിപന്മാരായിരുന്ന ജനറൽ ഹോഫ്മാനിന്റെയും ജനറൽ ലുഡൻഡ്രോഫിന്റെയും ആജ്ഞയനുസരിച്ചു 40 വിപ്ലവകാരികളെയും കൂട്ടി ജർമ്മ

www.malankaralibrary.com

നിയിൽനിന്നു സർക്കീട്ടു പുറപ്പെട്ടു വ്‌ളാഡിമീർ ഉളിയാനോവാണ് ഈ സഖാവു ലെനിനെന്ന് ഇന്നാട്ടിലെ പല സഖാക്കൾകൂടി അറിയുകയില്ല. സ: ദാമോദരന് ആ സത്യം അറിയാമോ? അറിയാമെങ്കിൽ ഒന്ന് തുറന്നു സമ്മതിക്കുക.

## മൂന്നാം ഇന്റർനാഷനൽ

തങ്ങളുടെ തത്വശാസ്ത്രം മാർക്സിസമാണെങ്കിലും പ്രവർത്തനപരിപാടിയിൽ നിരീശ്വരത്വപ്രചാരണമില്ല എന്നു പറയുന്ന ചില "കമ്മൂ"ക്കളുണ്ട്. മൂന്നാം അന്താരാഷ്ട്രീയ കമ്മ്യൂ. സംഘടനയുടെ പ്രസിഡന്റായിരുന്ന ഗ്രിഗൊരി സിനോഫ്യു ഇക്കാര്യത്തിൽ പാർട്ടിയുടെ നിലപാട വ്യക്തമാക്കുന്നുണ്ട്.

"മതപ്രശ്നങ്ങളിൽ നിഷ്പക്ഷത പാലിക്കുവാൻ നമ്മുടെ പാർട്ടിക്കു സാധിക്കുകയില്ല... മാർക്സ് പറഞ്ഞതാണ് കമ്മ്യൂ. പാർട്ടിക്കും പറയാനുള്ളത്... നിശ്ചയമായും മതവിരുദ്ധമായ പ്രചാരവേല - അത് വഞ്ചനയും വക്രതയും ഉൾക്കൊണ്ടാലും വിരോധമില്ല - നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്." മറ്റൊരു കമ്മ്യൂ. നേതാവായ ക്രിലെങ്കോ ഗർജ്ജിക്കുന്നു. "സോവിയറ്റ് അതിർത്തിയിൽ ദൈവനിയമത്തിനു സ്ഥാനമില്ല" (Speech during State trial, March 1923).

ദൈവനിയമത്തിനു സ്ഥാനമില്ലാത്ത ഈ സോവിയറ്റ് നാടിന്റെ ഹൃദയച്ചെപ്പിൽ യേശുക്രിസ്തു വാഴുന്നുണ്ടെന്നാണോ സഖാവു പറയുന്നത്?

## സോവിയറ്റ് റഷ്യയിൽ

റഷ്യയിലെ വിദ്യാഭ്യാസമന്ത്രിപദം അലങ്കരിച്ചുകൊണ്ടു ലുനാട് സർക്കി അവിടത്തെ Bezbojnik - ബെസ് ബോജനിക്ക് - എന്ന നിരീശ്വരപ്പത്രത്തിന് ഇപ്രകാരമൊരു ഭാവുകസന്ദേശമയച്ചു: "ദൈവത്തിന്നെതിരായി നടത്തുന്ന യുദ്ധത്തിൽ 'ബെസ് ബോജനിക്ക്' പത്രത്തിനു ഹൃദയപൂർവം വിജയമാശംസിക്കുന്നു" (Bezbojnik Vol. 1. No. 1).

വാല്യവും ലക്കവും ഇതാ കൊടുത്തിരിക്കുന്നു. സഖാക്കളൊന്നു ചികഞ്ഞുനോക്കട്ടെ. ഒരു നാട്ടിലെ വിദ്യാഭ്യാസമന്ത്രിയുടെ ആശയഗതി ഈവിധമെങ്കിൽ എങ്ങനെയിരിക്കും അന്നാട്ടിലെ വിദ്യാലയങ്ങളെന്നു വായനക്കാർ ഊഹിച്ചാൽ മതി.

"ബഹുജനങ്ങൾക്ക് എല്ലാവിധത്തിലുമുള്ള നിരീശ്വരപ്രബോധനം നൽകിക്കൊണ്ടിരിക്കണം" (March 1922 - "Under the Marxist

www.malankaralibrary.com

Flag") എന്ന ലെനിന്റെ സുഗ്രീവാജ്ഞതന്നെയാണ് ഇന്നും റഷ്യയിൽ നടക്കുന്നത്.

റഷ്യൻ പോളിറ്റ് ബ്യൂറോവിലെ ഒരു പ്രമുഖമെമ്പറായിരുന്ന സിനോവ്യു ഒരു ക്രിസ്തുമസ് ദിനത്തിൽ കോപാവേശത്തോടെ അലറിപ്പാഞ്ഞത് ഇങ്ങനെയാണ് :- "We will grapple with God. We will conquer Him in the highest heavens; and wherever He seeks refuge we will subdue Him for ever". പച്ചമലയാളവും പറഞ്ഞുതരാം: "ഞങ്ങൾ ദൈവത്തെ മുഷ്ടിയുദ്ധം ചെയ്തമർത്തും. സ്വർഗ്ഗത്തിന്റെ അത്യുന്നതങ്ങളിൽ കടന്നുചെന്നു ഞങ്ങളവനെ ആക്രമിക്കും. എവിടെ അവൻ അഭയം പ്രാപിക്കുമോ അവിടെ ഞങ്ങൾ ചെന്ന് അവനെ കീഴ്പ്പെടുത്തും." ഹേ, സഖാവേ, സ: സിനോവ്യുവിന്റെ ഗർജ്ജനം കേട്ടോ? യേശുക്രിസ്തു ഈ പ്രസ്താവന വായിച്ചാൽ പിന്നെയുണ്ടോ മോസ്കോവിലേയ്ക്കു പുറപ്പെടുന്നു! എന്റെ അഭിപ്രായം ഇതാണ്. കൊടുംവഞ്ചനയുടെ ഈയാണ്ടത്തെ "ലെനിൻവീരമുദ്ര" സ: ദാമോദരനു സമ്മാനിക്കാൻ കോമിൻഫോം നേതാക്കന്മാർ നിശ്ചയിക്കും, ഈ പുസ്തകമൊന്നു കേന്ദ്രതതിലേയ്ക്ക് അയച്ചുകൊടുത്താൻ. "Where Atheism begins there communism begins." "എവിടെ നിരീശ്വരത്വം മുളയെടുക്കുന്നുവോ അവിടെ കമ്മ്യൂണിസവും തലപൊക്കുന്നു" എന്ന് അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുള്ള 'ഭഗവാൻ മാർക്സി'ന്റെ ആ ശിഷ്യഗണങ്ങൾ 'യേശുക്രിസ്തു മോസ്കോവിൽ' എന്ന ഈ നവയുഗപ്രസിദ്ധീകരണം കണ്ടാൽ കപടകലാപ്രവീണനായ ദാമോദരനെപ്പറ്റി ഒരു പ്രമേയവും പാസ്സാക്കും.

## സ്റ്റാലിൻ

1924-ൽ ലെനിൻ മരിച്ചതോടെ റഷ്യയിൽനിന്ന് ഈ നിരീശ്വരത്വദുർഭൂതം അപ്രത്യക്ഷമായെന്ന് ആരും കരുതേണ്ടാ. അനന്തരഗാമിയായി, 28 കൊല്ലക്കാലമായി വാണരുളുന്ന ആ 'നിതാന്തവന്ദ്യ ശ്രീമാൻ' സഖാവ് സ്റ്റാലിൻ പ്രഖ്യാപിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "നിരീശ്വരത്വം മാർക്സിസത്തിന്റെ ഒരവശ്യഘടകമാണ്. ആയതിനാൽ മാർക്സിസ്റ്റുകാർ നിരീശ്വരത്വപ്രചാരണത്തിൽ ഉദ്യുക്തരായിരിക്കണം." നാലാംനൂറ്റാണ്ടോടെ ക്രൈസ്തവസഭ അധഃപതിച്ചെന്നും പിന്നീടതിനെ പുനരുദ്ധരിച്ചതു ലെനിനും സ്റ്റാലിനുംകൂടിയാണെന്നും എഴുതിത്തള്ളിയിരിക്കുന്ന നമ്മുടെ സഖാവിന് എന്തുമാത്രം സത്യദീക്ഷയുണ്ടെന്നു നാട്ടുകാർ വിധിക്കട്ടെ.

റഷ്യൻ ഭരണഘടനയിൽ ഈ മതവിരുദ്ധമനോഭാവം കുത്തിച്ചെലുത്തിയിരിക്കുന്നതു തികച്ചും വിചിത്രമായിരിക്കുന്നു. 1918-ലെ ഭര

www.malankaralibrary.com

ണഘടനയിൽ 13-ാം വകുപ്പിൽ മതപ്രചരണ (Propagation) സ്വാതന്ത്ര്യവും മതവിരുദ്ധപ്രചാരണസ്വാതന്ത്ര്യവും സമ്മതിച്ചുകൊടുത്തു. ഈ വകുപ്പിന്റെ തണലിൽനിന്നുകൊണ്ട് രാജ്യവ്യാപകവും സുസംഘടിതവുമായ നിരീശ്വരത്വപ്രചാരണം അഴിച്ചുവിടുകയാണു റഷ്യൻഭരണത്തലവന്മാർ ചെയ്തത്. "League of Militant Atheist" "സമരോദ്യുക്തരായ നിരീശ്വരന്മാരുടെ ലീഗ്" എന്ന ആ വമ്പിച്ച സംഘടന സർക്കാരിന്റെ മുഴുവൻ പിന്താങ്ങോടുകൂടി സകല കഴിവുകളും നിരീശ്വരത്വപ്രചാരണാർത്ഥം വിനിയോഗിച്ചു ഈ ലീഗിന്റെ ഒരു പ്രമേയത്തിൽ ഇങ്ങനെ കാണുന്നു: "നമ്മുടെ പരിശ്രമം ഒരു ചെറിയ കക്ഷിയുടെ പരിശ്രമമല്ല. ലക്ഷക്കണക്കിന് അണിനിരന്നിരിക്കുന്ന ഒരു മഹാനിരീശ്വരസൈന്യത്തിന്റെ പുരോഗമനമത്രെ."

ഇങ്ങനെയൊക്കെ ചെയ്തിട്ടും ബഹുജനഹൃദയങ്ങളിൽ ഈശ്വരബോധം വേരൂന്നിക്കിടക്കുന്നുവെന്നു കണ്ട് കമ്മ്യൂണിസ്റ്റുകാർ ബേജാറായി. 1929 ഏപ്രിൽ 8-ാം തീയതി സോവിയറ്റ് ഗവണ്മെന്റ് ഒരു പുതിയ കല്പനയിറക്കി. അതനുസരിച്ചു മതപ്രചാരണസ്വാതന്ത്ര്യം അനുവദിച്ചിരുന്ന 1918-ലെ 13-ാം വകുപ്പിനെ ദുർബലമാക്കിക്കൊണ്ടു മതസംഘടനകൾക്ക് 'ആരാധനാസ്വാതന്ത്ര്യം' മാത്രം മതിയെന്നാക്കി. 1929 മേയ് 22-ാം തീയതി ഈ പുതിയ കല്പന ഭരണഘടനയിൽ ഒരു ഭേദഗതിയായി ഉൾക്കൊള്ളിച്ചു. അങ്ങനെ മതപ്രചാരണസ്വാതന്ത്ര്യത്തെ മതാരാധനാസ്വാതന്ത്ര്യം എന്നാക്കി മാറ്റുകയും ചെയ്തു. ഭരണഘടനയിൽ 124-ാം വകുപ്പിലാണ് ഈ നിയമമുള്ളത്:- "Freedom of religious worship and freedom of anti-religious propaganda is recognized for all citizens."

എന്താണാവകുപ്പിൽ കൊള്ളിച്ചിട്ടുള്ളത്? 1918-ലെ 13-ാം വകുപ്പുമാറ്റി 1929-ൽ ഇങ്ങനെയൊരു 124-ാം വകുപ്പു സൃഷ്ടിക്കുവാൻ സ്റ്റാലിൻ സന്നദ്ധനായതു വെറുതെയല്ല. ഇന്നത്തെ റഷ്യൻഭരണഘടനയിൽ മതപ്രചരണസ്വാതന്ത്ര്യത്തെപ്പറ്റി ഒരക്ഷരം പറഞ്ഞുകാണുന്നില്ല. മതവിരുദ്ധപ്രചാരണം അനുവദിക്കാമെങ്കിൽ എന്തുകൊണ്ടു മതപ്രചരണം അനുവദിച്ചുകൂടാ എന്നാണു നിയമവിദഗ്ധന്മാർ ചോദിക്കുന്നത്. 1929-ൽ വരുത്തിയ ഈ ഭേദഗതിയെക്കുറിച്ചു ലോകമൊട്ടുക്കും വലിയ ഒച്ചപ്പാടുണ്ടായി. ആ സ്ഥിതിയ്ക്ക്, ദുരുദ്ദേശ്യമില്ലെങ്കിൽ 1936-ൽ ഭരണഘടന പുതുക്കി എഴുതിയപ്പോൾ 'മതപ്രചാരണസ്വാതന്ത്ര്യം' എന്ന പദം ചെലുത്താമായിരുന്നു. പക്ഷേ സ്റ്റാലിൻ അതു ചെയ്തില്ല. ലോകത്തിലെ ഏതൊരു ഗവണ്മെന്റിന്റെ ഭരണഘടനയിലും മതപ്രചാരണസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിൽ മൗലികാവകാശങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള 3-ാം

www.malankaralibrary.com

ഭാഗത്ത് 25-ാം വകുപ്പിൽ മതപ്രചാരണസ്വാതന്ത്ര്യത്തെ പ്രസ്പഷ്ടമായ ഭാഷയിൽ അനുവദിച്ചിരിക്കുന്നു. എന്നാൽ റഷ്യൻ ഭരണഘടനയിൽ മാത്രം അങ്ങനെയൊന്നില്ല. കാരണം വ്യക്തവുമാണ്.

## റഷ്യൻപത്രങ്ങൾ

റഷ്യൻപത്രങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത കൂടുതൽ സ്പഷ്ടമാകും. ഔദ്യോഗികപത്രമായ 'പ്രവദ' പറയുന്നു: "എല്ലാ വിഭാഗത്തിലുംപെട്ട മതങ്ങളോടും നാം യുദ്ധം പ്രഖ്യാപിക്കുന്നു" (13-4-28). 1930 ആഗസ്റ്റ് 14-ാം തീയതി 'പ്രവദ' പ്രഘോഷിച്ചു: "മതത്തിന്റെ കഥയില്ലാത്ത പ്രേരണകളിൽ നിന്നു സാമാന്യജനങ്ങളെ രക്ഷിക്കുകയാണു സജീവവർഗ്ഗസമരലക്ഷ്യം."

1920-ലെ സോവിയറ്റ് കോഡിൽ ഇങ്ങനെയൊരു ഭാഗമുണ്ട്:-

1. പുരോഹിതർക്ക് വോട്ടവകാശവും പൗരാവകാശവും ഇല്ല.
2. മതപരമായ സാഹിത്യങ്ങളുടെ വിതരണം വിലക്കിയിരിക്കുന്നു.
3. പതിനെട്ടു വയസ്സിൽ താഴെയുള്ളവർക്കു മതാദ്ധ്യാപനം (രഹസ്യമായിപ്പോലും) നടത്തുവാൻ പാടില്ല.

ഇതെല്ലാം കണ്ടിട്ടാണു കാന്റർബറിയിലെ ആ പ്രോട്ടസ്റ്റുണ്ട് ഡീൻ ഒരു 'ചുവന്ന ഡീൻ' ആയത്! നോക്കണം, അദ്ദേഹത്തിന്റെ ആദ്ധ്യാത്മികപ്രബുദ്ധത! 'മതമർദ്ദനമൊക്കെ അങ്ങു പണ്ടായിരുന്നു. ഇപ്പോൾ സർവത്ര മതസ്വാതന്ത്ര്യമാണു റഷ്യയിൽ' എന്നു വിളിച്ചു പറയുന്ന സഖാക്കൾ കുറച്ചുമാസം മുമ്പ് തുർക്കിസ്ഥാൻ നാഷനൽ യൂണിയൻ സൊസൈറ്റി പ്രസിഡണ്ട് സയ്യിദ്ഖയ്യുംഖാൻ ചെയ്ത പ്രസ്താവന ഒന്നു വായിച്ചു നോക്കൂ - "മുസ്ലിംകളുടെ മതപരവും ദേശീയവുമായ താല്പര്യങ്ങളെ സംരക്ഷിക്കാനുള്ള സംരംഭം കമ്മ്യൂണിസ്റ്റുകാരുമായുള്ള ഏറ്റുമുട്ടലിൽ അവസാനിക്കുന്നു. മുസ്ലീംങ്ങളെ അടിച്ചമർത്തുവാൻ കമ്മ്യൂണിസ്റ്റുകാർ സുശക്തനടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇസ്ലാമികസംസ്കാരവും കമ്മ്യൂണിസവും പരസ്പരം ഒത്തുപോകുമെന്നു തെറ്റിദ്ധരിച്ചിരുന്ന പാവപ്പെട്ട മുസ്ലീംങ്ങളെയടക്കം എല്ലാ മുസ്ലീംകളെയും സംഹരിക്കാനുള്ള ഭയങ്കരമായ ഒരു മുസ്ലീം വിരുദ്ധപ്രസ്ഥാനമാണ് റഷ്യയിൽ ഉടലെടുത്തിരിക്കുന്നത്. സ്കൂളുകളിലെ പാഠ്യപുസ്തകങ്ങൾ കമ്മ്യൂ. തത്വശാസ്ത്രമനുസരിച്ച് അടിച്ചിറക്കുന്നു. തുർക്കിസ്ഥാനിലെ ഈ മർദ്ദനം മദ്ധ്യേഷ്യൻ റിപ്പബ്ലിക്കുകളായ കാർകിസിയ, രാജിസ്ഥാൻ, ഉസ്ബെഗിസ്ഥാൻ, കസാഖ്സ്ഥാൻ എന്നിവിടങ്ങളിലും സമാരംഭിച്ചിരിക്കുന്നു. കേന്ദ്രസോവിയറ്റ് ഗവണ്മെന്റ് ഈ റിപ്പബ്ലിക്കുകളുടെമേൽ പിടിമുറുക്കുന്നു."

www.malankaralibrary.com

'യേശുക്രിസ്തു മോസ്കോവിൽ' എന്നു പറഞ്ഞു സഖാക്കൾ ഇന്നാട്ടിലെ ക്രിസ്ത്യാനികളെ കബളിപ്പിച്ചതുപോലെ 'നബി മോസ്കോവിൽ' എന്നു പറഞ്ഞിട്ടാണ് ഈ സ്വതന്ത്രമുസ്ലിംരാഷ്ട്ര ങ്ങളെ സ്റ്റാലിൻ വെട്ടിവിഴുങ്ങിയത്. 'മിലുത്ത് തുർക്കിസ്ഥാൻ' എന്ന ബുള്ളറ്റിൻ പറയുന്നു: "റഷ്യയുടെ സംരംഭം തുർക്കിസ്ഥാനിലെ സംസ്കാരം സിദ്ധിച്ച മുസ്ലിംങ്ങളെ നശിപ്പിക്കുന്നു." സകല മതങ്ങ ളുടെ ഉദകക്രിയയ്ക്ക് ഉത്തേജനം കൊടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടി ക്കാർ കഴിഞ്ഞ കൊല്ലം ഒരൊറ്റ റഷ്യൻമുസ്ലിമിനെ 'ഹജ്ജ്' യാത്രയ്ക്ക് അനുവദിക്കാഞ്ഞത് വെറുതെയല്ല!

റഷ്യയിലെ ക്രിസ്ത്യാനികൾ മാത്രമല്ല മുസ്ലിംജനതയും നിരീ ശ്വരരാക്ഷസന്റെ നഖപ്രയോഗങ്ങളേറ്റ് നിലവിളിക്കുകയാണിന്ന്. റഷ്യയിലെ കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, ലോകത്തിലെ സകല രാജ്യ ങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ നിരീശ്വര കോമരങ്ങളായി പ്രത്യ ക്ഷപ്പെട്ടിരിക്കുകയാണ്.

## ഇംഗ്ലണ്ടിൽ

ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക പ്രസിദ്ധീ കരണമാണ് 'എ.ബി.സി. ഓഫ് കമ്മ്യൂണിസം' എന്ന ഇംഗ്ലീഷ് പുസ്ത കം. ആ പുസ്തകത്തിന്റെ 11-ാം അദ്ധ്യായത്തിൽ ഇങ്ങനെ കാണുന്നു: "താത്വികമായും പ്രായോഗികമായും നോക്കിയാൽ മതവും കമ്മ്യൂ ണിസവും തമ്മിൽ ഒരിക്കലും രമ്യപ്പെടുകയില്ല... കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ നിർദ്ദേശങ്ങൾക്കു വിധേയനാകുന്നവൻ ഒരു മതവിശ്വാസിയ ല്ലാതായിത്തീരുന്നു .... അന്ധവിശ്വാസങ്ങളിലേയ്ക്ക് ചായ്ച്ചിലുള്ളവൻ ഒരു കമ്മ്യൂണിസ്റ്റുകാരനുമല്ലാതായിത്തീരുന്നു."

സ. ദാമോദരനോട് ഒരൊറ്റ ചോദ്യം: ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റു കാരുടെ ഈ പ്രബോധനം ഇന്നാട്ടിലെ മതബോധമുള്ള തൊഴിലാളി കളുടെ ഇടയിൽ പ്രചരിപ്പിക്കാൻ താങ്കൾക്ക് ധൈര്യമുണ്ടോ? ആത്മാർത്ഥതയുണ്ടെങ്കിൽ അങ്ങനെ ചെയ്യണം. എന്തുകൊണ്ടെ ന്നാൽ ഇന്ത്യയിലെ ഈശ്വരബോധമുള്ള ചില കർഷകരും തൊഴിലാ ളികളും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഒട്ടിച്ചേർന്ന് നിൽക്കുന്നുണ്ടെന്ന് എനിക്കറിയാം. 'ഐമു'വെന്നും 'കമ്മു'വെന്നും അറിയപ്പെടുന്ന അനേകം ചെറുപ്പക്കാർ ഈ കേരളത്തിലുണ്ട്. ദൈവബോധം കൈവി ടാതെ കമ്മ്യൂണിസത്തെ ആശ്ലേഷിക്കാമെന്നാണ് അവരുടെയൊക്കെ ധാരണ. ഹൃദയമുണ്ടെങ്കിൽ സ. ദാമോദരൻ വേണ്ടത് അത്തരം സാധു ക്കളെ ഉള്ള സത്യം പറഞ്ഞുമനസ്സിലാക്കി കമ്മ്യൂണിസ്റ്റ് പാർട്ടി യിൽനിന്ന് അകറ്റുകയാണ്.

www.malankaralibrary.com

ഇന്നാട്ടിലെ സഖാക്കൾ അത്ര പെട്ടെന്നൊന്നും അക്കാര്യം ചെയ്യുകയില്ല: അവർക്കറിയാം, പിച്ചള പുറത്താക്കിയാൽ ആദ്ധ്യാത്മിക പ്രബുദ്ധയായ ആധുനിക കേരളം തങ്ങളെ ആട്ടിപ്പായിക്കുമെന്ന് - തിരഞ്ഞെടുപ്പിൽ കെട്ടിവയ്ക്കുന്ന സംഖ്യ പൊട്ടിത്തെറിച്ച് തോറ്റുതുന്നം പാടുമെന്ന്. കഷ്ടം! കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അവരുടെ കൂടെക്കൂടിയ കെ.എസ്.പി., ആർ.എസ്.പി. എന്നീ മാർക്സിയൻ പാർട്ടികളുടെയും അടിയിൽക്കിടക്കുന്ന ആശയഗതി നാട്ടുകാർ അറിഞ്ഞിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ ഒരൊറ്റ സ്ഥാനം ഐക്യമുന്നണിക്ക് കിട്ടുമായിരുന്നോ? അരി 16 ഔൺസാക്കണമെന്ന ഐമുക്കാരുടെ വാഗ്ദാനത്തിൽ പട്ടിണി കിടന്ന് എല്ലുന്തിയ നമ്മുടെ ജനങ്ങൾ വിശ്വസിച്ചുപോയി. കമ്മ്യൂണിസ്റ്റ് കരാളസർപ്പമാണ് 'ഐക്യമുന്നണിക്കൂട'യിൽ ഒളിഞ്ഞിരിക്കുന്നതെന്ന് ആരുമറിഞ്ഞില്ല.

സത്യം മറച്ചുവച്ചു സാധാരണക്കാരെ വഞ്ചിച്ച ഈ സഖാക്കളെ കമ്മ്യൂ. വി. മുന്നണിയിതാ വെല്ലുവിളിക്കുന്നു. ധൈര്യമുണ്ടെങ്കിൽ സാമ്പിളിന് ഒരു കമ്മ്യൂണിസ്റ്റുകാരൻ അസംബ്ലിമെമ്പർ സ്ഥാനം രാജിവെച്ച് ഒരു ഉപതെരഞ്ഞെടുപ്പിന് തയ്യാറാകട്ടെ. പ്രജാധിപത്യ പ്രസംഗപീഠങ്ങളിൽ നിന്നുകൊണ്ട് കമ്മ്യൂണിസ്റ്റുകാർ അവരുടെ അടിസ്ഥാനാദർശങ്ങൾ വോട്ടർമാരുടെ മുമ്പിൽ വെക്കട്ടെ. മാർക്സിന്റെയും ലെനിന്റെയും സ്റ്റാലിന്റെയും മറ്റും ഉൽബോധനങ്ങൾ ഊന്നിപ്പറയുവാൻ മുന്നോട്ടുവരട്ടെ. അതാണ് പ്രജാധിപത്യ മര്യാദ.

നിങ്ങളീ സത്യങ്ങൾ തുറന്നുപറഞ്ഞില്ലെങ്കിൽ കേരളത്തിലെ നാനാമതസ്ഥരായ യുവജനങ്ങളിതാ അണിനിരന്നുവരുന്നു. ഞങ്ങളുടെ ജേഷ്ഠാനുജന്മാരെയും അമ്മപെങ്ങന്മാരെയും നിരീശ്വരച്ചെകുത്താന്മാർക്കു കുരുതി കൊടുക്കുവാൻ ഞങ്ങൾ കരുതിയിട്ടില്ല.

1930 ഫെബ്രുവരി 26-ാം തീയതി 'ഡെയ്‌ലി വർക്കർ' (ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപ്പത്രം) തുള്ളിക്കല്പിക്കുകയാണ്: "നമ്മുടെ പാർട്ടി മതത്തിനെതിരായ സമരം ഈ നിമിഷം ആരംഭിക്കുന്നതാണ്."

## ഓസ്ട്രേലിയയിൽ

ഓസ്ട്രേലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗികജിഹ്വയായ 'വർക്കേഴ്സ് വോയ്സ്' ഇക്കാര്യം തുറന്നു സമ്മതിക്കുന്നു: "കമ്മ്യൂണിസം മതവിരുദ്ധമാണെന്ന സത്യം ഒളിച്ചുവയ്ക്കുവാൻ കമ്മ്യൂണിസ്റ്റുകാർ വിചാരിക്കുന്നില്ല." (Worker's Voice 30.07.'38)

സിഡ്നിയിലെ മറ്റൊരു കമ്മ്യൂ. പത്രമായ 'വർക്കേഴ്സ് വീക്കിലി'

www.malankaralibrary.com

പറയുന്നു: "കമ്മ്യൂണിസത്തിന്റെ തത്വശാസ്ത്രം മാർക്സിസത്തിന്റെയും ലെനിനിസത്തിന്റെയും തത്ത്വശാസ്ത്രമാണ്. സ്വഭാവാതീതമായ സകല ഏജൻസികളെയും ഈ സിദ്ധാന്തം നിരാകരിക്കുന്നു. ഈ തത്വശാസ്ത്രം തികച്ചും നിരീശ്വരപരമത്രേ." (20.12.'38)

## പോളണ്ടിൽ

ഇക്കഴിഞ്ഞ യുദ്ധത്തിൽ ഹിറ്റ്ലറും സ്റ്റാലിനും തോളുരുമ്മി നിന്നുകൊണ്ട് പോളണ്ടിനെ കശാപ്പ് ചെയ്തത് നാമാരും മറന്നിരിക്കുകയില്ല. അക്കാലത്ത് മോസ്ക്കോവിലെ ജർമ്മൻ അമ്പാസിഡർ വോൺഷൂളൻബർഗ്ഗ് ജർമ്മൻ വിദേശകാര്യാലയത്തിലേയ്ക്കയച്ച ഒരു കമ്പിസന്ദേശത്തിന്റെ തനിപ്പകർപ്പിതാ:

| | |
|---|---|
| Very urgent | മോസ്കോ |
| നമ്പർ 3000 | സെപ്ത. 9-1939 |
| | രാവിലെ 12.56 |

മൊളോട്ടോവിൽനിന്ന് എനിക്കിപ്പോൾ താഴെപ്പറയുന്ന ടെലഫോൺ സന്ദേശം ലഭിച്ചു, "വാർസോയിൽ ജർമ്മൻ പടയുടെ പ്രവേശനത്തെപ്പറ്റിയുള്ള നിങ്ങളുടെ റിപ്പോർട്ട് കിട്ടി. എന്റെ അഭിനന്ദനം സദയം റീഷ് (ജർമ്മൻ) ഗവൺമെന്റിനെ അറിയിക്കുക. എന്ന്, മൊളോട്ടോവ്"

അങ്ങനെ, ആ ദുരന്തനാടകം നടന്നു. തുടർന്ന് കിഴക്കൻ യൂറോപ്പ് മുഴുവനും റഷ്യ കീശയിലാക്കി. എത്ര ലക്ഷം പേരെയാണ് കൊന്നതെന്ന് വിവരിക്കുക വിഷമം. ഈയിടെ ബാൾട്ടിക് ഹ്യുമാനിട്ടേറിയൻ സംഘടന പ്രസിദ്ധപ്പെടുത്തിയ ഒരു കണക്കിൽ റഷ്യക്കാരുടെ നരവേട്ടയെക്കുറിച്ച് വിവരിച്ചിരിക്കുന്നു:

| | | |
|---|---|---|
| എസ്റ്റോണിയാക്കാർ | - | 60973 |
| ലാറ്റിവിയക്കാർ | - | 34260 |
| ലിത്വാനിയാക്കാർ | - | 38450 |

14300 പോളീഷുദ്യോഗസ്ഥന്മാരും. കാന്റ് വനത്തിൽവച്ചാണ് അവരെ കൊന്നത്. 140000 ക്രൊയേഷ്യൻകാരെയും കാച്ചിപ്പൊരിച്ചു.

പോളിഷ് കമ്മ്യു. പാർട്ടി ഈയിടെ സഖാക്കൾക്കു കൊടുത്ത ഉദ്ബോധനം ഇങ്ങനെയാണ്:-"ലോകമാസകലമുള്ള നിരീശ്വരന്മാരുടെ നായകൻ സ്റ്റാലിനാണ്. പള്ളിയിൽ പോകുന്നതിൽ നിന്നും നിങ്ങളുടെ സ്നേഹിതന്മാരെ തടയണം. ഒരുറച്ച കമ്മ്യൂണിസ്റ്റുകാരൻ ഒന്നാംകിട നിരീശ്വരനായിരിക്കണം. വെടിവെപ്പിൽ പരിചയവും വേണം. ഒരു നിരീശ്വരൻ എപ്പോഴും ഉത്തമനായ ഒരു കമ്മ്യൂണിസ്റ്റാ

www.malankaralibrary.com

യിരിക്കും. ഒരു യഥാർത്ഥ നിരീശ്വരനാകാതെ നിങ്ങൾക്ക് ഒരു കമ്മ്യൂണിസ്റ്റോ ഒരു സോവ്യറ്റ് രാജ്യഭക്തനോ ആവാൻ സാധിക്കയില്ല. ഒരുവസ്തുവിന്റെ അകവും പുറവും പോലെയാണ് കമ്മ്യൂണിസവും നിരീശ്വരത്വും."

സഖാവ് ദാമോദരൻ പോളീഷ് കമ്മ്യു. പാർട്ടിയുടെ ഈ ആഹ്വാനം തന്റെ കമ്മ്യൂണിസ്റ്റ് പത്രത്തിലൊന്നു പ്രസിദ്ധീകരിച്ചാൽ കൊള്ളാം. ഈ ഔദ്യോഗിക രേഖകൾ കാണുമ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർ ഒരുപക്ഷെ ഇങ്ങനെ മുരളും: "അതൊക്കെ അങ്ങ കലെയല്ലേ? ഇവിടെ ഇന്ത്യയിൽ ഞങ്ങൾക്കങ്ങനെയുള്ള നിരീശ്വര പരിപാടിയൊന്നുമില്ല.

## ഇന്ത്യയിൽ

ഇന്ത്യയിലെ കമ്മ്യു. പാർട്ടിക്ക് നിരീശ്വരത്വവുമായുള്ള ബന്ധം എന്താണെന്നു പരിശോധിക്ക തന്നെ. സ:ജി. അധികാരി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു വലിയ നേതാവാണെന്ന് ആരാണ് സമ്മതിക്കാത്തത്? മീററ്റ് ഗൂഢാലോചനക്കേസിൽ അധികാരി കോടതിയിൽ കൊടുത്ത മൊഴിയാണിത്: "മാർക്സിന്റെ അനുയായികളും ഭൗതികവാദികളും എന്നനിലയിൽ ഞങ്ങൾ മതത്തിന്റെ കഠിനവിരോധികളും ദൈവത്തെ നിഷേധിക്കുന്നവരുമാണ്.... പ്രചരണങ്ങൾ കൊണ്ടുമാത്രം മതത്തെ ഉന്മൂലനം ചെയ്യാൻ സാധിക്കുകയില്ലെന്നു ഞങ്ങൾക്കറിയാം. വർഗ്ഗസമരത്തിന്റെ അടിസ്ഥാനത്തിന്മേൽ ആയിരിക്കണം മതത്തോടുള്ള പോരാട്ടമെന്നു ലെനിൻ ശക്തിയായി പറഞ്ഞിട്ടുണ്ട്. മതനശീകരണവേലയെ സംബന്ധിച്ചുള്ള ഞങ്ങളുടെ പ്രവർത്തനത്തെ പറ്റി ഇന്റർനാഷണലിന്റെ അഞ്ചാമത്തെ സമ്മേളനത്തിൽ വിശദമാക്കിയിട്ടുള്ളത് ഇങ്ങനെയാണ്: 'മതത്തോടുള്ള പോരാട്ടം ബുദ്ധിപൂർവ്വകമായും സൂക്ഷ്മതയോടും കൂടി നടത്തണം. പ്രത്യേകിച്ച് അനുദിനജീവിതത്തിൽ മതബോധം ശക്തിയായി വേരൂന്നിയിട്ടുള്ള തൊഴിലാളി വിഭാഗത്തിൽ ഈ സമരം വളരെ സൂക്ഷിച്ചുവേണ്ടതാണ്.."

"യേശുക്രിസ്തുവിന്റെ പാവനദൗത്യം പേറുന്ന സാർവ്വദേശിയ സംഘടന"യുടെ തീരുമാനമാണീ കണ്ടത്.

## കേരളത്തിൽ

കേരളത്തിലെ കമ്മ്യു. പാർട്ടിക്കാരുടെ കുറച്ചുകൊല്ലം മുമ്പുള്ള ഒരു പ്രസ്താവനയിൽ ഇങ്ങനെ കാണുന്നുണ്ട്. ഈ പ്രസ്താവന കേരളത്തിലെ കർഷകത്തൊഴിലാളികൾ മിക്കവരും കണ്ടിരിക്കയില്ല. "കമ്മ്യു. തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാൾക്കു മതപരമായ

www.malankaralibrary.com

ചിന്താഗതിയുള്ളവർക്കു കമ്മ്യൂണിസത്തിലോ വിശ്വസിക്കുക സാദ്ധ്യമല്ല. ആശയപരമായി മതത്തിന്റെ ആത്മീയ തത്വശാസ്ത്രത്തോടും അതിന്റെ നാമരൂപഭേദങ്ങളോടും കമ്മ്യൂ. പാർട്ടി സന്ധിയില്ലാത്ത സമരം നടത്തും." കേരളീയ സഖാക്കളുടെ ഒരു പ്രസ്താവനയാണികണ്ടത്. അങ്ങനെയെങ്കിൽ, ആത്മീയതത്വശാസ്ത്രത്തോടു സന്ധിയില്ലാത്ത സമരം നടത്താൻ തന്നെയാണോ സ.ദാമോദരൻ യേശുക്രിസ്തുവിനെപ്പിടിച്ച് മോസ്കോവിലിരുത്തിയിട്ടുള്ളത്.

'കൊച്ചിൻ സ്റ്റാലിൻ' എന്നപേരിൽ ഓമനപ്പേരും പേറി കമ്മ്യൂണിസ്റ്റു നേതാവായി വിരാജിച്ചു വിലസുന്ന സ: സി. അച്യുതമേനോൻ ഒരു പുസ്തകം രചിച്ചിട്ടുണ്ട്. "സോവിയറ്റ് നാട്" എന്നാണു പുസ്തകത്തിന്റെ പേർ. റഷ്യയിലെ സ്ഥിതിഗതികളും കമ്മ്യൂണിസ്റ്റുകളുടെ ആശയഗതികളും അപ്പുസ്തകത്തിൽ കുറെയൊക്കെ തെളിഞ്ഞുകാണാം. സഖാവ് ഇങ്ങനെ പ്രസ്താവിക്കുന്നു: "മനുഷ്യന്റെ ശൈശവത്തിൽ അവന്റെ നിസ്സഹായതയും അജ്ഞതയും തന്നെപ്പോലെയുള്ളവർക്കെങ്കിലും, തന്നെക്കാൾ എത്രയോ ശക്തനായ ഒരു ദൈവത്തെ സങ്കല്പിക്കാൻ അവനെ പ്രേരിപ്പിച്ചു. പരിഷ്കാരത്തിന്റെ പുരോഗമനത്തോടുകൂടി ഇതിന്റെ ആവശ്യം കുറഞ്ഞുവരുന്നു. ദൈവം എന്നത് അജ്ഞാതമായ എന്തോ ഒരു ശക്തിമാത്രമായി പരിണമിച്ചു. അങ്ങനെ ഒരു അജ്ഞാതശക്തിയേയും സങ്കല്പിക്കേണ്ട ആവശ്യമില്ലെന്നു തന്നെയല്ല, അങ്ങനെ സങ്കല്പിക്കുന്നതിൽനിന്ന് അതിൽ വന്നുചേരുന്ന മതത്തിന്റെ കുഴപ്പങ്ങൾ ദ്രോഹകാരികളായിത്തീരുമെന്നാണു റഷ്യാക്കാരുടെ അഭിപ്രായം." (സോവ്യറ്റ് നാട്, പേജ് 378)

റഷ്യാക്കാരുടെ ഈ അഭിപ്രായം സമ്യക്കായി തുറന്നു പറഞ്ഞ സ.അച്യുതമേനോൻ ഈയിടത്തെ അസംബ്ലി തിരഞ്ഞെടുപ്പിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിന്ന് ആകെയുള്ള 36935 വോട്ടിൽ കേവലം 7435 വോട്ടുമാത്രം കരസ്ഥമാക്കിക്കൊണ്ട് "വമ്പിച്ച വിജയം" വരിച്ചതും ഉടനടി മോസ്കോ റേഡിയോ 'കൊച്ചിൻ സ്റ്റാലിന്റെ' വിജയത്തിൽ ആഹ്ലാദിച്ചുകൊണ്ട് ആർഭാടം മുഴക്കിയതും ഇന്നലെയെന്നോണം കഴിഞ്ഞ സംഭവങ്ങളാണ്.

ആ പുസ്തകത്തിൽ മറ്റൊരിടത്തു സ.അച്യുതമേനോൻ എഴുതിയിരിക്കുന്നു: "സോവ്യറ്റു റഷ്യയുടെ ആശയം അചഞ്ചലമായ ഭൗതികവാദമാകുന്നു. ലോകഗതിയെ നിയന്ത്രിക്കുന്ന ഏതോ ഒരു അദൃശ്യശക്തിയുണ്ടെന്നും എന്തുതന്നെ ചെയ്താലും ആ ശക്തിയുടെ പ്രവർത്തനത്തെ വഴിതിരിക്കുവാൻ സാധിക്കുകയില്ലെന്നും ബോൾഷവിക്കുകാർ വിശ്വസിക്കുന്നില്ല. നമ്മുടെ ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും അതീതമായി ഈ പ്രപഞ്ചത്തിൽ യാതൊന്നുമില്ല."

www.malankaralibrary.com

ഇങ്ങനെ പോകുന്നു ആ സഖാവിന്റെ 'അരുളപ്പാടുകൾ' സ.ദാമോദരന് ഇതൊന്നും അറിയായ്കയില്ല. ഈശ്വരഭക്തിയിൽ പുളകം ചാർത്തുന്ന കേരളത്തെ വശീകരിക്കുവാൻ ഈ നിരീശ്വരപ്രകടനങ്ങൾ പറ്റില്ലെന്നു ദാമോദരൻ കരുതി. ഉടനെയൊരു വിദ്യ കണ്ടുപിടിച്ചു. അതനുസരിച്ച് യേശുക്രിസ്തു മോസ്കോവിലാണെന്നു പറഞ്ഞുപരത്തി അങ്ങനെ കേരളത്തിലെ 30 ലക്ഷം ക്രിസ്ത്യാനികളെ ഒന്നു മിരട്ടാൻ നോക്കി; അത്രമാത്രം.

സ.ദാമോദരന്റെ ആ പുസ്തകത്തിനു മറ്റൊരു ഗൂഢോദ്ദേശ്യം കൂടിയുണ്ട്. നാലാം നൂറ്റാണ്ടുമുതലുള്ള സകല മാർപാപ്പാമാരും ചക്രവർത്തികളുടെ പിന്താങ്ങികളാണെന്ന് സ്ഥാപിച്ചു കത്തോലിക്കാ തിരുസ്സഭയെ കരിതേയ്ക്കുവാൻ സഖാവ് കൊണ്ടുശ്രമിച്ചിരിക്കുന്നു. ഒരു പ്രത്യേകമതവിഭാഗത്തിന്റെ അഭിമാനത്തെ -45 കോടിയോളം വരുന്ന ജനതയുടെ ഹൃദയത്തെ - ഒരു വാരിക്കുന്തപ്രയോഗം നടത്തി മുറിപ്പെടുത്തുവാനാണു സഖാവ് സാഹസപ്പെട്ടത്. മാർപാപ്പായോടുള്ള ഈ ചന്ദ്രഹാസമിളക്കൽ നിങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ ജൂബിലിവർഷത്തിൽ പന്ത്രണ്ടാംപീയൂസ് തിരുമേനിയുടെ-പ്രശാന്തഗംഭീരനും പുണ്യപ്രഗല്ഭനുമായ ആ ആദ്ധ്യാത്മിക കേസരിയുടെ -മുമ്പിൽ നമസ്കരിച്ചു വീണുകൊണ്ട് അനേകശതം കമ്മ്യു.സഖാക്കൾ തങ്ങളുടെ പാർട്ടിക്കാർഡുകൾ കീറിക്കളഞ്ഞതോടെ റഷ്യൻചാരന്മാരുടെ പല്ലിറുമ്മൽ പൂർവ്വോപരി ശക്തിപ്പെട്ടിരിക്കുകയാണ്.

കോൺസ്റ്റന്റയിൽ ചക്രവർത്തിയുടെ കാലംതൊട്ടാണത്രേ ക്രൈസ്തവസഭ അധഃപതിച്ചത്. അന്നുതൊട്ട് ഇന്നുവരെ പരി. മാർപാപ്പാമാരെല്ലാം ചക്രവർത്തികളുടെ വെറും പാവകളും! നാലാം നൂറ്റാണ്ടോടെ നശിച്ചുപോയി ക്രൈസ്തവസഭ! മദ്ധ്യശതകങ്ങളിലെ യൂറോപ്യൻ പുരോഗമനത്തിൽ (മദ്ധ്യശതകങ്ങളിലാണു യൂറോപ്യൻ നാഗരികത ഉയർന്നുവന്നതെന്നു സകല ചരിത്രകാരന്മാരും തലകുലുക്കി സമ്മതിക്കുന്നു) മാർപാപ്പാമാർ വഹിട്ടുള്ള പങ്കും നിർവഹിച്ചിട്ടുള്ള ധീരസേവനങ്ങളും എന്തൊക്കെയെന്ന് ദാമോദരന് അറിയാമോ? ക്രിസ്തുവിന്റെ പ്രതിപുരുഷന്മാർ ചക്രവർത്തികളുടെ വാലിൽതൂങ്ങികളാണത്രെ? അങ്ങനെയെങ്കിൽ എന്തിനാണു ജർമ്മൻ ചക്രവർത്തി ഓട്ടോപ്രഥമൻ പാപ്പായായ ജോൺ 12-ാമന്റെ നേർക്കു ചാടിവീണത്? ഫ്രഞ്ചു ചക്രവർത്തിയായ ഫിലിപ്പു നാലാമൻ ബനഡിക്ട് 11-ാമനെ ബന്ധനത്തിലാക്കിയതു? ഹെൻട്രി(ഇംഗ്ലണ്ട്) എട്ടാമൻ എന്തിനാണു ഗർജ്ജിച്ച് ഗദവീശിയത്? നെപ്പോളിയനെന്തിനാണ് (1789-1815) പാപ്പായെ ഇരുമ്പഴിക്കുള്ളിലിട്ടത്? ഹിറ്റ്ലർ സഭയെ ഞെരുക്കിയ

www.malankaralibrary.com

തൊന്നും സഖാക്കൾ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. മുസ്സോലിനിയുടെ ഒരു മൂക്കുകയറായിരുന്നു വാസ്തവം പറഞ്ഞാൻ പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ്. ചക്രവർത്തികളുടെ സാമ്രാജ്യദുരയെയും, സർവ്വാധിപതികളുടെ മർദ്ദനവിതാനങ്ങളെയും. മുതലാളികളുടെ മുഷ്കരത്വത്തെയും ആദർശദാർഢ്യത്തോടെ അപലപിച്ചിട്ടുള്ളവർ മാർപാപ്പാമാരല്ലെങ്കിൽ പിന്നെ ആരാണ്? അടിമകളുടെ തുടലുപൊട്ടിക്കുവാനുള്ള ആയിരമായിരം പുരോഹിതന്മാരുടെ പുരോഗമനം മദ്ധ്യശതകചരിത്രത്തെ മനോഹരമാക്കിയിരിക്കുന്നു. ഈ ധീരസേവനത്തിനായി മാർപാപ്പാമാരുടെ ആഹ്വാനമനുസരിച്ച് അനേകം പ്രേക്ഷിതസംഘങ്ങൾ തന്നെ രൂപമെടുത്തു. പ്രഭുക്കളുടെ കൊടും ഭീഷണികളും ഭീകരമർദ്ദനങ്ങളും സഹിച്ചുകൊണ്ട് ആ ധർമ്മയോദ്ധാക്കൾ മുന്നേറി. പീറ്റർ ക്ലേവർ എന്ന ഒരൊറ്റ വൈദികൻ 2 ലക്ഷം അടിമകളെയാണ് സ്വതന്ത്രരാക്കിയത്.

നാലാം നൂറ്റാണ്ടോടെ സഭയുടെ സേവനപാരമ്പര്യം അസ്തമിച്ചുവെന്ന് അട്ടഹസിക്കുന്ന സഖാവ് ഈ വസ്തുതകൾ മനസ്സിലാക്കിക്കാണുകയില്ല. റോമാപാപ്പാമാരുടെ വമ്പിച്ച ധനനിക്ഷേപങ്ങളെക്കുറിച്ച് ഒരു നീണ്ടപട്ടികയും ദാമോദരൻ കൊടുത്തിട്ടുണ്ട്. ഈ കള്ളക്കണക്ക് ഇറ്റലിയിലേ ഒരു വിപ്ലവകാരിയും റാഡിക്കൽ സോഷ്യലിസ്റ്റുമായ നെനിൻ എന്ന മനുഷ്യനാണ് ആദ്യം വെളിക്കിട്ടത്. ആ രേഖകൾ ശുദ്ധകളവാണെന്ന് അന്നുതന്നെ ഇറ്റാലിയൻ പത്രങ്ങളിൽ തെളിയിച്ചിരുന്നതാണ്. സ. ദാമോദരൻ ഈവിധം ഛർദ്ദിച്ചതു വിഴുങ്ങുന്നതു കാണുമ്പോൾ ആർക്കാണ് അസുഖം തോന്നാതിരിക്കുക?

എന്നാൽ ഒരു കാര്യം സത്യമാണ്. തിരുസ്സഭാതലവൻ വെറും പാപ്പരല്ല. വത്തിക്കാനെന്ന ഒരു സ്വതന്ത്രഭരണകൂടത്തിന്റെ ഭൗതികാധികാരികൂടെയാണദ്ദേഹം. അമ്പതോളം അമ്പാസിഡർമാർ (റഷ്യക്കാരില്ല) വത്തിക്കാനിൽ വസിക്കുന്നു. ലോകത്തിന്റെ വിദൂരകോണുകളിലും വത്തിക്കാന്റെ പ്രതിനിധികൾ ഉണ്ട്. 45 കോടി ജനങ്ങളുടെ അനിഷേധ്യനതാവാണാ തിരുമേനി. ഭൂഗോളത്തിന്റെ വിവിധ ഭാഗങ്ങളിലായി 10 ലക്ഷം പ്രേക്ഷിതഭടന്മാരാണ് അവിടുത്തെ ആഹ്വാനം കേട്ട് നാടുംവീടും വിട്ട് സേവനരംഗത്തിറങ്ങിയിട്ടുള്ളത്. പസഫിക്കിലേ പവിഴപ്പുറ്റുദ്വീപിലും സഹാറയിലെ ചുടുകാട്ടിലും ധ്രുവപ്രദേശങ്ങളിലെ ഹിമത്തടങ്ങളിലും അവർ എത്തിക്കഴിഞ്ഞിരിക്കുന്നു. ആയിരമായിരം സൗജന്യാസ്പത്രികളും പരസ്സഹസ്രം പരോപകാരസ്ഥാപനങ്ങളും ആ തിരുമേനി നടത്തുന്നു. ഇന്ത്യയിൽത്തന്നെ എത്രയോ ധർമ്മസ്ഥാപനങ്ങൾ അവിടുത്തേ കരസ്പർശമേറ്റു വളരുന്നു. ആസാമിലേ മലയിടുക്കുകളിൽ ചെന്ന് ക്രിസ്തീയമിഷനറി

www.malankaralibrary.com

മാർ ചെയ്യുന്ന ധീരസേവനങ്ങളെപ്പറ്റി ഗവർണ്ണർ ശ്രീപ്രകാശ് ഈയിടെ ചെയ്ത പ്രസ്താവന ആരെയാണു പുളകം കൊള്ളിക്കാതിരിക്കുക? കാശ്മീരിലെ മഞ്ഞേറ്റും താർ മരുപ്പരപ്പിലെ ചൂടേറ്റും വിന്ധ്യൻമല കളിലെ കൊതുകുകടിയേറ്റും നിരന്തരം സാമൂഹികസേവനം ചെയ്തു വരവെ മലമ്പനിയും മഞ്ഞപ്പിത്തവും ക്ഷയവും ക്ഷീണവുമായി അകാലമരണമടയുന്ന കേരളീയയുവാക്കളെക്കുറിച്ചു വെറും മൈതാനപ്രസംഗികളായ കമ്മ്യൂണിസ്റ്റുകാർക്കു വല്ലതും അറിയാമോ? ഈ പ്രേക്ഷിതസേനാവ്യൂഹത്തെ ക്രമാനുസൃതം പാലിക്കേണ്ട മാർപാപ്പാ-സഹസ്രക്കണക്കിലേക്കു ധനഹായം ചെയ്യേണ്ട ആ ധാർമ്മിക ചക്രവർത്തി-ഒരു ചില്ലിക്കാശില്ലാതെ കൈയുംമലത്തി വായും പൊളിച്ചങ്ങിരിക്കണമെന്നാണോ സഖാവു ദാമോദരൻ പറയുന്നത്?

കേരളത്തിലേ സുപ്രസിദ്ധ കഥാകൃത്തായ ശ്രി. എസ്.കെ.പൊറ്റക്കാട് തന്റെ റോമാസന്ദർശനത്തെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയിരുന്ന ലേഖനപരമ്പരകൾ വായിച്ചാൽ, പാപ്പാമാർ മനുഷ്യ സമുദായത്തിനു ചെയ്യുന്ന അതുല്യസേവനത്തെക്കുറിച്ച് ഒരല്പ ജ്ഞാനമെങ്കിലും സഖാക്കൾക്കുണ്ടായേനെ. മതവിദ്വേഷികൾ പടച്ചിറക്കുന്ന കിംവദന്തികൾ അതേപടി ശാപ്പിടുന്ന ചിലചില എഴുത്തുകാർ റോമാ മാർപാപ്പാമാരെക്കുറിച്ചു വിധിയെഴുതുന്നതു കാണുമ്പോൾ ഞങ്ങൾക്കു ചിരിവരുകയാണ്.

ഹിറ്റ്ലറുടെ മർദ്ദന നുകത്തിൽനിന്നു ചാടിക്കടന്ന ആയിരക്കണക്കിനു യഹൂദർക്കാണു പാപ്പാ സങ്കേതമരുളിയത്. ഇപ്പോഴത്തെ സഭാതലവനായ പന്ത്രണ്ടാംപീയൂസ് തിരുമേനിയുടെ വിശാലഹൃദയം ഇതിനകം നാനാമതസ്ഥരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിരിക്കുന്നു. യുദ്ധാനന്തരഭക്ഷണക്ഷാമം പരിഹരിക്കാൻ 30 ലക്ഷം കിലോഗ്രാം തൂക്കം വരുന്ന ഭക്ഷണപ്പാഴ്സലുകളാണു വിവിധരാജ്യങ്ങളിലേക്കു തിരുമേനി അയച്ചത്. ജർമ്മനിയിലേക്കു തന്നെ 200 റെയിൽവേ വാഗൺ ഭക്ഷണസാധനങ്ങൾ അവിടുന്നയച്ചു. 1947-ൽ യുദ്ധാനന്തരക്ഷാമനിവാരണാർത്ഥം 70ലക്ഷം പവനാണ് പന്ത്രണ്ടാം പീയൂസ് വിതരണം ചെയ്തത്. അപ്പോൾ കമ്മ്യൂണിസ്റ്റുകാർ പറയും "അദ്ദേഹം എന്നാലൊരു കോടീശ്വരനാണ്" എന്ന്. സ്വാമി വിവേകാനന്ദൻ, മഹാത്മജി തുടങ്ങിയവർ രാമകൃഷ്ണൻ, ഹരിജനോദ്ധാരണസംഘം മുതലായ മഹാപ്രസ്ഥാനങ്ങൾ വഴി ലക്ഷക്കണക്കിനു സംഖ്യചെലവുചെയ്തത് അവരൊക്കെ കോടീശ്വരന്മാരായിട്ടാണോ? ഉദാരമതികളിൽ നിന്നുകിട്ടുന്ന ചെറുചെമ്പുകാശുകൾ കൂട്ടിയിട്ടാണു മാർപാപ്പാമാർ ഈ സംഖ്യയെല്ലാം സംഭരിച്ചു വിതരണം ചെയ്യുന്നത്. 100ലക്ഷം രൂപ ഈയിടെ റഷ്യയിൽ നിന്നു ലഭിച്ച ഇന്ത്യൻ കമ്മ്യൂ.

www.malankaralibrary.com

പാർട്ടി ഇന്നാട്ടുകാരനായ അർദ്ധപ്പട്ടിണിക്കാർക്ക് ഒരു ചില്ലിക്കാശു കൊടുത്തിട്ടുണ്ടോ? മൂന്നുമാസം അഖിലകേരള കമ്മ്യു.പാർട്ടിയുടെ ഒരുവർഷാന്തസമ്പൂർണ്ണസമ്മേളനം (പ്ലീനം) നടക്കുകയുണ്ടായി. അന്നാട്ടുകാർ പറയുന്നതു ശരിയാണെങ്കിൽ, അയ്യൻനമ്പൂതിരിയുടെ ആശ്രമപ്പറമ്പിൽ കൂടിയ ഒളരിക്കരയിലെ ആ ഒളിസമ്മേളനം കൊന്നു തിന്ന കോഴികളുടെ കുന്നുകുന്നായിക്കിടന്ന പപ്പും തൂവലുമല്ലാതെ മറ്റുവല്ലതും നാട്ടുകാർക്കു സമ്മാനിച്ചോ?

'ഠ' വലിപ്പത്തിലുള്ള തൃശൂർരൂപതയിൽ രണ്ടുലക്ഷം രൂപാ സാധുക്കൾക്കു നല്കിയതായി വി.ഡി. പോൾ സംഘത്തിന്റെ വാർഷികറിപ്പോർട്ടിൽ കാണുന്നു. നൂറുനൂറു യുവജനങ്ങൾ അഗതിശുശ്രൂഷ നടത്തുന്നു. നിർദ്ധനരായി വിദ്യാർത്ഥികളെ ഹൈസ്കൂളിലും കോളേജിലും പഠിപ്പിക്കുന്നു. കഴിവില്ലാത്തവർക്കു കറവപ്പശുവിനെ വാങ്ങിക്കൊടുക്കുന്നു; നെയ്ത്തുതറികൾ നിർമ്മിച്ചുകൊടുക്കുന്നു. നിഷ്കാമമായ സേവനത്തിന്റെ ഈ വിവിധരൂപങ്ങൾ കാണുമ്പോൾ ആരാണു വിസ്മയിക്കാതിരിക്കുക! എല്ലാ രൂപതകളിലും ഇതുതന്നെ തുടരുന്നു.

എന്നാൽ രാഷ്ട്രീയനിഗൂഢോദ്ദേശ്യങ്ങൾക്കൂടാതെ ഈ ദൃശങ്ങളായ വല്ല സേവനവും സഖാക്കൾ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയട്ടെ.

ഇന്നാട്ടിലെ കർഷകരുടെയും തൊഴിലാളികളുടെയും സാമ്പത്തികസുസ്ഥിതിക്കും സാമൂഹികഭദ്രതയ്ക്കും ഈ ദാനദർമ്മങ്ങൾ ഒട്ടും മതിയാവുകയില്ലെന്നു ഞങ്ങൾക്കറിയാം. രാഷ്ട്രീയാധികാരമില്ലാത്ത ഒരു ആദ്ധ്യാത്മികമണ്ഡലത്തിൽ നിന്നുകൊണ്ട് ഈ ദൃശങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യാനേ ആർക്കും സാധിക്കൂ. സമർത്ഥവും പുരോഗമനാത്മകവുമായ സാമ്പത്തികവീക്ഷണത്തോടുകൂടി ഇന്നാട്ടിലെ തൊഴിലാളി പ്രശ്നത്തെയും ഭൂപ്രശ്നത്തെയുമൊക്കെ കൈകാര്യം ചെയ്യുക ജനകീയഗവണ്മെന്റിന്റെ ചുമതലയിൽപ്പെടുന്നു.

എന്റെ സമർത്ഥനും ഇത്രയേയുള്ളു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ വ്യക്തിഗതമായി താല്പര്യമില്ലാത്ത ഒരു കൂട്ടർ ഭരണകൂടം കൈയിൽ കിട്ടിയാൽ കരിങ്കടൽത്തീരത്തു മൂന്നുവേനൽക്കാല രാജമന്ദിരങ്ങൾ നിർമ്മിച്ച സഖാവ് സ്റ്റാലിനെ തന്നെ അനുകരിക്കും. അവരുടെ ഭരണകാലത്തു പട്ടിണികിടന്ന പിച്ചപ്പാളയെടുത്തു നടക്കുന്നവരെ തെരുവുകളിൽനിന്നു കമ്മ്യു. പോലീസ് ആട്ടിയോടിക്കുകയും ചെയ്യും. കത്തോലിക്കരിൽ പിശുക്കന്മാരില്ലെന്നോ പിന്തിരിപ്പന്മാരില്ലെന്നോ ഞാൻ പറയുന്നില്ല. കമ്മ്യു.സഖാക്കളാൽ കരിതേയ്ക്കപ്പെടത്തക്കവണ്ണം അത്രയ്ക്കൊന്നും അധഃപതിച്ചിട്ടില്ല കത്തോലിക്ക

www.malankaralibrary.com

രെന്നേ എനിക്കു വിവക്ഷയുള്ളു.

ക്രൈസ്തവരുടെ മനോഹരദേവാലയങ്ങളും വെണ്മയുള്ള ബലിപീഠങ്ങളും കാണുമ്പോൾ 'കണ്ണുകടി'ക്കുകയാണു കമ്മ്യൂണിസ്റ്റുകൾക്ക്. കേരളത്തിലെ ക്രൈസ്തവർ ആറുതൂർത്തു ഞാറുനട്ടും കാടുകേറി കൃഷിചെയ്തും മാനമായി ജീവിക്കുന്നു. തങ്ങളുടെ ദൈവാലയം ചിതൽപിടിക്കാനോ വൈദികർ അനാഥരായി അലഞ്ഞിതിരിയാനോ അവർ സമ്മതിക്കുന്നില്ല. അവരുടെ മെത്രാന്മാർ സ്ഥാനോചിതമായി സാഭിമാനം വർത്തിക്കുന്നതിൽ സ. ദാമോദരൻ വിഷമിക്കരുത്.

തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ദുഷിച്ച മുതലാളികളെ സഭാപിതാക്കന്മാർ ചങ്കൂറ്റത്തോടെ എതിർത്തു വരുകയാണ്. പതിമ്മൂന്നാം ലെയോയുടെ 'റേരുംനൊവാരും' സഖാവൊന്നു വായിച്ചു നോക്കട്ടെ. ഈ പതിമൂന്നാം ലെയോ ഒരു സോഷ്യലിസ്റ്റാണെന്നു പറഞ്ഞു തുള്ളിപ്പറന്ന യൂറോപ്പിലെ മൂരാച്ചിപ്രഭുക്കളെക്കുറിച്ചു ട്രെയിഡ് യൂണിയൻ നേതാവായിരുന്ന ജർമ്മനിയിലെ ബിഷപ്പ് കെട്ലറിനെക്കുറിച്ചു സഖാവു കേട്ടിട്ടില്ല.

കപ്പൽതൊഴിലാളികളുടെ പണിമുടക്കം നയിച്ച ഇംഗ്ലണ്ടിലെ കാർഡിനൽ മാനിംഗിനെ മാർക്സിസ്റ്റുകൾ മാനിക്കുന്നില്ല. ഏഴകളുടെ തോഴനായ ഫാദർ ജോസഫ് കാഡയിന്റെ സേവനങ്ങൾ ഇക്കൂട്ടർ കണ്ടിട്ടില്ല. അവിടെയാണ് 'അക്കിടി.'

ഇക്കൊല്ലം റോമിലേ പ്രഭുകുടുംബങ്ങളിലേ ചില അംഗങ്ങൾ 12-ാം പീയൂസ് തിരുമേനിയെ സന്ദർശിച്ച നവത്സരഭാവുകങ്ങൾ ആശംസിച്ച അവസരത്തിൽ അവിടുന്ന് അവരോടിപ്രകാരമാണു പറഞ്ഞത്: "നിങ്ങളുടെ പൂർവ്വികമഹിമകളും സാമൂഹികപദവികളും നിങ്ങൾക്കു നഷ്ടീഭവിച്ചിരിക്കുന്നു. വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യത്തെ തന്റേടത്തോടും, അചഞ്ചലരായും നിങ്ങൾ അഭിമുഖീകരിക്കണം.... നിങ്ങൾക്കു സാധാരണജനങ്ങളിൽ നിന്നു ഭിന്നമായ യാതൊരവകാശവും ഇറ്റാലിയൻഭരണഘടന വാഗ്ദാനം ചെയ്യുന്നില്ല. ചരിത്രത്തിന്റെ ഒരു താൾ മറിയ്ക്കപ്പെട്ടിരിക്കുന്നു. ഒരദ്ധ്യായം സമാപിച്ചിരിക്കുന്നു; കഴിഞ്ഞുപോയകാലം വരയിട്ടു വേർപെടുത്തപ്പെട്ടിരിക്കുന്നു;സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകത എന്നേക്കുമായി അസ്തമിച്ചിരിക്കുന്നു.

"ഒരുപുതിയ അദ്ധ്യായം തുറന്നിരിക്കയാണ്. വളരെ വ്യത്യസ്തമായ ജീവിതരീതികളെ അതുൽഘാടനം ചെയ്യുന്നു. ആർക്കും ഇഷ്ടംപോലെ വ്യാഖ്യാനിക്കാം ഈ പരിവർത്തനത്തെ. പക്ഷെ,

www.malankaralibrary.com

ഇതു ചരിത്രത്തിന്റെ അലംഘനീയവും അപ്രതിഹതവുമായ പുരോഗതിയുടെ ഒരു പാദമുദ്രയാകുന്നു. ഉച്ചനീചത്വം പുലർത്തുകയും അങ്ങനെ ഒരുജനവിഭാഗത്തിന്റെ വൈരാഗ്യത്തിനുവളം വയ്ക്കുകയും ചെയ്യുന്നതുകൊണ്ടു നിങ്ങൾക്കെന്തു പ്രയോജനം? കലർപ്പില്ലാത്ത പരമാർത്ഥത്തിന്റെ മുമ്പിൽ ഒടുവിൽ സകലരും ശിരസ്സു നമിച്ചേ മതിയാവൂ. ഭീരുക്കളാകാതെ, ചഞ്ചലരാകാതെ നിങ്ങൾ കാലത്തിനൊത്തു നീങ്ങുക....ജനതയുടെ ഉൾക്കർഷത്തിന് അരയും തലയും മുറുക്കുക. പൊതുജീവിത്തിൽ വിലയേറിയ പലസംഭാവനകളും നല്കാൻ നിങ്ങൾക്കു കഴിയും. സമകാലികമായ വാസ്തവികതയെ ഗ്രഹിക്കത്തക്കവണ്ണം വീക്ഷണവൃത്തത്തെ വികസിപ്പിക്കുകയും നിസ്സങ്കോചം സാധാരണജനങ്ങളുമായി കൈകോർത്തു പ്രവർത്തിക്കുകയും അങ്ങനെ സുന്ദരമായ ഒരു സമൂഹനീതിയെ കെട്ടിപ്പടുക്കുകയും ചെയ്യുക." പ്രഭുക്കന്മാരുടെ പിന്താങ്ങികളാണു മാർപാപ്പാമാരെന്നു മുദ്രയിടുന്ന കമ്മ്യൂണിസ്റ്റുകൾ ഈ പ്രസ്താവനയെക്കുറിച്ച് എന്തുപറയുന്നു?

റഷ്യയിലെ ഭീകരമർദ്ദനങ്ങളെ തൊലിയുരിഞ്ഞു കാണിക്കുന്നുവെന്നതാണു പാപ്പാമാരോടുള്ള സ്റ്റാലിന്റെ വിരോധം.

## റഷ്യയുടെ തനിനിറം

വിശ്വപ്രസിദ്ധനായ ഒരു കമ്മ്യൂണിസ്റ്റുനേതാവായിരുന്നു ജനറൽ കമ്പാസിനോ. സ്പെയിനിൽ 1936-39ൽ നടന്ന സമരത്തിന്റെ തലവൻ. 1,39,000 കത്തോലിക്കരെ കഴുത്തറുത്ത ആ ദുരന്തനാടകത്തിന്റെ നെടുംനായകൻ. അനേകായിരം ദേവാലയങ്ങളെ ആ വിപ്ലവകാരി ചുട്ടെരിച്ചു. അനേകശതം ദിവ്യസക്രാരികൾ ആ നിരീശ്വരൻ കുത്തിപ്പൊളിച്ചു. പക്ഷെ ആ സമരത്തിൽ സ്പെയിനിലെ കത്തോലിക്കരാണ് അവസാനം ജയിച്ചത്. ഉടനെ കമ്പാസിനോ ഒളിവിൽ പോയി. 1939-ൽ ഹാവർ തുറമുഖത്ത് ഒരു റഷ്യൻ കപ്പൽ വന്നുനിന്നു. സ്പെയിനിലെ കമ്മ്യു.നേതാക്കൾ അതിൽക്കയറി. നേതാവു ജനറൽ കമ്പാസിനോ അടക്കം 350 വിപ്ലവവീരന്മാർ. 'പ്രവദ' യുടെ പ്രസിദ്ധലേഖകനായ ജലിയ ഹെർബർഗും ആ സ്വീകരണക്കപ്പലിൽ ചെന്നിരുന്നു. കപ്പൽ റഷ്യൻ തുറമുഖത്തെത്തി. വമ്പിച്ച സ്വീകരണം ആ സ്പാനീഷ് സുഹൃത്തുക്കൾക്കു കിട്ടി. ഇന്റർ നാഷണലിന്റെ തലവൻ പെപ്പോ കമ്പോസിനോയെ മുക്തകണ്ഠം പ്രശംസിച്ചു. ജനറൽ കമ്പാസിനോ കുറച്ചുകാലം റഷ്യയിൽ ചുറ്റിസഞ്ചരിച്ചു. കമ്മ്യൂണിസ്റ്റുകാരുടെ ആ കണ്ണിലുണ്ണി ആ പര്യടനത്തിനുശേഷം റഷ്യ വിട്ടു. അദ്ദേഹമിപ്പോൾ ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. (സ്പെയിനിലെ ഭയാനകമായ ആ ഭീകരപ്രവർത്തകൻ സോവ്യറ്റു റഷ്യയിലെ മർദ്ദനവി

www.malankaralibrary.com

ധാനങ്ങൾ കണ്ട് ഈവിധം മനസ്സലിയണമെങ്കിൽ!)

"Life and Death in U.S.S.R." "സോവ്യറ്റ് റഷ്യയിലെ ജീവിതവും മരണവും" എന്നാണ് ആ അഭിനവ ഗ്രന്ഥത്തിന്റെ പേര്. കമ്പാസിനോ എഴുതിയിരിക്കയാണ്: "ഹൃദയഭേദകമായ കാഴ്ചകൾ ഞങ്ങൾ ലെനിൻഗ്രാഡിൽ കണ്ടു. ഇടിഞ്ഞുപൊളിഞ്ഞ കൊച്ചുകുടിലുകൾ, അസ്ഥികൂടംപോലുള്ള ചെറ്റക്കുടിലുകൾ-അതാണു റഷ്യൻ തൊഴിലാളികളുടെ നിത്യവസതികൾ. ഞാൻ പെപ്പോയോടു ചോദിച്ചു: "സ്നേഹിതാ തൊഴിലാളികൾക്കു ചെറ്റക്കുടിലുകളോ?" "ഞങ്ങൾ ഫാക്ടറിയെ വിലമതിക്കുന്നു" എന്നാണ് അപ്പോൾ പെപ്പോ പ്രതിവചിച്ചത്. സ്റ്റേഷനിൽ കണ്ടകാഴ്ച ദയനീയം തന്നെ. കീറിപ്പഴകിയ വസ്ത്രങ്ങളുടുത്ത, ഒട്ടിയവയറുകളോടുകൂടിയ, കുറെ മനുഷ്യക്കോലങ്ങൾ, ഞങ്ങളെക്കണ്ടയുടൻ പിച്ചച്ചിരട്ടയുമായി അവർ പാഞ്ഞെത്തി. തൽക്ഷണം ഒരുസംഘം പോലീസ് അവരെ അടിച്ചു പമ്പകടത്തി" ജനറൽ കമ്പാസിനോ തുടരുന്നു: "ലെനിൽഗ്രാഡിൽ നിന്നു മോസ്കോവിലേയ്ക്കു ഞങ്ങൾ ട്രെയിനിലാണി പോയത്. സ്പാനീഷ് കമ്മ്യൂ.മേധാവിയെന്ന നിലയിൽ എന്നെ മോസ്കോവിലെ ജനങ്ങൾ പാർത്തിരുന്നു. മേരിനോ ഹൗസിലായിരുന്നു ഞാൻ താമസിച്ചത്. ഞാൻ ഫ്റീൻസിലെ പടത്തലവന്മാരുടെ ഒരു കളരിയിൽപോയി. അവിടെ 6,000 വിദ്യാർത്ഥികളുണ്ട്. അവരിൽ 5994 പേരും ഉയർന്ന കമ്മ്യൂണിസ്റ്റുകാരുടെ മക്കളാണ്. തൊഴിലാളിവർഗ്ഗത്തിൽ നിന്നും 6 പേർ മാത്രം. മൂന്നു രീതിയിൽ ഭക്ഷണം കൊടുക്കുന്നു. പ്രഫസർമാർക്കും എനിക്കും ഒന്നാംതരം. കീഴുദ്യോഗസ്ഥന്മാർക്കു രണ്ടാം തരം. വിദ്യാർത്ഥികൾക്കു വേറൊരുതരം"

## 230ലക്ഷം അടിമകൾ

ഹൃദയസ്പൃക്കായവണ്ണം ജനറൽ കമ്പാസിനോ ഒരു വസ്തുത വെളിപ്പെടുത്തുന്നു: റഷ്യയിലെ അടിമത്താവളങ്ങളുടെ ഒരു നീണ്ടപട്ടിക. വ്ളാഡിവസ്കോയിലും സെബാസ്റ്റപ്പോളിലും കാർക്കോവിലും ആർട്ടിക് തീരത്തും കരിങ്കടൽ കരകളിലും അടിമവേല ചെയ്യുന്നവരുടെ ഒരു സ്ഥിതിവിവരണക്കണക്ക്. ജനറൽ കമ്പാസിനോയുടെ വിവരണത്തെത്തന്നെ നമുക്കനുഗമിക്കാം. "ഞാൻ വെല്ലുവിളിക്കുന്നു. സർവ്വാധിപതിയായ സ്റ്റാലിനേയും രഹസ്യപ്പോലീസ് മേധാവിയായ ബെറിയെയും വിദേശമന്ത്രിയായ വിഷിൻസ്കിയേയും ഞാനിതാ വെല്ലുവിളിക്കുന്നു. 1949വരെ എന്റെ കണ്ണിൽകണ്ട നഗ്നസത്യങ്ങളാണ് ഞാനീ നിരത്തിവെയ്ക്കുന്നത്. ഒരു കമ്മീഷന്റെ മുമ്പാകെ ഈ വസ്തുതകൾ തെളിയിക്കുവാൻ ഞാൻ സന്നദ്ധനാണ്. ആകെ 23 മില്യൻ (230ലക്ഷം) അടിമവേലക്കാർ സോവിയറ്റ് റഷ്യയിലുണ്ട്. അർദ്ധപ്പട്ടി

www.malankaralibrary.com

ണികിടന്നു കഠിനവേല ചെയ്യുന്ന ഈ മനുഷ്യസഹോദരങ്ങളെ വീണ്ടെടുക്കുവാനുള്ള ധാർമ്മികചുമതല ലോകം മറന്നു കളയരുത്."

ജനറൽ കമ്പാസിനോ അനേകപേജുകളിലായി വ്യക്തമായ രൂപത്തിൽ സ്ഥലവും എണ്ണവും അദ്ധ്വാനരീതിയും എല്ലാം വിവരിച്ചുകൊണ്ടാണ് ഈ 230 ലക്ഷത്തിന്റെ ദയനീയാനുഭവങ്ങൾ നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്!

യേശുക്രിസ്തു മോസ്കോവിലുണ്ടെങ്കിൽ ആദ്യം അദ്ദേഹം ഈ 230ലക്ഷം മനുഷ്യജീവികളെ സ്വതന്ത്രരാക്കാതിരിക്കുമോ? ഇന്നും തടങ്ങലിൽ വെച്ചിട്ടുള്ള 4 ലക്ഷം ജപ്പാൻകാരെ പുറത്താക്കാതിരിക്കുമോ? മോസ്കോവിലെ യാചകരെക്കുറിച്ചു കുമാരപ്പയും മറ്റും ചിലതു പറഞ്ഞപ്പോൾ ചാടിക്കുരയ്ക്കുന്ന കമ്മ്യൂണിസ്റ്റുകൾ സ്പാനീഷ് കമ്മ്യൂ. നേതാവിന്റെ ഈ പ്രസ്താവനയെക്കുറിച്ച് എന്തു പറയുന്നു? ക്രിസ്തു മോസ്കോവിലുണ്ടെങ്കിൽ ഈ സാധുപിച്ചക്കാരെ വിളിച്ചുകൊണ്ടുപോയി ക്രെംലിൻ കോട്ടയിൽ വീര്യമുള്ള വീഞ്ഞും എരിവുള്ള ബ്രാണ്ടിയും കുടിച്ചു മദോന്മത്തരായി കഴിയുന്ന സ്റ്റാലിൻപ്രഭൃതികളുടെ സുന്ദരസോഫകളിൽ കയറ്റിയിരുത്താതിരിക്കുമോ? 1951 ജൂലൈ 3-ാം തീയതി നടന്ന സ്വന്തം മകൾ ജറാലാനയുടെ രണ്ടാം കെട്ടിനു 280000 ഡോളറിന്റെ സാരിത്തരങ്ങൾ സമ്മാനിച്ച സഖാവു സ്റ്റാലിനെ നോക്കി, ലെനിൻഗ്രാഡിലും മറ്റും കീറിപ്പറിഞ്ഞ പഴന്തുണിയുടുത്തു പട്ടിണിക്കിടക്കുന്ന ആ പാവങ്ങൾക്കു വേണ്ടി ക്രിസ്തു ഉഗ്രശാസനം മുഴക്കാതിരിക്കുമോ? സഖാവു സമാധാനം പറയട്ടെ.

നിരീശ്വരവാദികളായ നിങ്ങളുടെ, സന്മാർഗ്ഗബോധമില്ലാത്ത നിങ്ങളുടെ, പ്രജാധിപത്യമര്യാദകളില്ലാത്ത നിങ്ങളുടെ, വ്യക്തിസ്വാതന്ത്ര്യം ഊറ്റിക്കുടിക്കുന്ന നിങ്ങളുടെ, കുടുംബഭദ്രതയെ തുരങ്കംവെയ്ക്കുന്ന നിങ്ങളുടെ, സ്വരാജ്യത്തെ ഒറ്റിക്കൊടുക്കുന്ന നിങ്ങളുടെ, ആ കേന്ദ്രനഗരിയിൽ ക്രിസ്തുവിനുണ്ടോ ഇരിക്കപ്പൊറുതി കിട്ടുന്നു? ഏതായാലും മനുഷ്യത്വത്തെപ്രതിയെങ്കിലും തന്റെ ആ പുസ്തകത്തിന് അടുത്തപതിപ്പിൽ "അന്തിക്രിസ്തു മോസ്കോവിൽ" എന്ന സമുചിതനാമം സമ്മാനിക്കുവാൻ സ:ദാമോദരൻ സന്നദ്ധനാകുമെന്നു വിശ്വസിക്കട്ടെയോ?

കമ്മ്യൂ.വിരുദ്ധമുന്നണിയെപ്പറ്റിയും ചില ചില ആഭാസങ്ങൾ സ. ദാമോദരൻ ആ പുസ്തകത്തിൽ പറയാതിരുന്നിട്ടില്ല. ഈയിടെയായി അതാണല്ലോ അവരുടെ തൊഴിലും. ഒരു കാര്യം സ്പഷ്ടമാണ്. പ്രബുദ്ധരായ കേരളീയർ കമ്മ്യൂണിസത്തെ കടിച്ചുതുപ്പിത്തുടങ്ങി.

www.malankaralibrary.com

ക.വി. മുന്നണിയിൽ ഇന്നാട്ടിലെ ഹൈന്ദവ-മുസ്ലീം-ക്രിസ്ത്യൻ ജനത ഒന്നടങ്കം അണിനിരന്നുവരുന്നു. ഇതൊക്കെക്കാണുമ്പോൾ സഖാക്കൾ പലതും തുള്ളിക്കല്പിക്കുകയാണ്. ചന്ദ്രനുദിച്ചു പൊങ്ങുമ്പോൾ പല്ലിളിച്ചു വാലിളക്കി ചാടിക്കുരയ്ക്കുന്ന നായാട്ടുനായ്ക്കളുണ്ടോ ചന്ദനശീതളമായ സോമകിരണങ്ങളേറ്റു വിടർന്നു വിലസുന്ന ആമ്പൽപ്പൂക്കളുടെ ഗന്ധമറിയുന്നു!

## ചെകുത്താന്റെ വേദാന്തം

ഈ പതിപ്പിൽ ഇങ്ങനെയൊരദ്ധ്യായം എഴുതിച്ചേർക്കാൻ ഒരു കാരണമുണ്ട്. ഈയിടെ സ: ദാമോദരൻ തന്റെ അക്ഷുദ്രഗ്രന്ഥത്തിന് ഒരു പുതിയ പതിപ്പ് പുറത്തിറക്കിയിരിക്കുന്നു. അതിൽ 'അതേ മോസ്കോവിൽതന്നെ' എന്നൊരദ്ധ്യായം ഏവുതിപ്പിടിച്ചിട്ടുണ്ട്.

സഖാവു ദാമോദരൻ ആ അദ്ധ്യായത്തിൽ ആക്രോശിക്കുകയാണ്: "ഞാനെന്റെ പുസ്തകത്തിൽ ഉന്നയിച്ച ഒരൊറ്റവാദത്തെപ്പോലും ബ്രദർ വടക്കൻ നിഷേധിക്കുന്നില്ല."

ഹേ, സഖാവേ, ഏതു വാദത്തെയാണു ഞാൻ നിഷേധിക്കാത്തത്? വാദങ്ങളുടെ പരിധിയിൽപ്പെടുന്ന എത്രവാചകങ്ങൾ ആ പുസ്തകത്തിലുണ്ട്? എത്രവാദങ്ങൾ ഞാൻ നിഷേധിക്കാതെ ഇനിയതിൽ അവശേഷിച്ചിട്ടുണ്ട്? ഇതെല്ലാം ഒന്നു ചൂണ്ടിക്കാട്ടി തന്നാൽ കൊള്ളാം. ആ പുസ്തകത്തിലെ കുറെയധികം പേജുകളിൽ ബൈബിളിലെ ദിവ്യസൂക്തികളാണു സഖാവു പകർത്തിയെഴുതിയിട്ടുള്ളത്. ക്രിസ്ത്യാനികളുടെ വേദഗ്രന്ഥത്തിൽനിന്നു പെറുക്കിയെടുത്ത അത്തരം വാക്യങ്ങൾ ഞാൻ നിഷേധിക്കണമെന്നാണോ സഖാവിന്റെ വാദം?

സഖാക്കൾ ക്രിസ്ത്യാനികളുടെ വേദഗ്രന്ഥമെടുത്ത് അമ്മാനമാടുന്നതിനുമുൻപ് തങ്ങൾക്കുതന്നെ സ്വന്തമായുള്ള ആ വേദഗ്രന്ഥക്കെട്ടൊന്നു തീർത്തുവായിക്കണമെന്നും അതിനുശേഷം ബൈബിൾവ്യാഖ്യാന വ്യവസായം തുടങ്ങിയാൽ മതിയെന്നുമാണ് എനിക്കു പറയാനുള്ളത്.

'യേശുക്രിസ്തു മോസ്കോവിൽ' എന്ന പുസ്തകത്തിൽ സഖാവ് എടുത്തു നിരത്തിയിട്ടുള്ള വേദഗ്രന്ഥമൊഴികളെക്കുറിച്ച് ഒരഭിപ്രായവ്യത്യാസവും എനിക്കില്ല. എന്റെ അഭിപ്രായവ്യത്യാസം സഖാക്കളുടെ 'വേദഗ്രന്ഥ' ത്തിൽ കാണുന്ന ചിലചില മൊഴികളോടാണ്. ചെകുത്താൻ ബൈബിൾ വായിക്കാൻ തുടങ്ങിയപ്പോൾ "ആ പുള്ളി" ചെകുത്താനാണ് എന്നൊന്നു തുറന്നുകാണിക്കുക മാത്രമേ എന്റെ

www.malankaralibrary.com

ഈ കൊച്ചുപുസ്തകം ചെയ്തിട്ടുള്ളൂ.

നിഷേധിക്കാൻ നീട്ടിക്കാട്ടിയ സ:ദാമോദരന്റെ ചില വാചകങ്ങളൊന്നു നോക്കൂ:

"പക്ഷെ യേശുക്രിസ്തു മരിച്ചില്ല. നൂറുകണക്കിലുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ അദ്ദേഹം ഉയിർത്തെഴുന്നേറ്റു."

('യേശുക്രിസ്തു മോസ്കോവിൽ'പേജ് 5)

ഇതെഴുതുന്ന ഘട്ടത്തിൽ റഷ്യൻ വിദ്യാഭ്യാസമന്ത്രിയായിരുന്ന ഒരു കമ്മ്യു. പ്രഗല്ഭന്റെ "ക്രിസ്തുപ്രേമം" ദാമോദരൻ സ്മരിച്ചിരിക്കുമോ? "ഞങ്ങൾ ക്രിസ്തുമതത്തേയും ക്രിസ്ത്യാനികളേയും വെറുക്കുന്നു. അവരിൽ ഏറ്റവും നല്ലവൻ പോലും നമ്മുടെ ഏറ്റവും നികൃഷ്ടനായ ശത്രുവായി പരിഗണിക്കപ്പെടണം." (ലുനാട്ട് മർസ്കി) ആചാര്യന്റെയും അന്തേവാസിയുടെയും വാചകങ്ങൾ തമ്മിലുള്ള പൊരുത്തം എത്ര സമഞ്ജസമായിരിക്കുന്നു! ഏതായാലും സ:ദാമോദരന്റെ ക്രിസ്തുപ്രേമം നീണാൾ വിജയിക്കട്ടെ!!

മറ്റൊരു ദാമോദരവാക്യമാണിത്: ഗ്രീക്കുകാരനായാലും ശരി, റോമൻകാരനായാലും ശരി, യൂദനായാലും ശരി, ബാർബേറിയനായാലും ശരി, വോട്ടവകാശമില്ലാത്തവനായാലും ശരി, എല്ലാവരും സമന്മാർ; എല്ലാവരുടെ മുമ്പിലും ക്രിസ്തുവിന്റെ ആദർശങ്ങൾ ഉയർന്നു നിന്നു. (പേജ് 6)

ദാമോദരന്റ ഈ "അഭിനന്ദനം" അന്തരംഗത്തിൽ അലതല്ലിക്കൊണ്ടാകണം കമ്മ്യു.പാർട്ടിയുടെ പ്രണേതാവായ കാറൽ മാർക്സ് 'ദസ് ക്യാപ്പിറ്റൽ' എന്ന പ്രമുഖഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി വിട്ടത്. "The democratic concept of man is false, because it is christian. The democratic concept holds that.... each man is a soverign being. This is the illusion, dream and postulate of Christianity"--(Das Kepitl-I Ed,$M_E$.I, 1.p.580).

ഇതാ മലയാളം: "മനുഷ്യനെപ്പറ്റിയുള്ള ജനാധിപത്യപരമായ ബോധം തെറ്റാണ്; കാരണം, അതു ക്രിസ്തീയമാണ്, ജനാധിപത്യബോധത്തിന്റെ അടിസ്ഥാനം മനുഷ്യന്റെ പരമമായ വ്യക്തിത്വബോധമത്രേ. ഇത് ക്രിസ്തുമതത്തിന്റെ സ്വപ്നവും വ്യാമോഹവുമാകുന്നു." ബൈബിൾ തുറന്നു പിടിച്ച് ക്രിസ്തുവിനെയും ക്രിസ്തുമതതത്വങ്ങളെയും വാഴ്ത്തിപ്പുകഴ്ത്തുന്ന സ:ദാമോദരൻ 'ദാസ് ക്യാപ്പിറ്റൽ' എന്ന സ്വന്തം വേദഗ്രന്ഥത്തിലെ പ്രസ്തുത വാചകം കണ്ടിട്ടുണ്ടോ ആവോ?

'ദാസ് ക്യാപ്പിറ്റലെ' ടുത്തു 'വേദം' പ്രസംഗിക്കേണ്ട ഒരു മാർക്സിസ്റ്റ് അതിനൊന്നും മുതിരാതെ-ക്രിസ്തുമതാദർശങ്ങളെക്കു

www.malankaralibrary.com

റിച്ചു കമ്മ്യൂണിസ്റ്റു നേതാക്കൾക്കുള്ള അഭിപ്രായങ്ങളൊന്നും ഉരിയാടാതെ 'ഭഗവാൻ മാർക്സിന്റെ' മൗലികപ്രബോധനങ്ങളൊന്നും പുറത്തിറക്കാതെ ബൈബിളുങ്ങെടുത്ത് 'സുവിശേഷ വേലക്കിറങ്ങിയിരിക്കുന്ന ഇറങ്ങലുകണ്ടോ? ചെകുത്താന്റെ ഈ വേദോച്ചാരണം എത്രകാലം നാട്ടുകാർ ശ്രവിക്കും? പടുവഞ്ചകരുടെ ഈ പ്രചാരണതന്ത്രങ്ങൾ എത്രനാൾ നമ്മൾ സഹിക്കും?

എനിക്ക് ഈ ചുമപ്പൻ സഖാക്കളോടു ചുരുക്കത്തിൽ അഭ്യർത്ഥിക്കാനുള്ളത് ഇതൊന്നു മാത്രമാണ്: ക്രിസ്ത്യൻ വേദോക്തികൾ നിങ്ങൾ പ്രചരിപ്പിക്കണമെന്നില്ല. പ്രഥമത: നിങ്ങൾ ചെയ്യേണ്ടത് മാർക്സിയൻ 'വേദോക്തികൾ' മനുഷ്യരെ പഠിപ്പിക്കുകയാണ്. സഖാക്കളുടെ നാക്കിൽ നിന്നു നാട്ടുകാർ പ്രതീക്ഷിക്കുന്നതും അതാണ്. കാര്യമങ്ങു തുറന്നു പറയുക. കമ്മ്യൂണിസത്തിന്റെ കളറങ്ങു തൊലിയുരിഞ്ഞു കാണിക്കുക. കാറൽമാർക്സിന്റെ പ്രബോധനങ്ങൾ പ്രസ്പഷ്ടമായി പ്രചരിപ്പിക്കുക. എന്നിട്ടാവാം ക്രിസ്തുവിന്റെ പിന്നിൽ തൂങ്ങാൻ.

## 'സർവ്വജ്ഞനാ'യ സ: ദാമോദരൻ

സഖാവ് ദാമോദരൻ ഇക്കുറി മറ്റൊരു ദൗത്യപ്രകടനം നടത്തിക്കാണുന്നു. ആ പുതിയ അദ്ധ്യായത്തിൽ എഴുതിയിരിക്കുകയാണ്: "കമ്മ്യൂ. പാർട്ടികളുടെ ഔദ്യോഗിക രേഖകളുടെ വേഷം കെട്ടിച്ചുകൊണ്ട് അമേരിക്കൻ സാമ്രാജ്യവാദികൾ സപ്ലൈ ചെയ്ത അനേകം നുണകളും താൻ സ്വന്തമായി ചമച്ചുണ്ടാക്കിയ അസംബന്ധങ്ങളും അദ്ദേഹം എഴുന്നെള്ളിച്ചിട്ടുണ്ട്. ഉദാഹരണത്തിനു സഖാവു ലെനിനെക്കൊണ്ട് അച്ചൻ പറയിപ്പിക്കുകയാണ്: "ചതി, അനീതിപരമായ മാർഗ്ഗം, സൂത്രം, കള്ളം, സത്യംമറയ്ക്കൽ, കുതന്ത്രം ഇവയെല്ലാം നിങ്ങൾ അവസരോചിതം ഉപയോഗിക്കണം." ലെനിൻ ഒരിക്കലും പറഞ്ഞിട്ടില്ലാത്ത ഈ വാചകം എവിടെനിന്നാണെടുത്തിട്ടുള്ളതെന്ന് അച്ചൻ പറയുന്നില്ല. അഹോ! പുരപ്പുറത്തു കയറി ആത്മീയ വാദത്തെപ്പറ്റി കൊട്ടിഘോഷിക്കുന്ന അച്ചന്മാരുടെ സത്യനിഷ്ഠ!"

സഖാവേ, അനേകഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ഒരസാമാന്യവ്യക്തിയാവാം താങ്കൾ. അനേകായിരം ഗ്രന്ഥങ്ങൾ അരച്ചുകുടിച്ചിട്ടുള്ള ഒരസാധാരണ ബുദ്ധിജീവിയാവാം താങ്കൾ. എന്നു വരികിലും ഇന്നു വരെ സഖാവ് ഒരു സർവ്വജ്ഞനായിത്തീർന്നിട്ടില്ലെന്നാണു എനിക്കു പറയാനുള്ളത്. വി.എ. ലെനിൻ എഴുതിയിട്ടുള്ള "The Infantile Sickness of Leftism in Communism" എന്ന ഗ്രന്ഥം താങ്കൾ വായിച്ചിട്ടുണ്ടോ? ഉണ്ടെങ്കിസ് ഉണ്ടെന്നു പറയുക. ഇല്ലെങ്കിൽ ഇല്ലെന്നു സമ്മ

www.malankaralibrary.com

തിക്കുക. ലെനിനെക്കൊണ്ട് അച്ചൻ പറയിപ്പിച്ചതോ അതോ ലെനിൻ തന്നെ പറഞ്ഞതോ എന്നൊന്നാരായാതെ പൊടുന്നനവെ ഇങ്ങനെ തള്ളിക്കല്പിക്കാൻ തുടങ്ങിയാൽ അതൊക്കെ അല്പം പന്തികേടാണെന്നേ "സർവ്വജ്ഞനാ"യ സഖാവിനോടു ഞാൻ പറയുന്നുള്ളു.

ഏതായാലും സ:ദാമോദരൻ ഒന്നു ചെയ്തേ തീരൂ. ഞാൻ ചൂണ്ടിക്കാട്ടിത്തന്ന ആ പുസ്തകം ഒരാവർത്തി വായിക്കുക. "ലെനിൻ ഒരിക്കലും പറഞ്ഞിട്ടില്ലാത്ത ഈ വാചകം" അതിൽ കണ്ടെത്തിയാൽ ഒട്ടും അമാന്തിക്കാതെ പത്രപംക്തികളിലൂടെ പരസ്യമായി അക്കാര്യം പ്രസിദ്ധീകരിക്കുക. മര്യാദ അല്പമെങ്കിലു ശേഷിച്ചിട്ടുണ്ടെങ്കിൽ എന്റെ അഭിമാനത്തെ സ്പർശിക്കുന്ന സഖാവിന്റെ ആ പ്രസ്താവന പിൻവലിക്കുക.

അർത്ഥശൂന്യങ്ങളായ വേറെയും അസംബന്ധങ്ങൾ ആ ഒരൊറ്റ അദ്ധ്യായത്തിൽ സഖാവ് തട്ടിവിട്ടിട്ടുണ്ട്. തൊഴിലാളികളെയും കർഷകരെയും ചൂഷണം ചെയ്യുന്ന ഒരു ദുഷ്ടനായി എന്നെ ചിത്രീകരിക്കാനാണു സഖാവിന്റെ സകലശ്രമങ്ങളും. ഈ ആരോപണങ്ങൾ എത്രത്തോളം ശരിയാണെന്ന് എന്നെ പരിചയമുള്ള കർഷകരും തൊഴിലാളികളും തന്നെ വിധിച്ചുകൊള്ളും.പക്ഷെ, ഒരുകാര്യം സഖാക്കൾ ധരിക്കണം. നിരീശ്വരവാദികൾക്കുമാത്രമേ ഇന്നാട്ടിലെ കർഷകത്തൊഴിലാളികളെ സമുദ്ധരിക്കാനാകൂ എന്ന ബോധം സഖാക്കളൊന്നുപേക്ഷിക്കണം. തികച്ചും ആദ്ധ്യാത്മികാഭിനിവേശത്തോടെ പാവങ്ങളെ കരകയറ്റുവാനുള്ള കമ്മ്യൂ. വിരുദ്ധമുന്നണിപ്രവർത്തകരുടെ പരിശ്രമങ്ങൾ നൂറുശതമാനവും വിജയിച്ചുവരുന്നുവെന്നതിന്റെ ലക്ഷണങ്ങൾ ഈയിടെ നടന്ന നഗരസഭാതെരഞ്ഞെടുപ്പിൽ നിന്നെങ്കിലും സഖാക്കൾ മനസ്സിലാക്കണം. തൃശ്ശൂർ മുൻസിപ്പൽ കൗൺസിലിൽ 7 കമ്മ്യൂ.അംഗങ്ങളുണ്ടായിരുന്നത് ഇന്ന് ഒന്നായിക്കുറഞ്ഞതിന്റെ പിന്നിലുള്ള രഹസ്യമെന്താണെന്ന് സ:ദാമോദരനൊന്നന്വേഷിക്കണം. അപ്പോൾ അറിയാം ഞങ്ങളെപ്പോലുള്ളവർ നടത്തുന്ന മർദ്ദനവും ചൂഷണവും!!

"യേശുക്രിസ്തു മോസ്കോവിലോ" എന്ന എന്റെ ഈ പുസ്തകത്തിലെ ശ്രദ്ധാർഹമായ ഒരുഖണ്ഡിക ഒന്നുകൂടി ഞാനിവിടെ ഉദ്ധരിക്കുന്നു: ഇന്നാട്ടിലെ കർഷകരുടെയും തൊഴിലാളികളുടെയും സാമ്പത്തികസുസ്ഥിതിക്കും സാമൂഹ്യഭദ്രതയ്ക്കും ഈ ദാനദർമ്മങ്ങൾ ഒട്ടും മതിയാവുകയില്ലെന്നു ഞങ്ങൾക്കറിയാം. രാഷ്ട്രീയാധികാരമില്ലാത്ത ഒരു ആദ്ധ്യാത്മിക മണ്ഡലത്തിൽ നിന്നുകൊണ്ടു ഈ ദൃശങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യാനേ ആർക്കും സാധിക്കൂ. സമർത്ഥവും പുരോഗമനാത്മകവുമായ സാമ്പത്തികവീക്ഷണത്തോടു

www.malankaralibrary.com

കൂടി ഇന്നാട്ടിലെ തൊഴിലാളി പ്രശ്നത്തെയും ഭൂപ്രശ്നത്തെയു മൊക്കെ കൈകാര്യം ചെയ്യുക ജനകീയഗവേണ്മെന്റിന്റെ ചുമതല യിൽപ്പെടുന്നു. (26-ാം പേജ് കാണുക.)

എന്തിനധികം പറയുന്നു! സഖാക്കളുടെ ഒരു ചെപ്പടിവിദ്യയാ ണിത്: തൊഴിലാളികളുടെയും കർഷകരുടെയും കഷ്ടപ്പാടുകൾ എണ്ണിയെണ്ണിപ്പറഞ്ഞു കണ്ണീരൊഴുക്കുക; മർദ്ദനങ്ങളും ചൂഷണം നട ത്തുന്ന ദുഷ്ടമുതലാളികളെ മൂക്കറ്റം തെറിപറയുക; അതിനെത്തു ടർന്ന്, കമ്മ്യൂ.വിരുദ്ധമുന്നണിപ്രവർത്തകരെയെല്ലാം ആ മുരച്ച മുത ലാളികളുടെ പിന്താങ്ങികളായി 'ചന്തം ചാർത്തുക!' സ:ദാമോദരനും ഈ കുലത്തൊഴിൽ ഉപേക്ഷിച്ചിട്ടില്ല!

പക്ഷെ, ഇന്നാട്ടിലെ സാധുക്കൾ ഈ കമ്മ്യൂ.ജാടയുടെ അലകും പിടിയും കണ്ടുകഴിഞ്ഞിരിക്കുന്നു. ഈ പിത്തലാട്ടത്തിൽ പെടുന്ന ആ പഴകാലമെല്ലാം അവരിൽ നിന്നു പമ്പകടന്നിരിക്കുന്നു. നിരീശ്വ രക്കോമരങ്ങളുടെ അരുളപ്പാടുകളും അംഗവിക്ഷേപങ്ങളും ഞൊടി യിടകൊണ്ടു ഗ്രഹിക്കത്തക്കവണ്ണം ഒരു പുതിയ പ്രകാശവും പ്രബു ദ്ധതയും കേരളത്തിലെ കർഷകത്തൊഴിലാളികൾക്കു കരഗതമായി രിക്കുന്നു. അക്കാര്യം ദാമോദരൻ അറിഞ്ഞില്ല;അതാണാശ്ചര്യകരം!

'യേശുക്രിസ്തു മോസ്കോവിൽ' എന്നു മുക്രയിടുവാൻ സ:ദാമോദരനെ പ്രേരിപ്പിച്ച ആ മോസ്കോ പ്രണയത്തിന്റെ അടിയൊ ഴുക്കും ആക്കത്തൂക്കവും നമ്മുടെ നാട്ടിലെ ഓരോ സാധുകൃഷീവ ലനും പാവപ്പെട്ട തൊഴിലാളിയും ഹൃദിസ്ഥമാക്കിത്തുടങ്ങിയെന്ന് ഇനി യെങ്കിലും കമ്മ്യൂണിസ്റ്റുകൾ മനസ്സിലാക്കണം.

"....ക്രിസ്തീയ തൊഴിലാളികളെ നിരീശ്വരത്വത്തിലേക്കു മനസ്സു തിരിയ്ക്കുവാൻ പച്ചനിരീശ്വരപ്രസംഗങ്ങളെക്കാൾ ആയിരം മടങ്ങു ഫലപ്രദമായിട്ടുള്ളത് വർഗ്ഗസമരമാണ്."

"Religion" By Lenin.

സഖാക്കളുടെ സാക്ഷാൽ 'ആചാര്യത്തിടമ്പു' ചെയ്ത ഈ ആഹ്വാനം അക്ഷരശഃ അനുസരിച്ചുകൊണ്ടു 'സാഹിത്യസേവനം' ചെയ്യുന്ന സ:ദാമോദരൻ "അതേ മോസ്കോവിൽതന്നെ" എന്ന് ഉദ്ഗീ രണം ചെയ്യുമ്പോൾ, അതോടൊപ്പം "അന്തിക്രിസ്തു, അന്തി ക്രിസ്തു" എന്ന ഒരനുസ്വരം ഈ മലനാട്ടിൽ മാറ്റൊലികൊള്ളുന്നു ണ്ട്. പിന്നെ ഞാനെന്തിന് പരിഭവിക്കണം? പരിഭ്രമിക്കണം?

Permissu Superiorum

www.malankaralibrary.com

# 3

# വടക്കനെച്ചന്റെ നുണകൾ

പ്രമുഖ സാഹിത്യകാരനായ പി. ശ്രീധരൻ എഴുതിയ ഏതാനും ഉപന്യാസങ്ങൾ ഉൾപ്പെടുത്തി 'അടുത്തും അകന്നും' എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ ഒരു ലേഖനത്തിന്റെ തലക്കെട്ടാണ് 'വടക്കനെച്ചന്റെ നുണകൾ' എന്നത്. വടക്കനെച്ചൻ 'യേശുക്രിസ്തു മോസ്കോവിലോ' എന്ന ഗ്രന്ഥത്തിൽ എഴുതിയിരുന്ന കാര്യങ്ങൾ ശരിയായിരുന്നുവെന്ന് ആ ലേഖനത്തിൽ സമർത്ഥിച്ചിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് ബാലസംഘത്തിൽപ്പെട്ട പി. ശ്രീധരൻ ഉൾപ്പെടെ ഏതാനും കുട്ടികൾ - പത്തിനും പതിനഞ്ചിനുമിടയ്ക്കുള്ള ഏതാനും പിള്ളേർ - കരാഞ്ചിറ പള്ളിമുറ്റത്തുചേർന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ യോഗത്തിൽ പോയ കാര്യമാണ് അതിൽ വിവരിച്ചിരിക്കുന്നത്. ആ യോഗത്തിൽ ബ്രദർ വടക്കന്റെ പ്രസംഗമുണ്ടായിരുന്നു. പ്രസംഗം കേൾക്കുവാനും സാധിക്കുമെങ്കിൽ യോഗത്തിലൊന്ന് കൂവാനുമാണ് അവർ പോയത്.

അച്ചന്റെ പ്രസംഗം മുഴുവനും റഷ്യയ്ക്കും അവിടുത്തെ ഭരണാധികാരിയായ സ്റ്റാലിനും എതിരായിട്ടായിരുന്നു. ലോകത്തെമ്പാടുമുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ആശയകേന്ദ്രമായി അവർ കരുതിയിരുന്ന റഷ്യയേയും സ്റ്റാലിനേയും തള്ളിപ്പറഞ്ഞ്, കമ്മ്യൂണിസത്തിന്റെ അരക്കില്ലത്തിന് കൊള്ളിവയ്ക്കുന്ന പ്രസംഗം കേട്ടപ്പോൾ, പി. ശ്രീധരനുൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് ബാലസംഘത്തിലെ കുട്ടികൾക്ക് ആ യോഗം കൂവി കലക്കണമെന്ന് തോന്നി. പക്ഷെ അതിനുള്ള ധൈര്യം ഉണ്ടായില്ല. കാരണം അവിടെ കൂടിയിരുന്നവർ എല്ലാം വടക്കനച്ചന്റെ ആരാധകരായിരുന്നു. യൂറോപ്പിനെ ഒരു ഭൂതം നായാടിക്കൊണ്ടിരിക്കുകയാണെന്നും ആ ഭൂതം റഷ്യയേയും കിഴക്കൻ യൂറോപ്പിനേയും ചൈനയേയും നായാടിക്കഴിഞ്ഞിരിക്കുകയാണെന്നും ആ ഭൂതത്തെ ഇങ്ങോട്ട് കടത്താൻ അനുവദിക്കരുതെന്നും അഥവാ കടന്നാൽ അറബിക്കടലിൽ താഴ്ത്തണമെന്നുമാണ് അച്ചൻ ആവേശപൂർവ്വം പ്രസംഗിച്ചത്. അതിനായി ശ്രമിക്കുമെന്ന് ആ യോഗത്തിൽ സന്നിഹിതരായിരുന്ന ആളുകൾ സത്യപ്രതിജ്ഞ ചെയ്തു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും സി.ഐ.എ.യുടെയും ഇന്ത്യൻ ബൂർഷ്വാസിയുടെയും ഏജന്റായ വടക്കനെച്ചന് മൂർദ്ദാബാദ് വിളിച്ച് അവർ സ്ഥലംവിട്ടു.

www.malankaralibrary.com

അച്ചന്റെ പല പ്രസംഗങ്ങളും കേട്ടതായും അച്ചന്റെ ലേഖനങ്ങളും ലഘുലേഖകളും തൊഴിലാളിപത്രത്തിന്റെ മുഖപ്രസംഗങ്ങളും വായിച്ചതായും പി. ശ്രീധരൻ എഴുതിയിട്ടുണ്ട്. അവയൊക്കെ കേട്ടും കേൾക്കാതെയും വായിച്ചും വായിക്കാതെയും അച്ചനെതിരെ കേരളമാകെ പടർന്നുകയറിയ പടയണിക്ക് അവർ വിജയം ആശംസിച്ചുവെന്നും പറയുന്നു. 'വടക്കനച്ചന്റെ നുണകൾ' എന്ന ലേഖനത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു "ഈ അച്ചൻ നുണ പറയുന്നവനാണ് ഞങ്ങൾ നടന്നു പറഞ്ഞു. അച്ചന്റെ റഷ്യൻ വിരോധ പ്രസംഗങ്ങളും ലേഖനങ്ങളും അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നു. ആയിടയ്ക്കാണ് ആചാര്യനായ സഖാവ് കെ. ദാമോദരന്റെ 'യേശുക്രിസ്തു മോസ്കോവിൽ' എന്നൊരു ലഘുലേഖ ഇറങ്ങുന്നത്. യേശു വിഭാവന ചെയ്ത അവശകോടികളുടെ സ്വർഗ്ഗരാജ്യം അവിടെയാണെന്നും ഉള്ളവനും ഇല്ലാത്തവനുമില്ലാത്ത - മാനുഷരെല്ലാരുമൊന്നുപോലെയായ - പുണ്യഭൂമിയാണിതെന്നും ദാമോദരൻ എഴുതി. പടിഞ്ഞാറൻ സാമ്രാജ്യവാദികളുടെ ചൂഷണത്തിന് അറുതി വരുത്തിയ പുണ്യഭൂമി. എല്ലാം കണക്കുകൾ ഉദ്ധരിച്ചുകൊണ്ട്. സോവിയറ്റ് യൂണിയൻ സന്ദർശിച്ച് സാക്ഷ്യപത്രം നൽകിയ ലോകനേതാക്കളുടെയും ബുദ്ധിജീവികളുടെയും വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്."

"ഞങ്ങൾക്ക് ആശ്വാസമായി പള്ളിപ്പടയേയും പിന്തിരിപ്പന്മാരെയും നേരിടാനുള്ള ആയുധം ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ആ ആയുധവുമായി ഞങ്ങൾ ആയോധനം നടത്തി. വടക്കനച്ചന്റെ വായടഞ്ഞില്ല. അത് കൂടുതൽ കൂടുതൽ റഷ്യാവിരോധത്തിന്റെ തീ വമിച്ചു. യേശുക്രിസ്തു മോസ്കോവിലോ?"

ദാമോദരന്റെ ലഘുലേഖയേക്കാൾ നാലഞ്ചു പേജ് കൂടുതലുള്ള ഒരു കൃതി. അത് ഒരു ബോംബായിരുന്നു. ഒരുപക്ഷേ, ഇന്ത്യൻ ഭാഷകളിലൊന്നിലും അമ്മട്ടൊരു ടൈംബോംബ് പൊട്ടിക്കാണില്ല. റഷ്യൻ പറുദീസ, 'ഘോരസിംഹവ്യാഘ്രസൂകരസൈരിഭ'ങ്ങൾ മനുഷ്യാത്മാക്കളെ കടിച്ചുകീറുന്ന ഭീകരവനാന്തരമാണെന്നും ആ നരമേധത്തിന്റെ മുഴുവൻ നായകൻ സ്റ്റാലിനാണെന്നും കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുതന്നെ വടക്കൻ വിവരിക്കുന്നു. ഇനി പറയാനൊന്നും ബാക്കിയില്ല. ചോര വാർന്നൊലിക്കുന്ന കത്തിയുമായി നിൽക്കുന്നൊരു കശാപ്പുകാരനായി സ്റ്റാലിൻ മുന്നിൽത്തെളിഞ്ഞു. റഷ്യയിലെ കൂട്ടക്കൊലകൾ മാത്രമല്ല, ഹംഗറിയിലും പോളണ്ടിലും റുമാനിയായിലും എല്ലാം നടന്ന കൊലകൾ അച്ചന്റെ പുസ്തകത്തിലുണ്ട്. കത്തനാരച്ചന്മാരെയും കന്യാസ്ത്രീകളേയും ചുട്ടുകൊന്നതും മറ്റുമറ്റുമായ മതമർദ്ദനത്തിന്റെയും പീഡനത്തിന്റെയും കഥകൾ. ഒരു 'ഹൊറർ ത്രില്ലർ'

www.malankaralibrary.com

വായിക്കുന്ന പ്രതീതി. പക്ഷേ ഞങ്ങൾ വിശ്വസിച്ചില്ല.

അച്ചൻ നുണ പറയുന്നവനാണെന്ന് വീണ്ടും വീണ്ടും ഞങ്ങൾ നടന്നുപറഞ്ഞു. വീണ്ടും സഖാവ് ദാമോദരന്റെ പുസ്തകമിറങ്ങി – അതേ, 'യേശുക്രിസ്തു മോസ്കോവിൽത്തന്നെ'. അച്ചൻ പറഞ്ഞത് മുഴുവൻ നുണയാണെന്ന് ദാമോദരൻ സ്ഥാപിച്ചു. ഞങ്ങൾക്കു വീണ്ടും ആശ്വാസമായി. എങ്കിലും ഒരു മഹാരാജ്യവും അതിന്റെ നായകനും ഞങ്ങളുടെ മനസ്സിൽ എന്തെല്ലാമോ അസ്വസ്ഥതകളുണ്ടാക്കി.

അച്ചന്റെ നുണപ്രചരണവും ആക്രോശങ്ങളുംഫലിച്ചില്ല. അച്ചൻ ഭയപ്പെടുകയും ജനത്തെ ഭയപ്പെടുത്തുകയും ചെയ്ത കമ്മ്യൂണിസ്റ്റ് ഭൂതം കേരളത്തിൽ അധികാരത്തിലേറി. വാരിക്കുന്ത വിപ്ലവം നടത്തി അധികാരം പിടിച്ചെടുത്തതല്ല; പാർലമെന്ററി ഡിമോക്രസിയിലൂടെ, വോട്ടുപെട്ടിയിലൂടെ ജനഹിതം നേടി അധികാരത്തിലേറിയതാണ്. അച്ചനും കൂട്ടർക്കും ഇരിക്കപ്പൊറുതിയില്ലാതായി. അപ്പോഴേയ്ക്കും അച്ചനും രൂപപരിണാമം വന്നുകഴിഞ്ഞിരുന്നു. ബ്രദർ പോയി ഫാദറായി. ഇ.എം.എസ്.ന്റെ മന്ത്രിസഭയെ താഴെയിറക്കാൻ നടന്ന വിമോചനസമരത്തിലെ യഥാർത്ഥനായകൻ വടക്കനച്ചനായിരുന്നു. അനേകം നായകന്മാരുള്ള ഒരു അബ്സേർഡ് നാടകമായിരുന്നല്ലോ അത്. വിമോചനത്തിൽ വടക്കൻ ജയിച്ചതും തോറ്റതും ഒപ്പമായിരുന്നു. താനൊരു മഹാപാപത്തിന് കൂട്ടുനിന്നുവെന്ന് പിന്നീടദ്ദേഹത്തിന് തോന്നിയിട്ടുണ്ട്. മിതമായി ഒന്നും വശമില്ലാത്ത വടക്കൻ എവിടേയും കൂലംകുത്തിയൊഴുകുന്ന പ്രവാഹമായിരുന്നു; കമ്മ്യൂണിസത്തിനും റഷ്യയ്ക്കും സ്റ്റാലിനുമൊക്കെ എതിരായി പ്രസംഗിച്ച അതേ വീറിലും വാശിയിലും പള്ളിക്കെതിരായും വർഗ്ഗീയശക്തികൾക്കെതിരായും വടക്കൻ ആളിക്കത്തി. ആ അഗ്നിജ്ജ്വാലയിൽ സ്വയം കുറെ കത്തിയെരിഞ്ഞു.

അതൊന്നും ഇവിടെ പ്രസക്തമല്ല. പ്രസക്തമായത് അച്ചന്റെ റഷ്യാവിരോധവും സ്റ്റാലിൻവിരോധവുമാണ്. അച്ചൻ അന്ന് പറഞ്ഞ 'നുണ'കളത്രയും സത്യമാണെന്ന് പിന്നീട് കുറേശ്ശെക്കുറേശ്ശെ തെളിഞ്ഞുകൊണ്ടിരുന്നു. ക്രൂഷ്ചേവ് ആ സത്യത്തിന്റെ മുഖംമൂടി അല്പം തുറന്ന് ലോകത്തിന് കാണിച്ചുകൊടുത്തു. പക്ഷേ, കൂഷ്ചേവ് ജയിച്ചില്ല. സത്യമങ്ങനെ തുറന്നുപറയാനുള്ളതല്ലെന്ന് ക്രെംലിനിലെ പുതിയ കോമരങ്ങളുടെ വെളിപാടുണ്ടായി.

'യേശുക്രിസ്തു മോസ്കോ'വിലെന്ന ലഘുലേഖയെഴുതിയ ദാമോദരനെ അദ്ദേഹത്തിന്റെ അന്ത്യകാലത്ത് കാണാനും സംസാരിക്കാനും ഈ ലേഖകനു ഭാഗ്യമുണ്ടായി. അദ്ദേഹം പറഞ്ഞു "എന്റെ

www.malankaralibrary.com

ഏറ്റവും വിലയ ദുഃഖങ്ങളിലൊന്ന് കഥയറിയാതെ ആട്ടം കണ്ടതാണ്. വടക്കനച്ചൻ പറഞ്ഞത് മുഴുവൻ സത്യമാണ്. അപൂർണ്ണമായ സത്യം. സത്യങ്ങളിനിയും എത്രയോ പുറത്തുവരാനിരിക്കുന്നു."

ഇത് പറഞ്ഞ ദാമോദരൻ കമ്മ്യൂണിസ്റ്റ് വിരുദ്ധനായിരുന്നില്ല; ഉറച്ച കമ്മ്യൂണിസ്റ്റ് തന്നെയായിരുന്നു. എന്നിട്ടും അദ്ദേഹം പലതും തുറന്നെഴുതി. അന്ന് ഗോർബചേവ് എന്ന പ്രതിഭാസം ക്രെംലിന്റെ വിദൂരപ്രാന്തങ്ങളിൽപ്പോലും പ്രത്യക്ഷപ്പെട്ടിരുന്നില്ല. ഇന്നിതാ, വടക്കനച്ചൻ പറഞ്ഞതും പറയാൻ വിട്ടുപോയതുമായ സത്യങ്ങൾ ഗോർബചേവ് പറയുന്നു, പറഞ്ഞുകൊണ്ടിരിക്കുന്നു. തീർന്നിട്ടില്ല. പ്രവദയും ഇസ്‌വെസ്റ്റിയയും ന്യൂടൈംസും മോസ്കോ ന്യൂസും വടക്കനച്ചൻ പറഞ്ഞതുതന്നെ പറയുന്നു.

മിനിഞ്ഞാന്ന് വടക്കനച്ചൻ എന്നോട് പറഞ്ഞു "കമ്മ്യൂണിസത്തിന്റെ പൂർണ്ണശത്രുവല്ല. ലോകത്തിന് കിട്ടിയ മികച്ച മാനവസ്നേഹപ്രചോദിതമായ പ്രത്യയശാസ്ത്രങ്ങളിലൊന്നാണത്. തൊഴിലാളിവർഗ്ഗത്തിന്റെ ആശ്രയമാണതെന്നതിൽ പക്ഷാന്തരമില്ല. റഷ്യയിൽ അത് മുളച്ചതും വേരോടിയതും സഹജീവികളുടെ ചോരയിലാണ്. കുരുതിക്കളത്തിലാണ്. ആ കുരുതിയെയാണ് ഞാൻ എതിർത്തത്. ഇന്ന് ഗോർബചേവ് എതിർത്തുകൊണ്ടിരിക്കുന്നതും ആ കുരുതിയെയാണ്. ആ മനുഷ്യൻ ഇന്ന് ഭൂമണ്ഡലത്തിന്റെ മുഴുവൻ പ്രത്യാശയും സ്വപ്നവുമായി മാറിയിരിക്കുന്നു. എത്ര ആഹ്ലാദകരമായ മാറ്റം! ലോകചരിത്രംതന്നെ മാറ്റിക്കുറിച്ചേക്കാവുന്നൊരു മാറ്റമാണത്."

www.malankaralibrary.com

# 4

# ചൈനീസ് സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ

## - സി. അച്യുതമേനോന്റെ ലേഖനം -

1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് ധനകാര്യമന്ത്രിയായിരുന്ന സ. അച്യുതമേനോൻ കുറേനാൾ കഴിഞ്ഞപ്പോൾ ആഭ്യന്തരമന്ത്രി സ്ഥാനവും ഏറ്റെടുത്തു. കടുത്ത നിലപാടുകാരനായിരുന്നു അച്യുതമേനോൻ. വിമോചനസമരം ശക്തിയാർജ്ജിച്ചപ്പോൾ പലരും വിട്ടുവീഴ്ചയ്ക്ക് തയ്യാറായി. പക്ഷെ അച്യുതമേനോന്റെ കടുത്ത നിലപാട് രാജ്യത്തെ പ്രതിസന്ധിയിലേയ്ക്ക് നയിച്ചുവെന്ന അഭിപ്രായമുള്ളവരായിരുന്നു പലരും. വിമോചനസമരകാലത്ത് നടന്ന വെടിവയ്പ്പുകൾക്കും 15-ൽപ്പരം ആളുകളുടെ രക്തസാക്ഷിത്വത്തിനും വഴിയൊരുക്കിയത് അച്യുതമേനോനായിരുന്നു. വിമോചനസമരകാലത്ത് വിളിച്ച മുദ്രാവാക്യങ്ങളിൽ ഒന്ന് 'അച്യുതമേനോൻ അറുകൊലമേനോൻ' എന്നായിരുന്നു. വിമോചനസമരകാലത്ത് ഏറ്റം ക്രൂരനായ മന്ത്രിയെന്ന് അച്യുതമേനോനെ വിശേഷിപ്പിച്ചു.

രാഷ്ട്രീയരംഗത്ത് പല മാറ്റംമറിച്ചിലുകളും സംഭവിക്കുക സാധാരണമാണ്. 1967-ലെ മന്ത്രിസഭ നിലംപതിച്ചപ്പോൾ അന്ന് എം.പി.യായിരുന്ന അച്യുതമേനോനെ ക്ഷണിച്ചുവരുത്തി മുഖ്യമന്ത്രിയാക്കി. ഇന്നലെ നടന്ന എല്ലാ സംഭവങ്ങളും വിസ്മരിച്ച് അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ പാടിപ്പുകഴ്ത്തുവാൻ പത്രങ്ങളും രാഷ്ട്രീയനേതാക്കളും തയ്യാറായി. അങ്കമാലിയിലും ചെറിയതുറയിലും വെട്ടുകാട്ടിലും പുല്ലുവിളയിലും അച്യുതമേനോന്റെ പോലീസ് നടത്തിയ വെടിവയ്പ്പിൽ വീരചരമമടഞ്ഞ 15 പേരുടെ ബന്ധുക്കൾ ഈ വാർത്തകൾ കേട്ട് അമ്പരന്നിട്ടുണ്ടാകണം. ഇന്ത്യയിൽ നടന്ന നക്സൽ വിപ്ലവത്തെ പിന്താങ്ങിയ ഏക പാർട്ടി സി.പി.ഐ. ആയിരുന്നുവെന്നുള്ള വസ്തുതയും നാം മനഃപൂർവ്വം വിസ്മരിച്ചു.

അഭിപ്രായങ്ങളും വിശ്വാസങ്ങളും മാറിവരിക സ്വാഭാവികമാണ്. ആ മാറ്റംമറിച്ചിൽ അച്യുതമേനോന്റെ ജീവിതത്തിലും നമുക്ക് കാണുവാൻ സാധിക്കും. 1967-ലെ മന്ത്രിസഭയെ പൊളിക്കാൻ മുൻനിന്ന്

www.malankaralibrary.com

പ്രവർത്തിച്ചത് സി.പി.ഐ. ആയിരുന്നല്ലോ. ആരോഗ്യമന്ത്രി ശ്രീ. ബി. വെല്ലിംഗ്ടനെതിരെ അഴിമതിയാരോപണം ഉന്നയിച്ചാണല്ലോ സി.പി. ഐ. വിമതനീക്കം നടത്തിയത്. അതേപ്പറ്റി പിന്നീട് വടക്കനച്ചൻ നടത്തിയ സമൂഹവിവാഹത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണികയിൽ അച്യുതമേനോൻ എഴുതിയത് "വെല്ലിംഗ്ടണും കെ.ടി.പി.യും മാർക്സിസ്റ്റ് പാർട്ടിയോട് കാണിച്ച അമിതവിധേയത്വമാണ് വെല്ലിംഗ്ടണെതിരായി അഴിമതിയാരോപണം ഉന്നയിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ച"തെന്നാണ്. സത്യം തുറന്നുപറയാൻ അദ്ദേഹം മടികാണിച്ചില്ലെന്നത് നല്ല ലക്ഷണമാണ്. 1989 സെപ്റ്റംബർ 10-ാം തീയതിയിലെ കലാകൗമുദിയിൽ അച്യുതമേനോൻ എഴുതിയ 'ചൈനീസ് സംഭവവികാസങ്ങൾ എന്തുകൊണ്ട്?' എന്ന നീണ്ട ലേഖനത്തിൽ കുറേക്കൂടി സത്യം തുറന്നുപറഞ്ഞിട്ടുണ്ട്.

## മുതലാളിത്തത്തിനുള്ള മേന്മ

സഖാവ് അച്യുതമേനോൻ ലേഖനം തുടങ്ങുന്നതിങ്ങനെയാണ്: കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെല്ലാം ഇന്ന് ജനാധിപത്യ പ്രക്രിയയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ പ്രക്രിയയ്ക്കെതിരെ മുഖം തിരിഞ്ഞു നിൽക്കുകയോ, മാറിനിൽക്കുകയോ ആണ് ചൈന ചെയ്യുന്നത്. ഇതാണ് ബീജിങ്ങിൽ ജൂൺ 3-4 തീയതികളിലുണ്ടായ സംഭവവികാസങ്ങൾക്ക് കാരണമെന്ന് എനിക്ക് തോന്നുന്നു.

ഈ ജനാധിപത്യപ്രക്രിയയെ എല്ലാ കമ്മ്യൂണിസ്റ്റ്കാരും ഒരുപോലെ സ്വാഗതം ചെയ്യുന്നില്ല. കുറെ പഴയ കമ്മ്യൂണിസ്റ്റുകാർ അവരുടെ യാഥാസ്ഥിതിക നിലപാടുകളിൽ നിന്ന് മാറാൻ തയ്യാറല്ല. സോവിയറ്റ് യൂണിയനിലും പോളണ്ടിലും ഹംഗറിയിലുമൊക്കെ നടക്കുന്ന ജനാധിപത്യവൽക്കരണം, ബൂർഷ്വാ ജനാധിപത്യത്തിലേയ്ക്ക് അവയെ വലിച്ചുകൊണ്ടുപോകുകയാണെന്നും അത് സോഷ്യലിസത്തിന്റെ അന്ത്യം കുറിക്കുമെന്നും അവർ കരുതുന്നു.

സമൂഹത്തിന്റെ പരിണാമം ഫ്യൂഡൽ വ്യവസ്ഥയിൽനിന്ന് മുതലാളിത്തത്തിലേയ്ക്കാണ്. എന്തെല്ലാം കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും മുതലാളിത്തം ഫ്യൂഡലിസത്തേക്കാൾ മെച്ചമാണെന്ന് ഏത് കമ്മ്യൂണിസ്റ്റ്കാരനും സമ്മതിക്കും. അതുകൊണ്ടാണല്ലോ ഫ്യൂഡൽ വ്യവസ്ഥയെ തകർത്തു ഫ്രാൻസിൽ മുതലാളിത്ത വ്യവസ്ഥ സൃഷ്ടിച്ച ഫ്രഞ്ചുവിപ്ലവത്തെ നാം മഹത്തായ ഒരു വിപ്ലവമായി ഇന്നും കണക്കാക്കുന്നത്. ഫ്യൂഡലിസത്തിൽനിന്നും മുതലാളിത്തത്തിനുള്ള ഒരു മേന്മ, മുതലാളിത്തം ഏതാനും ജനാധിപത്യ മൂല്യങ്ങൾക്ക് അഥവാ പൗരാവകാശങ്ങൾക്ക് സ്ഥാനം നൽകുന്നു എന്നുള്ളതാണ്.

www.malankaralibrary.com

എന്തൊക്കെയാണ് ഈ പൗരാവകാശങ്ങൾ? മൊത്തത്തിൽ അവ താഴെ പറയുന്നവയാണ്.

1. ഏത് മതത്തിൽ വിശ്വസിക്കുന്നതിനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കുന്നതിനും പൗരന് സ്വാതന്ത്ര്യമുണ്ട്.

2. രാഷ്ട്രീയമായും സാമൂഹികമായും ഏതഭിപ്രായം വച്ചുപുലർത്താനും അത് പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം അയാൾക്കുണ്ട്. അഭിപ്രായപ്രകടനം വാങ്മൂലമായിട്ടാകാം, അതായത് പ്രസംഗങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും അതുപോലെതന്നെ എഴുത്തിലൂടെയും. അതായത് സ്വന്തം അഭിപ്രായം പത്രങ്ങളിലെഴുതാനും അതിനായി പത്രങ്ങൾ തുടങ്ങാനും നടത്താനുമുള്ള സ്വാതന്ത്ര്യം.

3. സമാധാനപരമായി സംഘടിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം.

4. സ്വതന്ത്രനായി ജീവിക്കാനുള്ള അവകാശം. എന്നുവച്ചാൽ നിയമാനുസൃതമല്ലാത്ത അറസ്റ്റിൽനിന്നും തടങ്കലിൽനിന്നുമുള്ള മോചനം.

5. നിയമാനുസൃതമായ എന്തു തൊഴിലും ചെയ്തു ജീവിക്കാനുള്ള അവകാശം.

ഈ വക അവകാശങ്ങളൊന്നും ഒരു പൗരന് വേണ്ടാ എന്ന് ഏത് കമ്മ്യൂണിസ്റ്റുകാരനാണ് പറയുക? ആരും പറയുമെന്ന് തോന്നുന്നില്ല. എന്നാൽ കമ്മ്യൂണിസ്റ്റുകാരുടെ ആക്ഷേപം ബൂർഷ്വാ ജനാധിപത്യസ്വാതന്ത്ര്യങ്ങൾ പൂർണ്ണമല്ലെന്നാണ്. മുതലാളിത്ത ഭരണഘടനകളിൽ അവ എഴുതിച്ചേർത്തിട്ടുണ്ടായിരിക്കാം. എന്നാൽ യഥാർത്ഥത്തിൽ എല്ലാ പൗരന്മാർക്കും അത് ജീവിതത്തിൽ അനുഭവപ്പെടുന്നില്ല എന്നാണവർ പറയുന്നത്. അത് ശരിയല്ലേ?

നാമിപ്പോൾ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ജനാധിപത്യസ്വാതന്ത്ര്യമുണ്ടെന്ന് പറയുന്നു. എന്നാൽ വാസ്തവത്തിൽ ഉണ്ടോ? നിത്യവൃത്തിക്കുവേണ്ടിത്തന്നെ പകലിരവ് പണിയെടുക്കുന്ന ഒരു ദരിദ്രന് എവിടെ അഭിപ്രായപ്രകടന സ്വാതന്ത്ര്യം. അഞ്ച് കൊല്ലത്തിലൊരിക്കൽ പോളിംഗ് ബൂത്തിലേയ്ക്ക് പോകുമ്പോൾ മാത്രമല്ലാതെ. അവന് തന്റെ ആശയങ്ങൾ ഒരു പത്രത്തിലൂടെ പ്രകാശിപ്പിക്കാൻ കഴിയില്ല. കാരണം, പത്രങ്ങളെല്ലാം ഇന്ന് വൻകിടമുതലാളിമാരുടെ കൈകളിലാണ്. ഓരോ പത്രം നടത്തുന്നതിനും കോടിക്കണക്കിന് രൂപാ മുതലിറക്കേണ്ടിവരുന്നു. അങ്ങനെ ഇറക്കാൻ കഴിയുന്നവർ പത്രങ്ങൾ തുടങ്ങുന്നു. അവർക്കിഷ്ടമുള്ള ആശയങ്ങൾ മാത്രം പ്രചരിപ്പി

www.malankaralibrary.com

ക്കുന്നു. ഇഷ്ടമില്ലാത്തവയ്ക്ക് പ്രകാശനാനുവാദമില്ല.

ഇത്രയും പറഞ്ഞതിൽനിന്ന് മുൻചൊന്ന പൗരാവകാശങ്ങൾ വേണ്ടെന്നാണോ അർത്ഥം? അല്ല. ഒരു ബൂർഷ്വാ വ്യവസ്ഥയിൽ പ്രസ്തുത അവകാശങ്ങൾ ഒരിക്കലും പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുകയില്ല എന്നു മാത്രമാണ്. സാക്ഷാത്ക്കരിക്കണമെങ്കിൽ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ നിലവിൽ വരണം. ഉല്പാദനോപകരണങ്ങൾ അപ്പോൾ പൊതുഉടമയിൽ വരുന്നു. കുത്തകമുതലാളിമാർക്കോ, കോടീശ്വരന്മാർക്കോ അപ്പോൾ ജനങ്ങളുടെ പേരിൽ സംസാരിക്കാൻ ഒക്കുകയില്ല. വാർത്താപ്രചാരണമാധ്യമങ്ങളും പൊതുഉടമയിൽ വരുന്നു. എല്ലാ പൗരന്മാർക്കും അത്തരം മാധ്യമങ്ങളിലൂടെ തങ്ങളുടെ അഭിപ്രായങ്ങൾക്ക് പ്രകാശനം നൽകാൻ അവസരം ലഭിക്കുന്നു.

## സ. ദാമോദരന്റെ ദുഃഖകഥ

സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെപ്പറ്റി ഉണ്ടായിരുന്ന ഒരു സങ്കല്പമാണ് മുകളിൽ പറഞ്ഞത്. എന്നാൽ അത് ഇന്നേവരെയും പ്രാവർത്തികമായിട്ടില്ല. സോവിയറ്റ് യൂണിയനിലെ പ്രാവ്ദ, ഇസ്വെസ്റ്റിയ മുതലായ പത്രങ്ങളും മറ്റനേകം പ്രസിദ്ധീകരണങ്ങളും ഗവൺമെന്റ് വകയായിരുന്നു. അങ്ങനെ താത്വികമായി അവ ജനങ്ങളുടെയായിരുന്നു. എന്നാൽ അനുഭവത്തിലോ? അങ്ങനെയല്ല താനും. കാരണം, പ്രാവ്ദ എഴുതുന്ന ഒരു മുഖപ്രസംഗത്തിലെ അഭിപ്രായങ്ങളോട് വിയോജിക്കുന്ന ഒരു സോവിയറ്റ് പൗരൻ തന്റെ ഒരു വിയോജനക്കുറിപ്പ് പ്രാവ്ദയ്ക്കയച്ചാൽ പ്രസിദ്ധീകരിക്കുമായിരുന്നോ? ഇല്ല എന്ന് മൂന്നുതരം. പരേതനായ സ. കെ. ദാമോദരനുണ്ടായ ഒരനുഭവം പറയാം. അദ്ദേഹം 1970-കളിൽ ഒരിക്കൽ ചികിത്സയ്ക്കും അല്പം വിശ്രമത്തിനുമായി സോവിയറ്റ് യൂണിയനിൽ പോയി. ആശുപത്രിയിൽ കിടക്കുമ്പോൾ ഒരു ദിവസം രാവിലെ കിട്ടിയ പ്രാവ്ദ എടുത്തു നിവർത്തി വായിച്ചുനോക്കിയപ്പോൾ (അദ്ദേഹത്തിന് റഷ്യൻ ഭാഷ അറിയാമായിരുന്നു) അതിൽ ഇന്ത്യയിലെ സ്ഥിതിഗതികളെക്കുറിച്ച് തെറ്റായ രീതിയിൽ ചിത്രീകരിച്ചിരുന്ന ഒരു ലേഖനം കാണുവാനിടയായി. ഉടൻതന്നെ ദാമോദരൻ കിടക്കയിലിരുന്നുകൊണ്ട് അതിന് ഒരു വിയോജനക്കുറിപ്പ് എഴുതി പ്രാവ്ദയ്ക്ക് അയച്ചുകൊടുത്തു. പത്രം അത് പ്രസിദ്ധീകരിച്ചില്ല. അതിനുപകരം പ്രാവ്ദ പത്രാധിപസമിതി അയച്ച രണ്ട് റഷ്യൻ സഖാക്കൾ ആശുപത്രിയിലെത്തി ദാമോദരനെ സന്ദർശിച്ചു. പ്രാവ്ദാ ലേഖനം എങ്ങനെ ശരിയായിരുന്നുവെന്നും, ദാമോദരന്റെ കുറിപ്പ് എങ്ങനെ തെറ്റായിരുന്നുവെന്നും അവർ വിശദീകരിക്കാൻ തുടങ്ങി. ദാമോദരന് കണക്കില്ലാതെ ശുണ്ഠി വന്നു. "അതിനെപ്പറ്റി

www.malankaralibrary.com

യൊക്കെ നമുക്ക് പിന്നീട് ചർച്ച ചെയ്യാം. ആദ്യം നിങ്ങൾ പ്രാവ്ദ യിൽ എന്റെ കുറിപ്പ് പ്രസിദ്ധപ്പെടുത്തൂ" എന്ന് പറഞ്ഞ് അവരെ മട ക്കിയയച്ചു. കുറിപ്പ് പ്രാവ്ദ പ്രസിദ്ധീകരിച്ചില്ല. ഈ സംഭവം ദാമോദ രൻ തന്റെ മരണത്തിനുമുമ്പ് അവസാനമായി നൽകിയ ഒരു പ്രസ് ഇന്റർവ്യൂവിൽ പറഞ്ഞ കാര്യമാണ്. സോവിയറ്റ് പൗരന്മാരുടെയും അനുഭവം സ. ദാമോദരന്റേതിൽനിന്ന് ഭിന്നമായിരുന്നിരിക്കാനിടയില്ല. സോവിയറ്റ് യൂണിയനിലെ ഔദ്യോഗികജിഹ്വകളിലൂടെ പുറത്തുവ ന്നിരുന്ന അഭിപ്രായങ്ങൾ അവിടെയെല്ലാം അടക്കിഭരിച്ചിരുന്ന സോവി യറ്റ് ബ്യൂറോക്രസിയുടെതായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടേത് എന്നുപോലും പറയാൻ നിവൃത്തിയില്ല.

ഈ സ്ഥിതിവിശേഷം തുടരാൻ സാധ്യമല്ലെന്നു സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ബോദ്ധ്യമായി. അതാണ് പാർട്ടി യുടെ 27-ാം കോൺഗ്രസ് മിഹായൽ ഗൊർബച്ചേവിന്റെ പെരി സ്ട്രോയ്ക്കും ഗ്ലാസ്നോസ്റ്റും ആവേശപൂർവ്വം അംഗീകരിച്ചത്. അത നുസരിച്ചുള്ള മാറ്റങ്ങൾ എല്ലാ രംഗത്തുമുണ്ടായി. ഒരു പുതിയ സുപ്രീം സോവിയറ്റ് തിരഞ്ഞെടുക്കപ്പെട്ടു. പണ്ടത്തെ മാതിരി ഓരോ നിയോ ജകമണ്ഡലത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ നേതൃനിരയിൽനിന്ന് ഓരോരുത്തരെ മാത്രം നിർത്തിയുള്ള തെരഞ്ഞെടുപ്പിലൂടെയല്ല. ഒന്നി ലധികം സ്ഥാനാർത്ഥികളുടെ ഇടയിൽനിന്ന് വോട്ടർമാർ തങ്ങൾക്കി ഷ്ടമുള്ളവരെ തെരഞ്ഞെടുക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റ് ബ്യൂറോ ക്രസിയിലെ കൊലകൊമ്പന്മാരെല്ലാം മൂക്കുകുത്തി നിലംപതിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി നീക്കിവച്ചിരുന്ന 100 നിയോജകമണ്ഡ ലങ്ങളിൽപ്പോലും ഭൂരിപക്ഷം മണ്ഡലങ്ങളിൽ പാർട്ടി പ്രമുഖർക്ക് ജയി ക്കാൻ കഴിഞ്ഞില്ല. കാരണം സ്ഥാനാർത്ഥി ഒന്നേയുള്ളൂവെങ്കിലും അയാൾക്ക് ആകെ വോട്ടർമാരുടെ 50 ശതമാനത്തിലധികം പേരുടെ വോട്ട് കിട്ടിയില്ലെങ്കിൽ ഒരു സ്ഥാനാർത്ഥി ജയിക്കുകയില്ല. അങ്ങനെ പാർട്ടി ബ്യൂറോക്രസിയിലെ എത്രയെത്ര ഉന്നതസ്ഥാനീയർ ലജ്ജാ കരമായി തോറ്റു തുന്നം പാടി. ആ നിയോജകമണ്ഡലങ്ങളിലെല്ലാം വീണ്ടും തിരഞ്ഞെടുപ്പ് നടത്തേണ്ടിവന്നു. പോളണ്ടിലും ഹംഗറിയി ലുമുണ്ടായ അനുഭവങ്ങൾ ഇതു തന്നെ ഞാൻ വിസ്തരിക്കുന്നില്ല.

### പാർലമെന്റ് സമ്മേളനം

പുതിയ സോവിയറ്റ് പാർലമെന്റിന്റെ ആദ്യത്തെ സമ്മേളനം ഇതാ ഇപ്പോൾ സമാപിച്ചതെയുള്ളു. പക്ഷേ പഴയസുപ്രീംസോവി യറ്റ് സമ്മേളനവും ഈ സമ്മേളനവുമായി എന്തുവ്യത്യാസം! അന്ന് വാർഷിക ബജറ്റ് പാസ്സാക്കാനും, വാർഷിക പ്ലാൻ അടങ്കൽ അംഗീക

www.malankaralibrary.com

രിക്കാനും, മറ്റ് അത്യാവശ്യമായ നിയമനിർമ്മാണങ്ങൾക്കും എല്ലാം കൂടി കേവലം മൂന്നോ നാലോ ദിവസത്തെ സമ്മേളനം അതും പരമ രഹസ്യമായി. ഇന്നത്തെ സമ്മേളനമാകട്ടെ 40 ദിവസം നീണ്ടു നിന്നു. മാത്രവുമല്ല സഭയ്ക്കകത്തെ വാദപ്രദിപാദങ്ങൾ മുഴുവൻ ടെലിവൈസ് ചെയ്തു രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചു.

## സത്യം ഉയർത്തെഴുന്നേൽക്കും

ഇതിൽ നിന്ന് കമ്മ്യൂണിസ്റ്റുകാർ, പ്രത്യേകിച്ചും പഴയ കൂട്ടർ ഒരു പാഠം പഠിക്കേണ്ടിയിരിക്കുന്നു. സത്യം എല്ലാ കാലത്തേക്കും മൂടിവയ്ക്കാൻ കഴിയില്ല. **സോവിയറ്റ് യൂണിയനെപ്പറ്റി എന്തെല്ലാം നുണകളാണ് നമ്മളെ പറഞ്ഞു. ധരിപ്പിച്ചിരിക്കുന്നത്. അന്നും നമ്മുടെ സുഹൃത്തുക്കളായ പല കമ്മ്യൂണിസ്റ്റിതരരും നമ്മോടു പറഞ്ഞു, സംഗതികൾ നിങ്ങൾ വിചാരിക്കുന്നപോലെയല്ല സോവിയറ്റ് യുണിയനിൽ നടക്കുന്നത് എന്ന്. അവരിൽ ഭൂരിപക്ഷവും കമ്മ്യൂണിസത്തിന്റെ ശത്രുക്കളായിരുന്നില്ല, നേരെ മറിച്ച് ഉത്തമ സുഹൃത്തുക്കളായിരുന്നു. കമ്മ്യണിസത്തിന്റെ ലക്ഷ്യങ്ങൾ പുഷ്പിച്ചു കാണാൻ നമ്മെ പോലെ ആഗ്രഹിക്കുന്നവരായിരുന്നു. പക്ഷേ അവർ പറഞ്ഞതൊന്നും നമ്മൾ ശ്രദ്ധിച്ചില്ല. ഇപ്പോൾ, അവർ പറഞ്ഞതായിരുന്നു ശരി, നമ്മൾ ധരിച്ചുവച്ചതത്രയും നുണയായിരുന്നുവെന്നും തെളിഞ്ഞു.**

കമ്മ്യൂണിസത്തിന് ഇനി ഭാവി വേണമെങ്കിൽ, അത് ജനാധിപത്യവൽക്കരണത്തിൽ കൂടി മാത്രമേ സാധ്യമാകൂ. ഈ ലളിതമായ സത്യം ചൈനയിലെ നേതാക്കന്മാർക്ക് കാണാൻ കഴിഞ്ഞില്ല എന്നതാണ് അവരുടെ പരാജയം.

## ചൈനയിലെ മാറ്റങ്ങൾ അച്യുതമേനോൻ തുറന്നു പറയുന്നു.

ചൈനയിലെ മാറ്റങ്ങൾ അച്ചുതമേനോൻ തുറന്നുപറയുന്നു. ഇനി ചൈനയിൽ സംഭവിച്ചതെന്താണെന്നു ചിന്തിക്കാം. സാംസ്കാരികവിപ്ളവം എന്ന കാളരാത്രിക്കുശാഷം 1976- മുതൽ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഒരു പുതിയ നേതൃത്വം ഉണ്ടായി. നാൽവർ സംഘം എന്ന് മുദ്രകുത്തപ്പെട്ട, പാർട്ടിയുടെ അക്രമങ്ങൾക്കുത്തരവാദികളായവരെ അറസ്റ്റു ചെയ്തു ജയിലിൽ അടച്ചശേഷം ബെയ്ജിംഗിലെ ടിയാൻമ്മാൻ സ്ക്വയറിലുള്ള ശവകുടീരവും പടുകൂറ്റൻ ഛായപടവുമൊഴികെ മാവോയുടെ സ്മരണകളെല്ലാം തുടച്ചുമാറ്റി. ഡെങ്സിയാവൊപിങ് ആയിരുന്നു പുതിയ നേതാവ. 1978- ൽ നടന്ന ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 11-ാം കോൺഗ്രസിന്റെ 3-ാം പ്ളീനത്തിൽ വച്ച് അതിപ്രധാനമായ ചില തീരമാനങ്ങൾ എടുത്തു. ഈ തീരുമാ

www.malankaralibrary.com

നങ്ങൾ 12-ാം പാർട്ടി കോൺഗ്രസ് സ്ഥിരീകരിച്ചു. ഏറ്റവും പ്രധാനമായത് സാമ്പത്തിക പരിഷ്കരണവും ബാഹ്യലോകത്തിലേക്കു ചൈനയെ തുറന്നുവയ്ക്കലുമാണ്. ആഭ്യന്തരരംഗത്തുകാർഷികവും വ്യാവസായികവുമായ ഉല്പാദനവർദ്ധന വളരെ പ്രധാനപ്പെട്ട ഒരാവശ്യമായിരുന്നു. വിപ്ളവം കഴിഞ്ഞു 40 വർഷത്തിന്റെ അന്ത്യം അടുക്കാറായെങ്കിലും ചൈനയിലെ ജനങ്ങളുടെ ജീവിതനിലവാരത്തിൽ പറയത്തക്ക അഭിവൃദ്ധിയൊന്നും ഉണ്ടായിട്ടില്ലായിരുന്നു. 1987 ഒക്ടോബറിൽ നടന്ന ചൈനീസ് പാർട്ടിയുടെ 13-ാം കോൺഗ്രസിൽ ജനറൽ സെക്രട്ടറി ഷാവൊസിയാങ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നതുനോക്കുക. 100 കോടിയിലധികം വരുന്ന ജനസംഖ്യയിൽ 80 കോടിയോളം ഇന്നും ഗ്രാമങ്ങളിലാണ്. അവർ കൈകൊണ്ടു പ്രവർത്തിപ്പിക്കാവുന്ന ആയുധങ്ങളാണ് ഉപയോഗിക്കുന്നത്. ഏതാനും ആധുനിക വ്യവസായങ്ങൾ ഉണ്ടെങ്കിലും വ്യവസായങ്ങൾ അധികവും അനേകം ദശകങ്ങൾ, ചിലപ്പോൾ ഒരു നൂറുകൊല്ലംവരെ പഴക്കമുള്ള യന്ത്രമാതൃകകൾ ഉപയോഗിക്കുന്നവയാണ്. രാജ്യത്തിന്റെ ചില പ്രദേശങ്ങൾ സാമ്പത്തികമായി സാമാന്യം അഭിവൃദ്ധിപ്പെട്ടവയായുണ്ട്. എന്നാൽ മഹാഭൂരിപക്ഷം പ്രദേശവും അവികസിതവും ദാരിദ്രത്തിൽ ആണ്ടുകിടക്കുന്നവയുമാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ വളരെ ചെറിയ ഒരു അംശം ലോകത്തിലെ ഏറ്റവും ഉന്നതനിലവാരം പ്രാപിച്ചവയാകുന്നു. എന്നാൽ പൊതുവേ പറഞ്ഞാൽ ശാസ്ത്രസാങ്കേതിക നിലവാരം വളരെ താണതാണ്. ജനസംഖ്യയിൽ നാലിലൊന്നോളം തനി നിരക്ഷരരോ അല്ലെങ്കിൽ പകുതിമാത്രം സാക്ഷരതയുള്ളവരോ ആണ്. ഇത്തരത്തിലൊരു അവസ്ഥയിൽ ചൈനയെ എത്തിച്ചത് മാവൊ ഒന്നിൽ നിന്നും മറ്റൊന്നായി വീണ്ടും വീണ്ടും ആവർത്തിച്ചു ചെയ്ത തെറ്റുകളാണ്. ആദ്യകാലത്തെ മഹത്തായ കുതിച്ചുചാട്ടവും വീടുകളുടെ വടക്കേപുറത്ത് ചൂളകൾ നിർമ്മിച്ച് ഉരുക്കുലാപാദിപ്പിച്ചു സ്വയം പര്യാപ്തത നേടാൻ ശ്രമിച്ചതും നായകസ്ഥാനത്ത് രാഷ്ട്രീയം (പൊളിറ്റിക്സ് ഇൻ കമാൻഡ്) എന്ന മുദ്രാവാക്യത്തിൻ കീഴിൽ ഉൽപ്പാദനത്തിനാവശ്യമായ സാമ്പത്തിക പ്രചോദനങ്ങൾ നിഷേധിക്കുന്ന സമ്പ്രദായവും മറ്റും ആയിരുന്നു. സർവ്വോപരി സാംസ്കാരികവിപ്ളവുമായിരുന്നു ഡെങ് സിയാവോപിങ്ങിന്റെ നേതൃത്വത്തിൽ ഇതെല്ലാം അഴിച്ചുപണിയാനുള്ള ഒരു ശ്രമകരവും സാഹസികവുമായ ശ്രമമാണ് 1978 മുതൽ നടന്നത്. ആദ്യമേ തന്നെ ചൈനയിൽ സാർവ്വത്രികമായിരുന്ന കമ്മ്യൂണുകളെ അദ്ദേഹം പിരിച്ചു വിട്ടു. ഭൂമി കൃഷികാർക്കു തന്നെ തിരിച്ചു നൽകി. അവരുണ്ടാക്കുന്ന ഉല്പന്നത്തിൽ ഒരു ഭാഗം മാത്രം ഗവൺമെന്റിന് ഒരു നിശ്ചിതവിലയ്ക്കു വിറ്റാൽ മതി. ബാക്കി മുഴുവൻ തുറന്ന വിപണിയിൽ വിൽക്കാൻ അനുവാദം

www.malankaralibrary.com

നൽകി. വ്യാവസായികരംഗത്താകട്ടെ ഏതാനും വൻകിട പൊതുമേഖല സ്ഥാപനങ്ങളെ നിലനിർത്തി, ബാക്കി വലിയ തോതിൽ സ്വകാര്യവ്യവസായത്തിനു പ്രോത്സാഹനം നൽകി. വിദേശവ്യവസായികളുമായി ഇഷ്ടം പോലെ കൂട്ടുസംരംഭങ്ങൾ ചൈനയിൽ സ്ഥാപിച്ച് ഉല്പ്പാദനം നടത്താൻ അനുവദിച്ചു. ചൈനയുടെ കിഴക്കൻ കടൽത്തീരത്ത് അങ്ങനെ വലിയൊരു വ്യാവസായിക മേഖല വളർന്നു വന്നു. ഒന്നുമില്ലാതെ വെറും ശൂന്യമായി കിടന്നിരുന്ന ഗ്വാങ് ഡോങ് മുതലായ പ്രവിശ്യകൾ ഈ വ്യവസായ യുഗത്തിലേക്ക് അതിവേഗം കുതിച്ചുകയറി. പുതിയ പട്ടണങ്ങൾ ഉയർന്നുവന്നു. അംബരചുംബികളായ ബഹുനിലകെട്ടിടങ്ങളും പഞ്ചനക്ഷത്രഹോട്ടലുകളും, പഴയ സൈക്കിളിന്റെ സ്ഥാനത്ത് ഏറ്റവും ആധുനികങ്ങളായ വിദേശകാറുകളും, ഷെൽഫുകൾ നിറയെ ഉപഭോഗവസ്തുക്കൾ നിരത്തിയ കച്ചവട സ്ഥലങ്ങളുമുള്ള നഗരങ്ങൾ, ഇതെല്ലാം തീരദേശപ്രദേശത്തെ പുതിയ നഗരങ്ങളിൽ ഒതുങ്ങി നിന്നു. ഉൾഭാഗത്താകട്ടെ പഴയ ഹുനാൻ പ്രവിശ്യപോലെയുള്ളവയും അതായതു പൊതുമേഖലയിലുള്ള പഴയ ചില ഫാക്ടറികൾ മാത്രമുള്ളവ - അവയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വളരെ മന്ദഗതിയിൽ - ജനങ്ങളുടെ ജീവിതനിലവാരം വളരെ താണത്. ഇങ്ങനെ വമ്പിച്ചൊരു വ്യത്യാസം ചൈനയിൽ പ്രത്യക്ഷപ്പെട്ടു. ഒരു പഴയ ലോകത്തിനുള്ളിൽ ഒരു പുതിയ ലോകം.

## കടിഞ്ഞാൺ അയഞ്ഞപ്പോൾ

ചൈനയിലെ വിദ്യാർത്ഥി പ്രക്ഷോഭണം തുടങ്ങുന്ന മെയ്മാസത്തിനു ഏകദേശം ഒരു രണ്ടുമാസംമുമ്പ് ചൈന സന്ദർശിച്ച എന്റെ ഒരു ബഹുമാന്യസുഹൃത്ത് എന്നെ കാണാൻ വന്നിരുന്നു. കേരളത്തിലെ മലങ്കരയാക്കോബായ സഭയിലെ ഒരു മെത്രാനും ഇപ്പോൾ ഡൽഹി രൂപതയിലെ അവരുടെ അദ്ധ്യക്ഷനുമായ പൗലോസ് മാർ ഗ്രിഗോറിയാസ് ആയിരുന്നു അത്. ഗ്രിഗോറിയോസ് മാർക്സിസമടക്കം പല വിജ്ഞാനശാഖകളിലും പരിനിഷ്ഠിതമായ പാണ്ഡിത്യമുള്ളയാളാണ്. ക്രിസ്ത്യൻ സഭകളുടെ ലോകകൗൺസിലിലും, പ്രാഗ് ആസ്ഥാനമാക്കിയുള്ള ക്രിസ്തീയ സഭകളുടെ സമാധാനകൗൺസിലിലും അംഗമായിരുന്ന അദ്ദേഹം ഒരു ലോകം ചുറ്റിയാണ്. ഇടയ്ക്കിടെ പ്രാഗിലും, മോസ്കോയിലും, ബെയ്ജിങ്ങിലും ഹവാനയിലും മറ്റും പോയി തിരിച്ചുവന്നുകൊണ്ടിരുന്ന പരിചയ സമ്പന്നനായ ഒരാൾ. അദ്ദേഹം ബെയ്ജിങ്ങിൽ ഒരു സന്ദർശനം നടത്തി അപ്പോൾ മടങ്ങിയെത്തിയിട്ടെ ഉണ്ടായിരുന്നുള്ളു. ചൈനയിൽ കണ്ട അദ്ഭുതകരമായ സാമ്പത്തിക വികാസത്തെപ്പറ്റി അദ്ദേഹം എന്നോടു പറഞ്ഞു.

www.malankaralibrary.com

തീരദ്ദേശവും ഉൾനാടും തമ്മിലുള്ള വമ്പിച്ച വ്യത്യാസത്തെപ്പറ്റിയും പറഞ്ഞു. ഒടുവിൽ പോകാൻ നേരത്ത് അദ്ദേഹം ഇത്രയും പറഞ്ഞു മി, അച്യുതമേനോൻ ഞാൻ വസ്തവത്തിൽ ഭയപ്പെടുകയാണ്. ഇത്തരത്തിൽ മുന്നോട്ടു പോയാൽപിന്നെ സോഷ്യലിസത്തിൽ എന്തു ബാക്കിയുണ്ടാവും? പക്ഷേ ഡെങിനും കൂട്ടുകാർക്കും ഒരു സംശയമോ കുലുക്കമോ ഉള്ളതായി തോന്നിയില്ല. ഇതെല്ലാം ചൈനയുടെ സോഷ്യലിസ്റ്റു വ്യവസ്ഥക്കു ദഹിപ്പിച്ചു സ്വാംശീകരിക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

ചൈനയിലും റഷ്യയിലും സാമ്പത്തിക നവീകരണത്തിനായി പ്രയോഗിക്കുന്നത് ഒരേ തത്ത്വംതന്നെയാണ്. അതായത് സാമ്പത്തിക വികസനത്തിനു വ്യക്തിയുടെ ഉൽക്കർഷേഛ ഉപയോഗിക്കുക. ഒരു പരിധിവരെ മാർക്കറ്റു ഇക്കണോമിയെ, അതായത് സ്വതന്ത്ര വിപണിയെ ആശ്രയിച്ചുള്ള സാമ്പത്തികവികാസത്തെ പ്രയോജനപ്പെടുത്തുക എന്നതു തന്നെ. മാർക്സിസ്റ്റു സാമ്പത്തിക തത്വശാസ്ത്രത്തിനു വിരുദ്ധമല്ല ഇതെന്നുചൂണ്ടികാണിക്കപ്പെടുന്നു. ചരക്കുൽപ്പാദനവും വിനിമയവും മുതലാളിത്തത്തിന്റെ അവസാനത്തോടുകൂടി ഇല്ലാതാവുന്നില്ല, സോഷ്യലിസത്തിലും ചരക്കുൽപ്പാദനവും വിനിമയവും ഉണ്ട്. അതിനേ വേണ്ടും വണ്ണം ഉപയോഗപ്പടുത്തുകയേവേണ്ടു. ഗോബർച്ചേവ് വളരെ സൂക്ഷിച്ചും സാവധാനവും മാത്രമേ മാർക്കറ്റുശക്തികളെ ആശ്രയക്കുന്നുള്ളുവെങ്കിലും ഡെങ് വളരെ വൻതോതിൽ ആശ്രയിച്ചു. ചൈനയിലുണ്ടായ അദ്ഭുതകരമായ അഭിവൃദ്ധിയോടു സമാനമായ ഒന്നും സോവിയറ്റുയൂണിയനിൽ ഇതുവരെ ഉണ്ടായിട്ടില്ല.

ചൈനയിൽ ചെയ്തപോലെ കടിഞ്ഞാൺ അയച്ചു വിട്ടുകൊണ്ടുള്ള ഈ പോക്ക് അവരെ എവിടെകൊണ്ടെത്തിക്കും എവിടെയെങ്കിലും ഒരു വര വരയ്ക്കണ്ടേ എന്ന ചോദ്യം പ്രസക്തമാണ്. ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതും. എന്നാൽ ഇവിടെ ഞാൻ അതിലേക്കു പ്രവേശിക്കുന്നില്ല.

ചൈനയിൽ ഉണ്ടായപോലുള്ള സാമ്പത്തിക വികാസത്തോടുകൂടിത്തന്നെ സോഷ്യലിസവും നമ്മുക്കു നിലനിർത്താൻ കഴിയണം, കഴിയും എന്നുതന്നെയാണെന്റെ വിശ്വാസം. ബെയ്ജിങിലെ ടിയാൻമെൻ സ്ക്വയറിലെ ദശലക്ഷകണക്കിനു വിദ്യാർത്ഥികളുടെ പ്രകടനം ഒരു മുതലാളിത്തസാമ്പത്തിക വ്യവസ്ഥക്കുവേണ്ടിയുള്ളതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ വ്യാഖ്യാനിക്കുന്നത് ഒരു ദുർവ്യാഖ്യാനമാവും . അവർക്കു വേണ്ടതെന്താണെന്ന് അവരുടെ വാക്കുകളിൽത്തന്നെ അവർ പറഞ്ഞു. കൂടുതൽ അഭ

www.malankaralibrary.com

ിപ്രായപ്രകടന സ്വാതന്ത്ര്യം വേണം പത്രങ്ങളിലൂടെയും മറ്റു വിധത്തിലും. അതോടൊപ്പം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉന്നത നേതൃത്വത്തിൽ തേർവാഴ്ച നടത്തുന്ന അഴിമതികളെപ്പറ്റി അന്വേഷണം നടത്തണം. വളരെ ലളിതമായ മുദ്രാവാക്യങ്ങൾ. അതിൽ എങ്ങും ഒരു സങ്കീർണ്ണതയും ദുരൂഹതയും ഇല്ല. എളുപ്പത്തിൽ മനസ്സിലാക്കാവുന്ന മുദ്രാവാക്യങ്ങൾ.

ചിലർ ഈ പ്രകടനങ്ങളുടെ പിന്നിൽ സി.ഐ.എയുടെ ഹസ്തം കാണുന്നു. ചൈനയിലെ സോഷ്യലിസ്റ്റ് വ്യവസ്ഥയെ അട്ടിമറിക്കാനുള്ള നീക്കമായിരുന്നു ഇതെന്ന് ഉറപ്പിച്ചു പറയുന്നു. എന്താണതിനുള്ള തെളിവ്? ഒരു തെളിവുമില്ല. ചൈനീസ് അധികൃതർ അങ്ങനെ പറയുന്നു എന്നുമാത്രം. അതെങ്ങനെ ഒരു തെളിവാകും? സാധാരണഗതിയിൽ അമേരിക്കയ്ക്കു ഇങ്ങനെയൊരു താൽപര്യമുണ്ടാകാം എന്നു സമ്മതിക്കാം എന്നാൽ പ്രകടനം നടത്തിയ വിദ്യാർത്ഥികളിൽ ഒരു ചെറുവിഭാഗത്തിന് അമേരിക്കൻ മോഡൽ ജനാധിപത്യമാണ് നല്ലതെന്ന അഭിപ്രായം ഉണ്ടായിരുന്നിരിക്കാം . എന്നാൽ അതുകൊണ്ടു മാത്രം അവർ ശിക്ഷാർഹരാകുമോ? അവർ എന്തു ചെയ്തു എന്നതാണ് പ്രധാനകാര്യം. വധശിക്ഷ  വിധിച്ചകേസുകളിൽപ്പോലും വിചാരണ രഹസ്യമായിരുന്നു.  അതുകൊണ്ടു വിശദാംശങ്ങളൊന്നും ആർക്കും അറിയില്ല.

എന്നുമാത്രമല്ല, ചൈനയിൽ ഒരു അട്ടിമറി സംഘടിപ്പിക്കത്തക്കവണ്ണം ശത്രുത ഇന്ന് അമേരിക്കൻ ഭരണകൂടത്തിനു ചൈനയോടില്ല എന്നാണ് സാഹചര്യങ്ങൾ ശരിക്കു വിലയിരുത്തിയാൽ കാണാൻകഴിയുക. പ്രസിഡന്റ് നിക്സന്റെ ചൈനാ സന്ദർശനത്തിനുശേഷം (1972) ചൈനയ്ക്കും അമേരിക്കക്കും തമ്മിലുണ്ടായിരുന്ന ശത്രുതക്കു മാറ്റം വന്നുവെന്ന് അന്താരാഷ്ട്ര സംഭവവികാസങ്ങൾ ശരിക്കുപഠിച്ചിട്ടുള്ളവർക്ക് അറിയാം.  ചൈന അന്നു പ്രധാനശത്രുവായി കരുതിയിരുന്നത് സോവിയറ്റ് യൂണിയനെയായിരുന്നു.  സോവിയറ്റ് യൂണിയന്റെ വിദേശനയത്തെ 'ഹെഗിമോണിസം' (ആധിപത്യമോഹം) എന്നു പറഞ്ഞു ചൈന ആക്ഷേപിച്ചു.  അതിനെ എതിർക്കാൻ അമേരിക്കയുമായി കൂട്ടുപിടിക്കാനും തുടങ്ങി.  മാവൊയുടെ കാലത്താരംഭിച്ച ഈ നയത്തിനു ഡെങ് സിയാവൊപിങ്ങിന്റെ കാലത്തും മാറ്റമുണ്ടായില്ല.  1978മുതൽ 'നാല് ആധുനികവല്ക്കരണങ്ങൾ' ചൈന നടപ്പിലാക്കിയെന്നാണല്ലോ ഡെങ്ങിന്റെ അവകാശവാദം.  അന്നുപോലും സോവിയറ്റ് വിരുദ്ധനിലപാട് ഉപേക്ഷിച്ചില്ല. നേരെമറിച്ച് ചൈനാ അമേരിക്കാ ബന്ധങ്ങൾ കൂടുതൽ ശക്തമാവുകയാണ് ചെയ്തത്.  ചൈനയുടെ സാമ്പത്തിക പുരോഗതിക്കു അമേ

www.malankaralibrary.com

രിക്കയെ ഉപയോഗിക്കുകയാണ് ഡെങ് ചെയ്തത്. അദ്ദേഹത്തിന്റെ പുതിയ സാമ്പത്തിക നയം നടപ്പാക്കുന്നതിന് ഉന്നതസാങ്കേതികവിദ്യയും ഇച്ഛപോലെ മൂലധനമിറക്കാൻ കഴിവുമുള്ള അമേരിക്കയെ ഉപയോഗപ്പെടുത്തുകയാണ് ഡെങ് ചെയ്തത്. അമേരിക്കയിൽ നിന്നുയർന്ന സാങ്കേതിക വിദ്യ ഇറക്കുമതി ചെയ്യുന്നതിൽ ചൈന അത്യന്തം തല്പരയായിരുന്നു. അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ പഠിക്കാനായി ചൈനയിൽ നിന്നു 40,000 വിദ്യാർത്ഥികളെ ചൈന അയച്ചുവെങ്കിൽ അതിന്റെ പിന്നിൽ ഇതുമുണ്ടായിരുന്നുവെന്നോർക്കണം. വിദേശമൂലധനത്തിന്റെ സഹായത്തോടെ ചൈനയിൽ കൂട്ടുവ്യവസായ സംരംഭങ്ങൾ സ്ഥാപിച്ചപ്പോൾ അതിൽ ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് അമേരിക്കയായിരുന്നുവെന്ന് നമുക്ക് അറിയാം. ചൈനീസമേരിക്കൻ വ്യാപാരബന്ധവും വളരെയധികം പുഷ്ടിപ്പെട്ടു. ചൈനയിലെ യുവതലമുറയ്ക്കു അത്യന്തം പ്രിയങ്കരങ്ങളായ ഉപഭോഗവസ്തുക്കൾ സപ്ലൈ ചെയ്യുന്നതിൽ അമേരിക്കയ്ക്കു വളരെ സന്തോഷമായിരുന്നു. 100കോടി ജനങ്ങൾ അധിവസിക്കുന്ന ഒരു വലിയ രാജ്യത്തെ തങ്ങളുടെ മാർക്കറ്റായി ലഭിച്ചാൽ ഏതുമുതലാളിത്ത രാജ്യം സന്തോഷിക്കാതിരിക്കും? ടിയാൻമെനിലെ സംഭവവികാസങ്ങൾക്കുശേഷവും അമേരിക്ക ചൈനീസ് ബന്ധം തീരെ ഉപേക്ഷിക്കാതിരിക്കുന്നതിന്റെ രഹസ്യം ഇതാണ്. ചൈനയുമായി നയതന്ത്രബന്ധം ഉപേക്ഷിക്കണമെന്നും ചൈനയ്ക്കെതിരെ സാമ്പത്തിക ഉപരോധം (സാങ്ഷൻസ്) പ്രയോഗിക്കണമെന്നുമുള്ള ഒരുകൂട്ടം അമേരിക്കൻ കോൺഗ്രസ്സ് പ്രതിനിധികളുടെ ആവശ്യം പ്രസിഡന്റ് ബുഷ് തള്ളിക്കളഞ്ഞത് ഇക്കാരണങ്ങളാലാണ്.

ഒരുമാസത്തോളം വിദ്യാർത്ഥികൾ സ്ക്വയറിൽ പ്രകടനം നടത്തി. ആദ്യത്തെ ഏതാനും ദിവസങ്ങൾക്കുശേഷം നൂറുകണക്കിനു വിദ്യാർത്ഥികൾ നിരാഹാരവ്രതം നടത്തി. എന്നിട്ടും എന്തേ ഗവണ്മെന്റിടപെട്ടില്ല?

## അധികാരവടംവലി ഉണ്ടായോ?

പട്ടാളനിയമം പ്രഖ്യാപിക്കുകയും പട്ടാളത്തെ വിളിക്കുകയും ചെയ്തെങ്കിലും വിദ്യാർത്ഥികൾ ട്രക്കുകളും ബസ്സുകളും മറ്റും കൊണ്ടുവന്നു വിലങ്ങനെ നിരത്തിയിട്ടു സ്ക്വയറിലേക്കുള്ള പ്രവേശനമെല്ലാം കൊട്ടിയടച്ചുകഴിഞ്ഞിരുന്നതിനാൽ പട്ടാളത്തിനു സ്ക്വയറിന്റെ ഉള്ളിലോട്ടു പ്രവേശിക്കാൻ സാധിച്ചില്ല. വിദ്യാർത്ഥികളെ നേരിടാൻ അവർക്കു മടിയുണ്ടായിരുന്നുവെന്നതും വ്യക്തമാണ്. നൂറോളം പി.എൽ.എയുടെ (ജനകീയ വിവേചനസേനയുടെ) കമാണ്ടർമാർ പട്ടാ

www.malankaralibrary.com

ളത്തെ ഇടപെടുവിക്കരുതെന്നു രാഷ്ട്രീയ നേതൃത്വത്തെ എഴുതി അറിയിച്ചതായി വാർത്തയുണ്ടായിരുന്നു. സ്ക്വയറിൽ വിദ്യാർത്ഥികളും തമ്മിൽ തോളോടുതോളുരുമ്മി, "ജനങ്ങളുടെ സൈന്യം ജനങ്ങളെ വെടിവെക്കില്ല" എന്നു പറഞ്ഞതായും റിപ്പോർട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടി പത്രമടക്കമുള്ള എല്ലാ പത്രങ്ങളുടെയും പ്രവർത്തകന്മാരും കോളേജദ്ധ്യാപകന്മാരും മറ്റു ബുദ്ധിജീവികളും പൊതുവേയും വിദ്യാർത്ഥികളെ പിൻതാങ്ങിയെന്ന റിപ്പോർട്ടുകളും ഉണ്ടായിരുന്നു. ഇതെല്ലാം കാണിക്കുന്നത് വിദ്യാർത്ഥി പ്രക്ഷോഭം വലിയൊരു ബഹുജന മുന്നേറ്റമായിരുന്നു എന്നാണ്. ഏതാനും പേരുടെ ഗൂഢാലോചനയൊന്നുമല്ല എന്നാകുന്നു.

എന്തുകൊണ്ട് രണ്ടുമൂന്നാഴ്ചക്കാലം പ്രകടനം നടന്നിട്ടും പാർട്ടി നേതൃത്വമോ ഗവണ്മെന്റു പ്രതിനിധികളോ അവരോടു കൂടിയാലോചിക്കാൻ മുന്നോട്ടുവന്നില്ല? ഇപ്പോൾ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഷാവോ സിയാങ് മാത്രമാണ് അതിന് ശ്രമിച്ചത്. അദ്ദേഹം തന്നെ അവരോട് ഏറ്റുപറഞ്ഞതായിട്ടാണ് റിപ്പോർട്ട്: "ഞങ്ങൾ വൈകിപ്പോയി കുട്ടികളെ" എന്ന്. അതിനുതന്നെ അദ്ദേഹത്തെ പോളിറ്റ് ബ്യൂറോയിൽ നിന്നും ഇപ്പോൾ പാർട്ടിയിൽ നിന്നുതന്നെയും പുറത്താക്കിയിരിക്കുന്നു. തങ്ങൾ ചൈനയിലെ സോഷ്യലിസ്റ്റ് വ്യവസ്ഥക്കെതിരല്ലെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരല്ലെന്നും വിദ്യാർത്ഥികൾ പറഞ്ഞതായി റിപ്പോർട്ടുണ്ടായിരുന്നു.

അങ്ങനെ സമാധാനപരമായി ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ സാധിക്കാമായിരുന്ന ഇത്രവമ്പിച്ച ഒരു പ്രക്ഷോഭത്തെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്തുകയാണ് ചൈനീസ് നേതൃത്വം ചെയ്തത്. ചരിത്രം അവർക്ക് മാപ്പു നല്കുകയില്ല.

ഗവണ്മെന്റിന്റെയും പാർട്ടി നേതൃത്വത്തിന്റെയും ആദ്യത്തെ അറച്ചുനില്പ് പാർട്ടിയിലെ ആഭ്യന്തര അധികാരസമരത്തിന്റെ ഫലമായിരുന്നില്ലേ എന്നും ശങ്കിക്കണം. പരിഷ്കരണവാദികളായ ഷാവോ സിയാങ്ങിനെയും ക്വീലിയെയും പോളിറ്റ് ബ്യൂറോയിൽ നിന്നും പുറത്താക്കി പാർട്ടിയന്ത്രം മുഴുവൻ തങ്ങളുടെ കൈപ്പിടിയിൽ പുതുക്കാൻ ലീപെങ്ങും മറ്റും നടത്തിയ ഒരുഗൂഡാലോചന അല്ലേ അവരുടെ വെറുങ്ങലിച്ച നില്പിനു പിറകെയുള്ളതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ഊഹം ശരിയാണെങ്കിൽ നേതാക്കന്മാർ തമ്മിലുണ്ടായിരുന്ന അധികാരവടംവലിക്കു നിർദ്ദോഷികളായ വിദ്യാർത്ഥികൾ ബലിയാടുകളാവുകയല്ലേ ചെയ്തതെന്നും ചിന്തിക്കാൻ ന്യായമുണ്ട്.

www.malankaralibrary.com

# 5

# ഉപസംഹാരം

ഫാ വടക്കന്റെ ലേഖനങ്ങളെയും ഗ്രന്ഥങ്ങളെയും വിമർശിക്കുകയും അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ കല്ലെറിഞ്ഞ് തടസ്സപ്പെടുത്തുകയും ചെയ്ത കമ്മ്യുണിസ്റ്റുകൾ പി. ശ്രീധരന്റെയും സഖാവ് അച്യുതമേനോന്റെയും വാക്കുകൾ ശ്രദ്ധിക്കട്ടെ. ബ്രദർ വടക്കൻ രചിച്ച യേശുക്രിസ്തു മോസ്കോവിലോ? എന്ന ഗ്രന്ഥത്തിൽ റഷ്യയെപ്പറ്റിയും മറ്റിതര കമ്മ്യൂണിസ്റ്റു രാജ്യങ്ങളെപ്പറ്റിയും എഴുതിയിരുന്നത് മുഴുവൻ ശരിയായിരുന്നുവെന്ന് പി. ശ്രീധരനു സ.അച്യുതമേനോനും പരസ്യമായി സമ്മതിച്ചിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ അഭിപ്രായസ്വാതന്ത്ര്യമില്ല, പത്രപ്രവർത്തന സ്വാതന്ത്ര്യമില്ല, സംഘടനാസ്വാതന്ത്ര്യമില്ല എന്ന് വടക്കൻ പറഞ്ഞപ്പോൾ കലിതുള്ളിയവർ സത്യം ഗ്രഹിച്ച് നയങ്ങളിൽ മാറ്റം വരുത്തട്ടെ, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുക, വർഗ്ഗസമരം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ കേരളം ഭരിക്കുന്ന ഇടതുപക്ഷഗവണ്മെന്റ് ഈ രാജ്യത്തെ കഴിഞ്ഞകാല റഷ്യയോ ചൈനയോ ആക്കാനാണ് ശ്രമിക്കുന്നത്. കഴിഞ്ഞ തലമുറയെ പലരും തെറ്റിദ്ധരിപ്പിച്ചു. ഇപ്പോൾ അവർക്ക് സത്യം ഗ്രഹിക്കാൻ വഴി തുറന്നിരിക്കുന്നു. ഈ സത്യം കേരളത്തിലെ ഭരണകർത്താക്കൾ മനസ്സിലാക്കട്ടെ.

ഇന്ത്യയിലെ വിശിഷ്യാ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ച രാജ്യങ്ങളിൽ എന്തുസംഭവിച്ചുവെന്ന് മനസ്സിലാക്കാൻ ശ്രമിക്കണം. ആഗോളതലത്തിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം തകർന്നടിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ വസ്തുത മനസ്സിലാക്കാതെയാണ് ഇവിടുത്തെ കമ്മ്യൂണിസ്റ്റുകളുടെ പ്രവർത്തനം. ഈശ്വരവിശ്വാസത്തെ ഭാരതത്തിൽ നിന്നും ഒരിക്കലും നീക്കം ചെയ്യുവാൻ ആർക്കും സാധ്യമല്ല. തങ്ങളുടെ ചിന്താശക്തിയോട് ഒത്തു പ്രവർത്തിക്കാത്തവരെ അക്രമംകൊണ്ടും ഭീഷണികൊണ്ടും വരുതിയിലാക്കാമെന്ന പ്രതീക്ഷ അസ്ഥാനത്താണ്. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ഇടതുപക്ഷഗവണ്മെന്റിന് എന്തുനേടാനായി? വിദ്യാഭ്യാസരംഗം താറുമാറാക്കിയെന്നതാണ് സർക്കാരിന്റെ നേട്ടം. പാഠപുസ്തകങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുത്തിനിറച്ചും വിദ്യാലയങ്ങളെ കലാപകേന്ദ്രങ്ങളാക്കി മാറ്റിയും രാജ്യത്തെ അരാജകത്വത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികൾ

www.malankaralibrary.com

അച്യുതമേനോന്റെയും കമ്മ്യൂണിസ്റ്റ് താത്വികനായ കെ. ദാമോദരന്റെയും വാക്കുകൾ ശ്രദ്ധാപൂർവ്വം വായിക്കുക തന്നെ വേണം. ശാശ്വതമായ ശാന്തിയും സമാധാനവും നിലനിർത്തുവാൻ, അക്രമരാഷ്ട്രീയം ഉപേക്ഷിക്കാൻ തയ്യാറാകണം. ഡി.വൈ.എഫ്.ഐ., സി.ഐ.ടി.യു. തുടങ്ങിയ മാർക്സിസ് പോഷക സംഘടനകളെ നിയമം കൈയിലെടുക്കാൻ അനുവദിക്കരുത്.

ക്രൈസ്തവരുടെ നേരേയുള്ള പീഡനം അവസാനിപ്പിക്കണം. അവർക്ക് കുതിരകയറാനുള്ള ഒരു സമൂഹമല്ല ക്രൈസ്തവർ. ഒരു കന്യാസ്ത്രീ ആത്മഹത്യ ചെയ്തപ്പോൾ അവിടെയെത്തി രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിച്ച മാർക്സിസ്റ്റ് മന്ത്രിമാരും നേതാക്കളും ഏകജാലകത്തിന്റെ രക്തസാക്ഷി അശ്വതി എന്ന പെൺകുട്ടിയെ കാണാൻ പോലും തയ്യാറായില്ല എന്നത് ഇന്നാട്ടിലെ ജനാധിപത്യ ചിന്തകന്മാരെ വേദനിപ്പിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# യേശുക്രിസ്തു മോസ്കോവിലോ?
## (ഒരു ചരിത്രപഠനം)



ജോൺ കച്ചിറമറ്റം

ബ്രദർ വടക്കൻ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി രൂപീകരിച്ചുകൊണ്ട് കേരളം മുഴുൻ പ്രസംഗം നടത്തിക്കൊണ്ടിരുന്ന കാലം. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ മനുഷ്യാവകാശ ധ്വംസനങ്ങളെപ്പറ്റിയും കമ്മ്യൂണിസ്റ്റ് നേതാക്കളുടെ ഭീകരഭരണത്തെപ്പറ്റിയും ആയിരുന്നു. കമ്മ്യൂണിസ്റ്റ് വിരോധം ചൊരിയുന്ന പ്രസംഗങ്ങളും ലേഖനങ്ങളും കമ്മ്യൂണിസ്റ്റുകളെ വിറളിപിടിപ്പിച്ചു. ആയിടക്കാണ് കമ്മ്യൂണിസ്റ്റ് താത്വികനായ സ. കെ. ദാമോദരൻ യേശുക്രിസ്തു മോസ്ക്കോവിൽ എന്ന ഒരു ചെറുഗ്രന്ഥം പ്രസിദ്ധീകരിച്ചത്. യേശു വിഭാവനം ചെയ്ത അവശകോടികളുടെ സ്വർഗ്ഗം റഷ്യയാണെന്ന് അദ്ദേഹം നിരവധി ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ച് സ്ഥാപിക്കാൻ ശ്രമിച്ചു. ബ്രദർ വടക്കൻ അതിനൊരു മറുപടി എഴുതി. യേശുക്രിസ്തു മോസ്കോവിലോ എന്നായിരുന്നു ആ മറുപടി ഗ്രന്ഥത്തിന്റെ പേര്. സഖാവിന്റെ വാദമുഖങ്ങളെ മുഴുവൻ ഖണ്ഡിച്ചുകൊണ്ട് തയ്യാറാക്കിയ ആ ഗ്രന്ഥത്തിന്റെ ഇരുപത്തിയെണ്ണായിരം കോപ്പികൾ വിറ്റഴിഞ്ഞു. സ. ദാമോദരൻ അതിനു മറുപടിയെഴുതി. യേശുക്രിസ്തു മോസ്കോവിൽ തന്നെയെന്നായിരുന്നു ആ ഗ്രന്ഥത്തിന്റെ പേര്.

സ. കെ. ദാമോദരൻ തന്റെ അന്ത്യകാലത്ത് പറഞ്ഞു : "എന്റെ ഏറ്റം വലിയ ദു:ഖങ്ങളിലൊന്ന് കഥയറിയാതെ ആട്ടം കണ്ടതാണ്. വടക്കനച്ചൻ പറഞ്ഞത് മുഴുവൻ സത്യമാണ്. അപൂർണ്ണമായ സത്യം. സത്യങ്ങളിനിയും പുറത്തുവരാനിരിക്കുന്നു."

കേരള മുഖ്യമന്ത്രിയായിരുന്ന സഖാവ് അച്യുതമേനോനും അതേ അഭിപ്രായം തന്നെ പുറത്തുവിട്ടു. റഷ്യയെപ്പറ്റി നമ്മെ പറഞ്ഞുപഠിപ്പിച്ചത് എല്ലാം തെറ്റായിരുന്നു. നമ്മുടെ സുഹൃത്തുക്കൾ നമ്മോട് അക്കാര്യം പറഞ്ഞപ്പോൾ നാം വിശ്വസിച്ചില്ല.

ബ്രദർ വടക്കന്റെ ക്രാന്തദർശിത്വം ഇപ്പോഴാണ് കമ്മ്യൂണിസ്റ്റുകൾക്ക മനസ്സിലായിതുടങ്ങിയത്. വടക്കനച്ചൻ പറഞ്ഞതെല്ലാം സത്യമാണെന്ന് കമ്മ്യൂണിസ്റ്റ് താത്വിക ആചാര്യന്മാർ വരെ സമ്മതിച്ചിരിക്കുന്നു. അതൊന്ന് ഉരക്കെപ്പറയുവാനാണ് ഈ ഗ്രന്ഥം.

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 655, കോട്ടയം

Cover : Joseph Francis ,Pala

www.malankaralibrary.com